# മലയാളസിനിമയുടെ ജൈവരാഷ്ട്രീയം

**കേരള സർവ്വകലാശാലയിൽ ബി. എ. ബിരുദപഠനത്തിന്റെ ഭാഗമായി സമർപ്പിക്കുന്ന പ്രബന്ധം**

**സമർപ്പിക്കുന്നവർ**


| | |
|---|---|
| അനന്തു അജി | 11520101004 |
| അഞ്ജിത എം | 11520101007 |
| ആതിര. എസ് | 11520101012 |
| ധന്യ. വി ലക്ഷ്മി | 11520101016 |
| ഹരിത കൃഷ്ണൻ ജി. എസ് | 11520101019 |
| ജീന ജയൻ | 11520101022 |
| ലക്ഷ്മി. ബി | 11520101028 |
| രശ്മി സുരേഷ് | 11520101032 |
| ശീതൾ വി | 11520101036 |


Subject code : ML 1645

Examination code : 11518603


**ബിഷപ്പ് മൂർ കോളജ്**

**മാവേലിക്കര**

**(കേരള സർവ്വകലാശാല)**

**2023**

# പ്രസ്താവന

ബിഷപ്പ് മൂർ കോളജ് മലയാളവിഭാഗം ആറാംസെമസ്റ്റർ വിദ്യാർത്ഥികളായ അനന്തു അജി, അഞ്ജിത എം, ആതിര. എസ്, ധന്യ. വി ലക്ഷ്മി, ഹരിത കൃഷ്ണൻ ജി. എസ്, ജീന ജയൻ, ലക്ഷ്മി. ബി, രശ്മി സുരേഷ്, ശീതൾ വി എന്നിവർ സമർപ്പിക്കുന്ന ഈ പ്രബന്ധം ഏതെങ്കിലും സർവ്വകലാശാലയുടെയോ തത്തുല്യമായ സ്ഥാപനത്തിന്റെയോ ബിരുദത്തിന് അടിസ്ഥാനമാക്കിയിട്ടില്ല എന്നു പ്രസ്താവിക്കുന്നു.

അനന്തു അജി

അഞ്ജിത എം

ആതിര. എസ്

ധന്യ. വി ലക്ഷ്മി

ഹരിത കൃഷ്ണൻ ജി. എസ്

ജീന ജയൻ

ലക്ഷ്മി. ബി

രശ്മി സുരേഷ്

ശീതൾ വി

# മലയാളവിഭാഗം

## ബിഷപ്പ് മൂർ കോളജ്
## മാവേലിക്കര

## സാക്ഷ്യപത്രം

കേരള സർവകലാശാല ബി. എ. ബിരുദപഠനത്തിന്റെ പൂർത്തീകരണത്തിനായി സമർപ്പിക്കുന്ന '**മലയാളസിനിമയുടെ ജൈവരാഷ്ട്രീയം**' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഈ പ്രബന്ധം കോളജിലെ ആറാംസെമസ്റ്റർ ബി. എ. മലയാളം ഡിഗ്രി പ്രോഗ്രാം വിദ്യാർത്ഥികളായ അനന്തു അജി (11520101004), അഞ്ജിത എം (11520101007), ആതിര. എസ് (11520101012), ധന്യ. വി ലക്ഷ്മി (11520101016), ഹരിത കൃഷ്ണൻ ജി. എസ് (11520101019), ജീന ജയൻ (11520101022), ലക്ഷ്മി. ബി (11520101028), രശ്മി സുരേഷ് (11520101032), ശീതൾ വി (11520101036) എന്നിവർ നടത്തിയ മൗലികപഠനത്തിന്റെ രേഖയാണെന്നു സാക്ഷ്യപ്പെടുത്തുന്നു.

ഡോ. സജിനി ഡീനാ മാത്യു
മലയാളവിഭാഗം മേധാവി
മലയാളവിഭാഗം
ബിഷപ്പ് മൂർ കോളജ്
മാവേലിക്കര.

ഡോ. സുധ മേരി തോമസ്
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
ബിഷപ്പ് മൂർ കോളജ്
മാവേലിക്കര.

# ഉള്ളടക്കം


| | പേജ് നമ്പർ |
|---|---|
| ആമുഖം | 1 |
| അധ്യായം I : പരിസ്ഥിതിപഠനം | 3 |
| I. ക. പരിസ്ഥിതിപഠനം നിർവചനം | 3 |
| ഖ. പരിസ്ഥിതിപഠനത്തിന്റെ ചരിത്രം | 6 |
| ഗ. പരിസ്ഥിതിവിമർശനം | 7 |
| ഘ. പരിസ്ഥിതിവാദത്തിന്റെ തത്വസംഹിതകൾ | 8 |
| ഘ. ക. ഗഹനപരിസ്ഥിതിവാദം (Deep Ecology) | 8 |
| ഘ. ഖ. സാമൂഹികപരിസ്ഥിതിവാദം (Social Ecology) | 9 |
| ഘ. ഗ. പാരിസ്ഥിതിക മാർക്സിസം (Eco-Marxism) | 10 |
| ഘ. ഘ. പാരിസ്ഥിതിക സ്ത്രീവാദം (Eco-feminism) | 11 |
| ങ. പരിസ്ഥിതിയും മലയാളസാഹിത്യവും | 11 |
| ച. പൂർവപഠനങ്ങൾ | 13 |
| ച. ക. സാഹിത്യവും പരിസ്ഥിതിപഠനവും | 13 |
| ച. ഖ. പരിസ്ഥിതിസിനിമാപഠനങ്ങൾ | 13 |
| ഛ. ജൈവരാഷ്ട്രീയത്തിന്റെ 'പച്ച'രാഷ്ട്രീയം | 14 |
| അധ്യായം II: മലയാളസിനിമയുടെ ജൈവരാഷ്ട്രീയം | 17 |
| II. ക. പേരറിയാത്തവർ | 17 |
| ഖ. ഒറ്റാൽ | 24 |
| ഗ. വലിയ ചിറകുള്ള പക്ഷികൾ | 28 |
| ഘ. ജലമർമ്മരം | 31 |
| ഉപസംഹാരം | 38 |
| അനുബന്ധം : ഡോ. ബിജുവുമായി വിദ്യാർത്ഥികൾ നടത്തിയ അഭിമുഖം | 42 |
| ഗ്രന്ഥസൂചി/ലേഖനസൂചി | 53 |

# ആമുഖം

'പ്രകൃതി' എന്ന സൂചകത്തിന്റെ നവീനമായ സാമൂഹിക-രാഷ്ട്രീയ വിവക്ഷകളാണ് സംസ്കാരപഠനത്തിന്റെ പശ്ചാത്തലത്തിൽ പ്രസക്തമാകുന്നത്. 'പ്രകൃതിസംരക്ഷണം' എന്നൊരു അരാഷ്ട്രീയസങ്കല്പമാണ് ആദ്യം പ്രചാരം നേടിയത്. പ്രകൃതി നിലനില്പിന്റെ അനാദിയായ രംഗവേദിയാണ് എന്നു തിരിച്ചറിയുന്ന ജീവദ്ദർശനമാണു വേണ്ടത്. മനുഷ്യനു വന്നുചേർന്ന സാംസ്കാരികച്യുതികളാണ് പ്രകൃതിനാശത്തിനു കാരണമെന്നും സാംസ്കാരികമായ തിരുത്തലുകൾകൊണ്ട് അഥവാ സദാചാരപുനരേകീകരണം കൊണ്ടു വേണം അതിനെ നേരിടേണ്ടത് എന്നുമാണ് പരിസ്ഥിതിവാദികളുടെ സമീപനം. പ്രകൃതിയെ ചൂഷണം ചെയ്യുകയും അടിമകളാക്കുകയും ചെയ്യുന്ന മുതലാളിത്തവ്യവസ്ഥിതിയാണ് ഇന്നത്തെ പ്രതിസന്ധിക്കു കാരണമെന്ന മാർക്സിയൻ സമീപനം കൂടുതൽ നിരീക്ഷണത്തിനു വിധേയമാകുന്നുണ്ട്.

## പഠനപ്രസക്തി

കൊച്ചിയിലെ ജനത ഒരു ഗ്യാസ് ചേമ്പറിൽ അകപ്പെട്ടതിനു തുല്യമായ അവസ്ഥയെ നേരിടുകയാണിന്ന്. മാർച്ചുമാസം 2-ാം തീയതി കൊച്ചിയിലെ ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റിൽ ഉണ്ടായ വൻ തീപിടിത്തത്തെയും അതിനെത്തുടർന്നു കൊച്ചി നിവാസികൾ നേരിടേണ്ടിവന്ന കടുത്ത മലിനീകരണ-ആരോഗ്യ പ്രശ്നങ്ങളെയും മുൻനിർത്തി ഇത്തരം പഠനങ്ങളെ നിരീക്ഷിക്കേണ്ടതുണ്ട്.

ഇത്തരത്തിൽ സങ്കീർണവും ഭീഷണവുമായ ഒരു പരിസ്ഥിതിപ്രശ്നം കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നു എന്നതുതന്നെ ഈ പഠനത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു. മനുഷ്യനിൽ ജൈവരാഷ്ട്രീയബോധം രൂപപ്പെടുത്താൻ സിദ്ധാന്തങ്ങളിലൂടെ മാത്രം സാധിക്കില്ല. പരിസ്ഥിതിയുടേതെന്നല്ല ഏതു വിധത്തിലുള്ള ആശയവും ജനതയിലേക്കെത്തിക്കാൻ ശാസ്ത്രത്തിനു സാഹിത്യത്തിന്റെയും കലയുടെയും സഹായം തേടേണ്ടതുണ്ട്. എഴുത്തിനെക്കാളുപരി ദൃശ്യത്തിനു കാഴ്ചക്കാരെ സ്വാധീനിക്കാൻ സാധിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ജനകീയകലകൾക്കു പ്രത്യേകിച്ച് ചലച്ചിത്രങ്ങൾക്ക് ജൈവരാഷ്ട്രീയത്തിന്റെ ദർശനങ്ങളെ ഏറ്റവും ഫലപ്രദമായും സമഗ്രതയിലും ആവി

ഷ്കരിക്കാനുള്ള എല്ലാ സാധ്യതകളുമുണ്ട്. സിനിമയിലൂടെയുള്ള ഏതുതരം സംവാദങ്ങളും വേഗതയിലാകാറുണ്ട്. സിനിമയോളം മനുഷ്യനെ വളരെക്കുറച്ചുകാലം കൊണ്ട് സ്വാധീനിക്കാൻ മറ്റൊന്നിനും സാധിച്ചിട്ടുമില്ല. മനുഷ്യസംവാദനക്ഷമമാർന്ന കലാരൂപമെന്ന നിലയിൽ സിനിമയെ മുൻനിർത്തിയുള്ള ഈ പഠനം കേവലം ഗവേഷണം എന്നതിലുപരിയായി പ്രായോഗിക തലത്തെയാണ് അഭിസംബോധന ചെയ്യുന്നത്.

ഈ പ്രബന്ധത്തിന്റെ ഒന്നാം അദ്ധ്യായം 'പരിസ്ഥിതിപഠനം' എന്ന വിഷയത്തെ സംബന്ധിച്ചതാണ്. സിനിമ ഇന്നു മുന്നോട്ടു വെയ്ക്കുന്ന വിഷയത്തെ സമ്പൂർണരീതിയിൽ ജനങ്ങളിലേക്ക് എത്തിക്കാൻ സാധിക്കുന്നു എന്നത് ജൈവരാഷ്ട്രീയത്തിന്റെ വളർച്ചയിൽ ഉൾപ്പെടുന്നു. സങ്കീർണമായ സമകാലിക പാരിസ്ഥിതികപ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിനായി ഭൗതികശാസ്ത്രം, വാണിജ്യം, സാമ്പത്തികശാസ്ത്രം, മാനവികത, സാമൂഹികശാസ്ത്രം എന്നിവയിൽനിന്നുള്ള തത്വങ്ങളെ ബന്ധിപ്പിക്കുന്നു. സ്വാഭാവിക പരിസ്ഥിതി, നിർമിതപരിസ്ഥിതി, അവ തമ്മിലുള്ള ബന്ധം തുടങ്ങിയവയെക്കുറിച്ചുള്ള വിശാലമായ പഠനമാണിത്. 'പേരറിയാത്തവർ', 'വലിയ ചിറകുള്ള പക്ഷികൾ', 'ഒറ്റാൽ', 'ജലമർമ്മരം' എന്നീ പരിസ്ഥിതിസിനിമകളെക്കുറിച്ചുള്ള പഠനമാണു മലയാളസിനിമയുടെ ജൈവരാഷ്ട്രീയം എന്ന പ്രധാനപ്പെട്ട രണ്ടാമധ്യായത്തിലുള്ളത്. ഉപസംഹാരം, ഗ്രന്ഥസൂചി എന്നിവയോടെ ഈ പ്രബന്ധം അവസാനിക്കുന്നു.

## രീതിശാസ്ത്രം

ജൈവരാഷ്ട്രീയ ദർശനങ്ങളുടെ ആശയപരിസരത്തിലൂന്നിയ അന്വേഷണാത്മക പഠനരീതിയാണ് ഈ പഠനത്തിൽ അവലംബിച്ചിരിക്കുന്നത്. ഗഹന, സാമൂഹിക, മാർക്സിയൻ, പാരിസ്ഥിതികസ്ത്രീവാദ ദർശനങ്ങളെയും പഠനത്തിനായി കൂട്ടിച്ചേർത്തിട്ടുണ്ട്. ജൈവരാഷ്ട്രീയത്തിന്റെ ദാർശനികബോധവും പഠനത്തിന് പ്രധാന പ്രേരകശക്തിയായിത്തീരുന്നു.

പരിസ്ഥിതിപഠനമേഖലയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള നിരീക്ഷണമാണ് ഈ പഠനം. പരിസ്ഥിതിവാദദർശനപദ്ധതിയെ മലയാളസിനിമ എപ്രകാരം അടയാളപ്പെടുത്തുന്നു എന്നതാണു പഠനലക്ഷ്യം. ഈ സിനിമകൾ നൽകുന്ന പാരിസ്ഥിതിക ആഖ്യാനശാസ്ത്രത്തിന്റെ തലത്തെ ആകമാനം ഈ പ്രബന്ധം ചർച്ച ചെയ്യുന്നു.

# അധ്യായം I

# പരിസ്ഥിതിപഠനം

## I. ക. പരിസ്ഥിതിപഠനം-നിർവചനം

പരിസ്ഥിതിയുമായുള്ള മനുഷ്യന്റെ ഇടപെടൽ വ്യവസ്ഥാപിതമായി പഠിക്കുന്ന ഒരു മൾട്ടി ഡിസിപ്ലിനറി അക്കാദമിക് മേഖലയാണു പരിസ്ഥിതിപഠനം. സങ്കീർണമായ സമകാലിക പാരിസ്ഥിതികപ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിനായി ഭൗതികശാസ്ത്രം, വാണിജ്യം, സാമ്പത്തികശാസ്ത്രം, മാനവികത, സാമൂഹികശാസ്ത്രം എന്നിവയിൽനിന്നുള്ള തത്വങ്ങളെ പരിസ്ഥിതിപഠനങ്ങൾ ബന്ധിപ്പിക്കുന്നു. സ്വാഭാവികപരിസ്ഥിതി, നിർമിതപരിസ്ഥിതി, അവ തമ്മിലുള്ള ബന്ധം തുടങ്ങിയവയെക്കുറിച്ചുള്ള വിശാലമായ പഠനമേഖലയാണിത്. 1864-ൽ 'മനുഷ്യനും പ്രകൃതിയും' (Man and Nature) എന്ന കൃതി പ്രസിദ്ധീകരിച്ച ജോർജ് പെർക്കിൻസ് മാർഷിനെ ആദ്യത്തെ പാശ്ചാത്യപാരിസ്ഥിതികശാസ്ത്രജ്ഞൻ എന്നു കരുതുന്നു. മനുഷ്യസംസ്കാരവും പ്രകൃതിസംസ്കാരവും ചേർന്നുപോകാതെവരുമ്പോഴുള്ള ദൂഷ്യങ്ങളാണ് അദ്ദേഹം വിഷയമാക്കിയത്.

അമേരിക്കൻ ചിന്തകനായ ഹെൻറി ഡേവിഡ് തോറോയുടെ കൃതികളിലെ ആശയങ്ങളുടെ അടിസ്ഥാനത്തിൽ സാഹിത്യകൃതികളെ വിശകലനം ചെയ്തും വ്യാഖ്യാനിച്ചുമാണ് പാരിസ്ഥിതികവിമർശനം അമേരിക്കയിൽ ആദ്യം വളർന്നത്. എന്നാൽ തോറോയുടെ ചിന്തകളെ മുതലാളിത്തതാത്പര്യങ്ങൾക്ക് ഭംഗം വരുത്താത്തവണ്ണം വ്യാഖ്യാനിച്ചുകൊണ്ട്, "സാമൂഹികാനീതികൾക്കും അസമത്വത്തിനും സ്ഥാനം നൽകാതെ, പരിസ്ഥിതിപ്രശ്നം അന്തിമമായി ഒരു ജീവത്പ്രശ്നമാണെന്ന സത്യത്തെ നിരാകരിച്ചുകൊണ്ട്, ഭൂഭാഗവർണനയ്ക്കും പ്രകൃതികാല്പനികതയ്ക്കും വ്യക്തിവാദത്തിനും

വ്യക്തികേന്ദ്രിതസദാചാരത്തിനും പ്രാധാന്യം നൽകുകയും അവയ്ക്കു ചുറ്റും പാരിസ്ഥിതികവിമർശനത്തെ തളച്ചിടുകയുമാണ് മിക്ക അമേരിക്കൻ പാരിസ്ഥിതികവിമർശകരും ആദ്യകാലത്ത് ചെയ്തത്." എന്നു ജി. മധുസൂദനൻ എഴുതിയിരിക്കുന്നു. എന്നാൽ റേച്ചൽ കാഴ്സൺ 'നിശ്ശബ്ദവസന്ത'ത്തിലൂടെ പുരോഗതിയുടെ ദൂഷ്യവശങ്ങളെ ശാസ്ത്രീയതയുടെ പിന്തുണയോടെ അവതരിപ്പിച്ചപ്പോൾ അത്തരമൊരു മനോഭാവത്തിനു പതുക്കെ മാറ്റമുണ്ടാകുന്നതായി കാണാം. തുടർന്ന് പരിസ്ഥിതിപഠനം മനുഷ്യകേന്ദ്രീകൃതത്വത്തിൽനിന്ന് ജൈവകേന്ദ്രീകൃതം എന്ന നിലയിലേക്കു മാറണമെന്ന അഭിപ്രായത്തിനു പിന്തുണയേറിക്കൊണ്ടിരുന്നു.

ശാസ്ത്രത്തിന്റെ സാമ്പ്രദായികരീതികളിൽനിന്നു ഭിന്നമായി ശാസ്ത്രത്തിന്നതീതമായ ഒരു സൗന്ദര്യാത്മക സമീപനമാണ് ഹെൻറി ഡേവിഡ് തോറോ സ്വീകരിച്ചത്. എന്നാൽ ഒരിക്കലും അദ്ദേഹം ശാസ്ത്രത്തെ തള്ളിപ്പറഞ്ഞില്ല. "തോറോ പരിസ്ഥിതിയുടെ അഥവാ പ്രകൃതിയുടെ പൂർണതയിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. അദ്ദേഹത്തിന്റെ സമകാലികർ മറന്ന ഒന്നിൽ... ചുരുക്കത്തിൽ തോറോ മണ്ണിനെയും ഭൂമിയെയും രുചിച്ചറിഞ്ഞു എന്നു പറയാം." എന്നാണ് തോറോയുടെ പാരിസ്ഥിതികസമീപനത്തെ അമേരിക്കൻ ചിന്തകൻ ലൂയി മംഫോഡ് നിരീക്ഷിക്കുന്നത്.

പരിസ്ഥിതിപഠനത്തിൽ വളരെ പ്രസക്തമായ ഒരു വിശകലനസമീപനമാണ് വൈരുദ്ധ്യാത്മകരീതിശാസ്ത്രത്തെ (Dialectical Method) അടിസ്ഥാനമാക്കിയുള്ള മാർക്സിയൻ വിശകലനം. 'പ്രകൃതിയിലെ വിഭിന്നസത്തകളെ ഓരോ 'വസ്തുക്ക'ളായല്ല, അവയുടെ ചലനാത്മകമായ പാരസ്പര്യത്തിന്റെ വെളിച്ചത്തിൽ ഈ രീതിശാസ്ത്രം കാണുന്നു.' പക്ഷേ പ്രകൃതി-മനുഷ്യബന്ധത്തിന്റെ ആഴത്തിലുള്ള പഠനത്തിന് ഫലപ്രദമായി ഈ രീതിശാസ്ത്രം ഉപയോഗിക്കാൻ മാർക്സ് മുതിരുന്നില്ല. അതുപോലെതന്നെ, പരിസ്ഥിതിപഠനത്തിന് ഏറെ സാധ്യതകൾ ഉൾച്ചേർന്നിരുന്നവയാണ് അധിനിവേശാനന്തര പഠനങ്ങൾ. എന്നാൽ അവ പ്രകൃതിയെയും പ്രകൃതിവിഭവങ്ങളെയും പഠനത്തിനു പുറത്തുനിർത്തി. ആത്മനിഷ്ഠവും വ്യക്തിനിഷ്ഠവുമായ മാനങ്ങളിൽ മാത്രം അത് അധിനിവേശത്തെ നോക്കിക്കാണുന്നു.

പ്രകൃത്യനുസാരിയായ ദർശനങ്ങൾ മുന്നോട്ടുവച്ച റൂസ്സോയെ പലപ്പോഴും അനുചിതമായ രീതിയിൽ വിമർശിച്ച ജർമ്മൻ ചിന്തകനായ ഫ്രഡറിക് നീത്ഷേയുടെ പ്രകൃതിദർശനങ്ങൾ മിക്കതും വികലമാണ്. "ജീവിക്കു

കയെന്നാൽ ഈ പ്രകൃതിയിൽനിന്ന് അന്യമായൊരു സ്വത്വം വളർത്തിയെടുക്കാനുള്ള ഇച്ഛതന്നെയല്ലേ?" എന്നു 'നന്മതിന്മകൾക്കപ്പുറം' എന്ന കൃതിയിൽ അദ്ദേഹം ചോദിക്കുന്നു. അദ്ദേഹത്തിന്റെ 'വിൽ ടു പവർ' എന്ന കൃതിയിൽ പ്രകൃതിചിന്തകളെ അദ്ദേഹം നിന്ദാപരമായി സമീപിക്കുന്നതിന്റെ അനേകം ഉദാഹരണങ്ങൾ കാണാം. "പ്രകൃതിയെക്കുറിച്ചു നാം എത്ര വികാരരഹിതമായി ചിന്തിക്കുന്നുവോ അതുപോലെതന്നെ സാമാന്യജനങ്ങളെക്കുറിച്ചും ചിന്തിക്കണം. രണ്ടും സ്പീഷിസിനെ സംരക്ഷിക്കാൻ ഉതകുന്നു." എന്ന് അദ്ദേഹം രേഖപ്പെടുത്തുന്നു.

നാഗരികതയുടെ പക്ഷം ചേർന്ന് കലയെ പ്രകൃതിയിൽനിന്നു വേർതിരിക്കുന്നതിന് തുടക്കമിട്ടവരിൽ പ്രമുഖനായ ചാൾസ് ബോദ്‌ലയറിന്റെ അഭിപ്രായത്തിൽ: "പ്രകൃതി നമ്മെ ഒന്നും പഠിപ്പിക്കുന്നില്ല. കാലാവസ്ഥയുടെ ക്രൗര്യത്തിനെതിരെ നമ്മെ സംരക്ഷിക്കാനും ഉറങ്ങാനും കുടിക്കാനും തിന്നാനും നമ്മെ അതു നിർബന്ധിക്കുന്നു. പ്രകൃതിതന്നെയാണ് മറ്റു മനുഷ്യരെ കൊല്ലാൻ നമ്മെ പ്രേരിപ്പിക്കുന്നത്. നൈസർഗ്ഗികമായതെന്തും വിശകലനവും പുനരവലോകനവും ചെയ്തു നോക്കൂ. ഹീനമായതല്ലാതെ മറ്റൊന്നും കാണാൻ കഴിയില്ല. സുന്ദരവും മഹത്തരവുമായതെല്ലാം യുക്തിയുടെയും കരുതിക്കൂട്ടിയുള്ള പ്രവൃത്തിയുടെയും ഫലമാണ്. കുറ്റകൃത്യങ്ങളുടെ ഉദ്ഭവം പ്രകൃതിയിലാണ്. നേരേമറിച്ച് ധർമ്മം കൃത്രിമമാണ്. ദ്രോഹം സ്വാഭാവികമായി ചെയ്യപ്പെടുന്നു; നിയതിയുടെ പ്രവർത്തനത്തിലൂടെ. നന്മ എപ്പോഴും കലയുടെ ഉത്പന്നമാണ്...." മനുഷ്യനിർമ്മിതികളെ വാഴ്ത്തുകയും പ്രകൃതിയെ ഇകഴ്ത്തുകയുമാണിവിടെ.

ചിട്ടയായ ഒരു സമഗ്രസമീപനം (Systematic Integrated Approach) ആണു പരിസ്ഥിതിപഠനത്തിൽ ഉപയോഗിക്കേണ്ടത് എന്ന് കേരളത്തിലെ പ്രഗല്ഭരായ പരിസ്ഥിതിപ്രവർത്തകരിൽ ഒരാളായ ഡോ. എ. അച്യുതൻ അഭിപ്രായപ്പെടുന്നു. എല്ലാ ശാസ്ത്രങ്ങളുടെയും സമന്വയം പരിസ്ഥിതിപഠനത്തിൽ ഉണ്ടാകുന്നുണ്ട്. അതിനാൽ "ഊർജവ്യൂഹങ്ങളും (Energy System) മലിനീകരണത്തിന്റെ സ്വഭാവം, കാരണം, നിയന്ത്രണം, ശമനം എന്നിവയും സ്വാഭാവികവിഭവസ്രോതസ്സുകളുടെ പരിപാലനവും കാലാവസ്ഥാമാറ്റങ്ങളും കൂടാതെ, ജീവികളുടെ നിലനില്പുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും പരിസ്ഥിതിപഠനത്തിലെ വിഷയങ്ങളാണ്." എന്ന് അദ്ദേഹം രേഖപ്പെടുത്തുന്നു.

പ്രകൃതിയിലെ പ്രക്രിയകളെ പ്രകൃതിയിൽനിന്നു നേരിട്ടു പഠിക്കാൻ ബുദ്ധിമുട്ടു നേരിടുമ്പോൾ പരീക്ഷണശാലകളിൽ നിർമ്മിക്കുന്ന കൃത്രിമ പ്രകൃതിയിലൂടെയും കൃത്രിമമായ അവസ്ഥകളിലൂടെയും യഥാർഥ പ്രകൃതിയിൽ നടക്കുന്ന പ്രക്രിയകളെ പഠിക്കാൻ ശാസ്ത്രം ശ്രമിക്കുന്നു. എന്നാൽ, ലാബിനുള്ളിലെ സാഹചര്യങ്ങൾ മനുഷ്യൻ സൃഷ്ടിച്ച അടഞ്ഞ വ്യവസ്ഥയാണ്. പ്രകൃതിയാകട്ടെ ഒന്നിനൊന്നോടു ബന്ധപ്പെട്ട് അനന്തമായി നീളുന്ന തുറന്ന വ്യൂഹവും. അവിടെ ആയിരക്കണക്കിന് അദൃശ്യമായ വ്യതിയാനങ്ങൾ എപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ പരീക്ഷണശാലകളിൽ മാത്രം പരിസ്ഥിതിപഠനം ഒതുങ്ങിപ്പോകുകയാണെങ്കിൽ അതിലൂടെ കണ്ടെത്തുന്ന യാഥാർത്ഥ്യം പരിമിതമാണ് എന്നു ജി. മധുസൂദനൻ നിരീക്ഷിക്കുന്നു. പരിസ്ഥിതിപഠനത്തിനുണ്ടാകേണ്ട സമഗ്രതയെയാണ് അദ്ദേഹം ഈ നിരീക്ഷണത്തിലൂടെ മുന്നോട്ടു വയ്ക്കുന്നത്.

'പ്രകൃത്യനുസാരിയായി ജീവിക്കാൻ പഠിക്കുകയെന്നതാണ് നമ്മുടെ നിലനില്പിനുള്ള ഒരേയൊരു പോംവഴി'. ഈ പ്രകൃത്യനുസാരിത്വത്തെയാണു പരിസ്ഥിതിപഠനത്തിലൂടെ കണ്ടെത്തുന്നത്. പ്രകൃതിക്ക് ഗുണമാകുന്നതെന്ത്? ദോഷമാകുന്നതെന്ത്? എന്നുള്ള ചോദ്യങ്ങളെ പ്രത്യക്ഷമായോ പരോക്ഷമായോ ശാസ്ത്രീയപിന്തുണയോടെ പഠനവിധേയമാക്കുന്നു.

## I. ഖ. പരിസ്ഥിതിപഠനത്തിന്റെ ചരിത്രം

അധിനിവേശത്തിന്റെയും അടിച്ചമർത്തലുകളുടെയും വെട്ടിനിരത്തലുകളുടെയും വിഭവചൂഷണങ്ങളുടെയും ചരിത്രം നിറഞ്ഞ പാശ്ചാത്യനാടുകളിൽ പ്രകൃതിചൂഷണത്തിന്റെ പരിധി കടന്നപ്പോൾ പരിസ്ഥിതിപഠനം അനിവാര്യമായിത്തീർന്നു. പ്രകൃതിയുടെ സന്തുലിതാവസ്ഥ താളം തെറ്റുന്നതിന്റെ സൂചനകൾ മുൻപേ കണ്ടറിഞ്ഞ ശാസ്ത്രബോധമുള്ളവരായ സാഹിത്യകാരന്മാർ വരാൻ പോകുന്ന വിപത്തുകളുടെ തീവ്രത തങ്ങളുടെ രചനകളിൽ വരച്ചുകാട്ടി. ഈ ക്രാന്തദർശിത്വം ഏറ്റവും പ്രകടമായി കണ്ടത് റേച്ചൽ കാഴ്സന്റെ 'നിശ്ശബ്ദവസന്ത'ത്തിലാണെങ്കിലും (Silent Spring, 1962) അതിനു വളരെ മുൻപുതന്നെ പരിസ്ഥിതിരാഷ്ട്രീയത്തിന്റേതായ ഒരു പശ്ചാത്തലം രൂപംകൊണ്ടുതുടങ്ങിയിരുന്നു. ആരണ്യകവിത അവതരിപ്പിച്ച തിയോക്രിറ്റസ്സിനെയും നല്ലവനായ കാട്ടാളന്റെ പക്ഷം ചേർന്ന റൂസ്സോയെയും ഈ പരി

സ്ഥിതിരാഷ്ട്രീയത്തിന്റെ വക്താക്കളായി കരുതാം. അവർ പ്രകൃതിയിലേക്ക്, സ്വാഭാവികപ്രകൃതിയിലേക്ക്, മടങ്ങുന്നു എന്നു പ്രഖ്യാപിച്ചവരാണ്.

ഇന്ത്യയിലെ സാഹചര്യം വ്യത്യസ്തമാണ്. പ്രകൃതിയോടിണങ്ങിച്ചേർന്ന ജീവിതരീതികളാണ് ഭാരതത്തിലെ എല്ലാ പ്രദേശങ്ങളിലും പുരാതന കാലംതൊട്ടേ അനുവർത്തിച്ചുവന്നത്. നാട്ടുരാജ്യങ്ങൾ തമ്മിലുള്ള പിടിച്ചടക്കലുകളും രാജ്യവികസനവും യുദ്ധങ്ങളും പ്രകൃതിയെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ ഇവിടത്തെ സാംസ്കാരിക അന്തരീക്ഷം ശ്രദ്ധിച്ചിരുന്നു.

കേരളമുൾപ്പെടുന്ന പ്രദേശത്തിന്റെയും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. പ്രകൃത്യാരാധന നിലനിന്നിരുന്ന ദ്രാവിഡദേശങ്ങളിൽ പ്രകൃതി, മനുഷ്യൻ എന്നിങ്ങനെയുള്ള വിഭജനം സാധ്യമായിരുന്നില്ല. വിഭവങ്ങൾ ശേഖരിക്കുവാനുള്ള സ്രോതസ്സ് എന്ന അടിമ-ഉടമ മനോഭാവത്തിനു പകരം ഒരു വിധത്തിലുള്ള സഹോദരവർത്തിത്വമാണ് ഇവിടെ പ്രകൃതിയും മനുഷ്യരും തമ്മിൽ നിലനിന്നിരുന്നത്. ആ സംസ്കാരത്തിന്റെ വേരുകൾ ആധുനികകാലത്തും ഉറച്ചുനിൽക്കുന്നു. അതിനാൽത്തന്നെ പരിസ്ഥിതിപഠനം/പരിസ്ഥിതിരാഷ്ട്രീയം എന്നൊരു പ്രത്യേക ശാഖ കേരളപരിസരത്തിൽ രൂപപ്പെട്ടുവന്നത് വളരെ മന്ദഗതിയിലാണ്. സാങ്കേതികവിദ്യയുടെ അതിപ്രസരം നാട്ടിൽ കണ്ടുതുടങ്ങിയപ്പോഴാണ് പരിസ്ഥിതിരാഷ്ട്രീയത്തിന്റെ വളർച്ച ത്വരിതഗതിയിലായത്. സാഹിത്യരചനകളിലും മറ്റുമായി പരിസ്ഥിതിരാഷ്ട്രീയം പ്രചരിച്ചുവെങ്കിലും 1980-കൾക്കു ശേഷം വന്ന പരിസ്ഥിതിസമരങ്ങളിലൂടെയാണ് അതു ശക്തിപ്രാപിച്ചത്. 'സൈലന്റ് വാലി പ്രക്ഷോഭങ്ങൾ' മുതൽ എന്നു പൊതുവെ അടയാളപ്പെടുത്താറുള്ള കേരളത്തിലെ പരിസ്ഥിതിരാഷ്ട്രീയത്തിന്റെ ചരിത്രം കവിതകളിലൂടെയും കഥകളിലൂടെയും നാടകങ്ങളിലൂടെയും വളർന്ന് ചലച്ചിത്രരംഗത്തേക്കു പ്രവേശിച്ചു. ജനങ്ങളെ ഏറ്റവും സ്വാധീനിക്കുന്ന ഒരു മാധ്യമം എന്ന നിലയ്ക്ക് സിനിമ ഈ പുതുരാഷ്ട്രീയധാരയ്ക്ക് ഊർജം പകർന്നു.

## I. ഗ. പരിസ്ഥിതിവിമർശനം (Eco-criticism)

പ്രകൃതിയും പരിസ്ഥിതിയും പ്രപഞ്ചവും അടിസ്ഥാനമാക്കി കലാസൃഷ്ടിയെ നിരൂപിക്കുന്ന ഇക്കോ ക്രിട്ടിസിസം (Eco-criticism) അഥവാ ഹരിതനിരൂപണം എന്ന വാക്ക് ആദ്യം ഉപയോഗിച്ചത് 1978-ൽ വില്യം റൂക്കർട്ടാണ് ('ലിറ്ററേച്ചർ ആൻഡ് ഇക്കോളജി-ആൻ എക്സ്പെരിമെന്റ് ഇൻ ഇക്കോ ക്രിട്ടി

സിസം' എന്ന പഠനത്തിൽ). "സാഹിത്യവും പരിസ്ഥിതിയും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുന്ന പഠനശാഖയാണ് ഇക്കോ-ക്രിട്ടിസിസം. സാഹിത്യപഠനങ്ങളിൽ ഒരു ഭൗമകേന്ദ്രീകൃതസമീപനമാണ് ഇതു സ്വീകരിച്ചിരിക്കുന്നത്." എന്ന് 'ദി ഇക്കോ-ക്രിട്ടിസിസം റീഡർ' എന്ന കൃതിയിൽ ഈ വിമർശനശാഖയെ നിർവചിച്ചിരിക്കുന്നു.

ഇക്കോ-ക്രിട്ടിസിസത്തിന്റെ ചുവടുപിടിച്ച് സാഹിത്യവും പരിസ്ഥിതിയും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുന്ന സാഹിത്യശാസ്ത്രം (Ecopoetics) രൂപം കൊണ്ടു. ഏതൊരു സൃഷ്ടിയിലും സാഹിത്യ-സാംസ്കാരിക മാനങ്ങൾ ബന്ധപ്പെട്ടുകിടക്കുന്നതുകൊണ്ടുതന്നെ പരിസ്ഥിതിവിമർശനത്തിന് 'ഹരിതസംസ്കാരപഠനം' (Green Cultural Studies) എന്നും പറയാറുണ്ട്. റെയ്ച്ചൽ കാഴ്സനെപ്പോലെയുള്ളവർ ആ പ്രസ്ഥാനത്തിനു പ്രചുരപ്രചാരം നൽകി.

## I. ഘ. പരിസ്ഥിതിവാദത്തിന്റെ തത്വസംഹിതകൾ

ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ശാസ്ത്രം എന്നാണ് പരിസ്ഥിതിശാസ്ത്രം വിശേഷിപ്പിക്കപ്പെടുന്നത്. ജീവികളും പരിസരവും തമ്മിലുള്ള ബന്ധത്തിന്റെ പഠനം എന്ന പരിമിതമായ അർത്ഥത്തിൽനിന്നു ഭൗതികശാസ്ത്രം, ജീവശാസ്ത്രം, സാമൂഹികശാസ്ത്രം, സാമ്പത്തികശാസ്ത്രം തുടങ്ങി ബഹുവിധശാസ്ത്രങ്ങളുടെ ഒരു സങ്കലനമായി പരിസ്ഥിതിപഠനം മാറിയത് 1970-കൾക്കു ശേഷമാണ്. കേരളപരിസരത്തിൽ അതൊരു സ്വതന്ത്രപഠനശാഖയായത് അതിനും വളരെ ശേഷമാണ്. ക്രമേണ അത് പരിസ്ഥിതിപഠനം എന്ന മാനത്തിൽനിന്ന് പാരിസ്ഥിതികവിമർശനത്തിന്റെയും (Eco-criticism) പരിസ്ഥിതിരാഷ്ട്രീയത്തിന്റെയും (Eco-politics) മാനങ്ങൾ കൈക്കൊണ്ടു. അതിന്റെ ഫലമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉയർന്നുവന്ന വിവിധ പാരിസ്ഥിതിക തത്വസംഹിതകളെ പിൻപറ്റി കേരളത്തിലെ പരിസ്ഥിതിപഠനമേഖല വളർച്ച കൈക്കൊണ്ടു.

### I. ഘ. ക. ഗഹനപരിസ്ഥിതിവാദം (Deep Ecology)

നോർവേക്കാരനായ അർണേനേസ്സ് എന്ന ദാർശനികൻ അടിത്തറപാകിയ ഗഹനപരിസ്ഥിതിവാദം (Deep Ecology) ഒരു ജൈവകേന്ദ്രിത ദർശനമാണ് (Biocentrism). ഈ ദർശനം മനുഷ്യനും ഇതര ജീവജാലങ്ങൾക്കും തുല്യമൂല്യവും അവകാശവും കല്പിച്ചു നൽകുന്നു. ഗഹനപരിസ്ഥിതിവാദ

ത്തിന്റെ രണ്ട് അടിസ്ഥാനതത്വങ്ങൾ ജി. മധുസൂദനൻ 'കഥയും പരിസ്ഥി തിയും' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം രേഖപ്പെടുത്തുന്നു: "ഗഹനപരിസ്ഥി തിവാദത്തിന് രണ്ട് അടിസ്ഥാനതത്വങ്ങളാണുള്ളത്. ഒന്ന് : മനുഷ്യരെപ്പോലെ തന്നെ ഈ പ്രകൃതിയിലെ എല്ലാ സത്തകൾക്കും തനതായ മൂല്യവും നില നില്പിനു സ്വയം കണ്ടെത്താനുള്ള അവകാശവുമുണ്ട്. ഒന്നും മനുഷ്യനു വേണ്ടി നിലനിൽക്കുന്നില്ല. മനുഷ്യനു പ്രയോജനപ്പെടുമോ എന്നുള്ളതനു സരിച്ചല്ല ഒന്നിന്റെയും മൂല്യം നിർണയിക്കേണ്ടത്. അതിനാൽത്തന്നെ മനു ഷ്യന്റെ പ്രകൃതിയിലെ ഇടപെടലുകൾ സ്വന്തം നിലനില്പിന് ആവശ്യമായ -അടിസ്ഥാനാവശ്യങ്ങൾക്കു വേണ്ടത്ര-വിഭവങ്ങൾ ശേഖരിക്കുന്നതിനപ്പുറം പോകാൻ പാടില്ല. രണ്ട് : മനുഷ്യകേന്ദ്രിതത്വത്തിൽനിന്ന് (Anthropocentrism) ദർശനം ജൈവകേന്ദ്രിതം (Biocentrism) ആകണം. അങ്ങനെ ലോകത്ത് ബയോസെൻട്രിക് സമത്വം നിലവിൽവരണം."

പാശ്ചാത്യദേശങ്ങളിൽ ആദ്യം നിലവിൽവന്നതും പ്രചാരമേറിയതുമായ പാരിസ്ഥിതിക ദർശനശാഖയാണ് ഗഹനപരിസ്ഥിതിവാദം. ബഷീറിന്റെ 'ഭൂമി യുടെ അവകാശികൾ' ഒരുതരത്തിൽ പറഞ്ഞാൽ ഗഹനപരിസ്ഥിതിവാദ ത്തിന്റെ സാഹിത്യസാക്ഷാത്കാരമാണ്. ഒ. വി. വിജയന്റെ 'രേണുക', 'രമ ണനും മദനനും', 'സ്നേഹത്തിന്റെ ശ്രാദ്ധം', 'കാറ്റു പറഞ്ഞ കഥ', 'മറുകു കൾ' തുടങ്ങിയ കഥകളിലും സമാനദർശനങ്ങൾ പ്രകടമായി കാണാം.

### I. ഘ. ഖ. സാമൂഹികപരിസ്ഥിതിവാദം (Social Ecology)

അമേരിക്കൻ ചിന്തകനായ ബുക്ചിൻ അവതരിപ്പിച്ച സാമൂഹികപരി സ്ഥിതിവാദം പ്രകൃതിയുടെമേലുള്ള മനുഷ്യന്റെ മേധാവിത്വം നീക്കം ചെയ്യുക എന്നത് ലക്ഷ്യം വയ്ക്കുന്നു. പ്രകൃതിയുടെ മേൽ കാട്ടുന്ന മേധാവിത്വമന സ്ഥിതി ക്രമേണ മനുഷ്യരുടെ ഇടിയിലെ അബലരുടെയും സ്ത്രീകളുടെയും നേർക്കു പടർന്നുപിടിക്കുന്നു എന്നതാണ് ബുക്ചിന്റെ വാദം. അപ്പോൾ പ്രകൃ തിയെ ആ അടിമത്തത്തിൽനിന്നു മോചിപ്പിക്കുന്നതോടെ മറ്റു രണ്ടു കൂട്ടരു ടെയും മോചനം സാധ്യമാകുമെന്ന് ബുക്ചിൻ കരുതുന്നു. 'ഔർ സിന്തറ്റിക് എൻവയൺമെന്റ്' (1962) എന്ന കൃതിയിൽ മേൽപ്പറഞ്ഞ വിഷയങ്ങൾ അദ്ദേഹം ചർച്ച ചെയ്യുന്നുണ്ട്. മാർക്സിസത്തെയും അനാർക്കിസത്തെയും ഉൾക്കൊണ്ട് രൂപംകൊണ്ട ഈ സിദ്ധാന്തം ലോകത്ത് യുക്തിസഹമായ ഒരു സമൂഹത്തെ (Rational Society) രൂപപ്പെടുത്തിയെടുക്കാൻ ലക്ഷ്യം വച്ചു. ഈ യുക്തിസഹസമൂഹം പരിസ്ഥിതിബോധമുള്ള സമൂഹമായിരിക്കണമെന്നു

ബുക്ചിൻ അടിവരയിട്ടു. പ്രകൃതി-മനുഷ്യ സഹവർത്തിത്വത്തിന്റെ മതമാണ് ഇതിൽ  അവതരിപ്പിക്കുന്നത്.

### I. ഘ. ഗ. പാരിസ്ഥിതിക മാർക്സിസം (Eco-Marxism)

പാരിസ്ഥിതിക സോഷ്യലിസം എന്ന പേരിലും അറിയപ്പെടുന്ന പാരി സ്ഥിതിക മാർക്സിസത്തിന്റെ പ്രചാരകരിൽ പ്രമുഖൻ മാർക്സിസ്റ്റ് സാമ്പ ത്തികശാസ്ത്രജ്ഞനായ ജയിംസ് ഒ. കൊണോർ ആണ്. സോഷ്യൽ ഇക്കോ ളജിയിലെ മനുഷ്യമേധാവിത്വചിന്തയ്ക്കു പകരം ധനതത്വശാസ്ത്രത്തിന്റെ രാഷ്ട്രീയചിന്തകൾ കൊണോർ പാരിസ്ഥിതിക മാർക്സിസത്തിലേക്കു സംക്ര മിപ്പിക്കുന്നു. ജർമ്മൻ ഹരിതകക്ഷിയുടെ സ്ഥാപകനേതാക്കളിൽ പ്രധാനി യായ റുഡോൾഫ് ബഹ്റോയുടെ 'ഫ്രം റെഡ് ടു ഗ്രീൻ' എന്ന കൃതി പാരി സ്ഥിതിക സോഷ്യലിസത്തിന്റെ പ്രയോഗതലത്തിന് ഊന്നൽ നൽകി. "മനു ഷ്യൻ പ്രകൃതിയിൽ ജീവിക്കുന്നു എന്നത് അർത്ഥമാക്കുന്നത് പ്രകൃതി അവന്റെ അജൈവശരീരമാണെന്ന വസ്തുതയാണ്. അവൻ മരണമടയുന്ന തുവരെ പ്രകൃതിയുമായി പരസ്പരവിനിമയത്തിൽ ഏർപ്പെടുന്നു. അതിനാൽ മനുഷ്യന്റെ ഭൗതിക-ആധ്യാത്മിക ജീവിതം പ്രകൃതിയുമായി ബന്ധപ്പെട്ടാ ണിരിക്കുന്നത്. സ്വയംപൂരിതമായ പ്രകൃതിയുടെ ഒരു ഭാഗം മാത്രമാണു മനുഷ്യൻ' എന്ന് മാർക്സ് അഭിപ്രായപ്പെടുന്നു. സ്വകാര്യസ്വത്തിന്റെ ആവിർഭാ വമാണ് മനുഷ്യരും പ്രകൃതിയും തമ്മിലുള്ള ബന്ധം സങ്കീർണമാക്കിയ തെന്നും അതിനാൽ വ്യക്തിയോ സമൂഹമോ രാജ്യംതന്നെയോ ഭൂമിയുടെ വെറും ഗുണഭോക്താവു മാത്രമാണ് എന്ന കാഴ്ചപ്പാട് ഈ സിദ്ധാന്തം മുന്നോട്ടുവയ്ക്കുന്നു.

ഡോ. ബിജുവിന്റെ 'പേരറിയാത്തവർ' എന്ന സിനിമയിലും മനുഷ്യ രുടെ ഉള്ളിലെ ഈ സ്വാർത്ഥപ്രവണത വെളിപ്പെടുത്തുന്നു. തങ്ങളുടെ ഉപ ഭോഗങ്ങൾക്കു ശേഷം മിച്ചം വന്ന മാലിന്യമാണെങ്കിലും അത് തങ്ങളുടെ വീട്ടിലോ വീട്ടുപരിസരത്തോ കിടക്കരുതെന്ന നിർബന്ധത്താൽ ആ മാലി ന്യങ്ങൾ പൊതുവഴിയുടെ അരികുകളിലേക്കും തോടുകളിലേക്കും മറ്റും വലി ച്ചെറിയുന്നു. അവയെല്ലാം 'പൊതു' ഇടങ്ങളാണല്ലോ! മാലിന്യസംസ്കരണ കേന്ദ്രങ്ങളിൽ കുമിഞ്ഞുകൂടിക്കിടക്കുന്ന മാലിന്യങ്ങളും ഒരു 'പൊതു'ഇട ത്തിലാണെന്ന് ഇക്കൂട്ടർ ആശ്വസിക്കുന്നു. എന്നാൽ വായുവിൽ പടരുന്ന ദുർഗന്ധത്തിനും രോഗങ്ങൾക്കും ഈ 'പൊതു'-'സ്വകാര്യ' വേർതിരിവില്ല. അവ ഏവരെയും ഒരുപോലെ ബാധിക്കുന്നു.

### I. ഘ. ഘ. പാരിസ്ഥിതിക സ്ത്രീവാദം (Eco-feminism)

പാരിസ്ഥിതിക സ്ത്രീവാദം എന്ന ആശയം ആദ്യം അവതരിപ്പിച്ചതും അതിനൊരു ദാർശനിക വ്യാഖ്യാനം നൽകിയതും ഫ്രഞ്ച് ഫെമിനിസ്റ്റായ ഫ്രാങ്കോയ് ഡി യൂബോൺ ആണ്. അവരുടെ 'ഫെമിനിസം ഓർ ഡെത്ത്' (1974) എന്ന കൃതിയിലെ 'ദി ടൈം ഫോർ ഇക്കോഫെമിനിസം' എന്ന അധ്യായത്തിലൂടെയായിരുന്നു അത്. "പ്രകൃതിയുടെയും സ്ത്രീയുടെയും മേലുള്ള പുരുഷാധിപത്യമാണ് ആധുനികപ്രതിസന്ധികളുടെയെല്ലാം അടിസ്ഥാനകാരണം എന്ന നിലപാടാണ് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ഉദ്ഭവത്തിലേക്കു നയിച്ചത്." എന്ന് കരോലിൻ മെർച്ചന്റ് പ്രസ്താവിച്ചിരിക്കുന്നു. സ്ത്രീ-പുരുഷ-പ്രകൃതി സംയുക്തവിമോചനമാണ് ഇക്കോഫെമിനിസത്തിന്റെ ലക്ഷ്യമെന്നു പറയപ്പെടുന്നു.

## I. ങ. പരിസ്ഥിതിയും മലയാളസാഹിത്യവും

"പ്രകൃതിയുടെ സത്ത എന്താണെന്നു നമ്മെ ഓർമ്മിപ്പിക്കുകയും അതിനെ സംരക്ഷിക്കുകയും, പ്രകൃതിയുടെ നഷ്ടമായ സത്തയെ ഉദാത്തമായൊരു തലത്തിൽ വീണ്ടെടുത്ത് അതിലേക്കു മടങ്ങാൻ നമ്മെ സഹായിക്കുകയും ചെയ്ക എന്നതാണു സാഹിത്യത്തിന്റെയും കലയുടെയും ധർമ്മം." എന്നു ജർമ്മൻ ചിന്തകനായ ഫ്രെഡറിക് ഷില്ലർ പറയുന്നു. ഈ ധർമ്മം അനുഷ്ഠിക്കാൻ സാഹിത്യത്തിനും കലയ്ക്കും ആകുന്നുണ്ടോ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു.

മലയാളത്തിലെ ആദ്യ പാരിസ്ഥിതികകവിതയായി കണക്കാക്കുന്ന 'കുറ്റിപ്പുറം പാലം' (1954) എന്ന തന്റെ രചനയിലൂടെ ഇടശ്ശേരി ഗോവിന്ദൻനായർ പരിസ്ഥിത്യധിഷ്ഠിതമായ വികസനം നടത്തണമെന്ന ചിന്തയെ മുന്നോട്ടുവച്ചു.

"ഇരുപത്തിമൂന്നോളം ലക്ഷമിപ്പോൾ
ചിലവായി നിർമ്മിച്ച പാലത്തിന്മേൽ
അഭിമാനപൂർവം ഞാൻ ഏറിനില്പാണ്
അടിയിലെ ശോഷിച്ച പേരാർ നോക്കി."

എന്നു തുടങ്ങുന്ന കവിതയിൽ നാടിന്റെ വികസനമുദ്രയായി മാറിയ 'കുറ്റിപ്പുറം പാലത്തെ'ക്കുറിച്ചു കവി അഭിമാനിക്കുമ്പോഴും പാലത്തിനടിയിലൂടൊഴുകുന്ന ശോഷിച്ച പേരാറ്റിന്റെ അവസ്ഥ കാണുമ്പോൾ ആ അഭിമാ

നത്തിന് ഉലച്ചിൽ തട്ടുന്നു. പരിസ്ഥിതിയും പ്രകൃതിയും ഒരു വർണ്യവസ്തുവെന്ന നിലയിൽ മാത്രമായിരുന്നു കവിതയിൽ കടന്നുവന്നിരുന്നത്. ആ സാമ്പ്രദായികരീതിയിൽനിന്നു വ്യതിചലിച്ചു, പ്രകൃതി നേരിടുന്ന വെല്ലുവിളികളെക്കുറിച്ചുള്ള ബോധം നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ കവിത രചിച്ചത്. കറുത്ത ചെട്ടിച്ചികൾ (1951), മണ്ണിന്റെ പുഞ്ചിരി (1953), വധു (1953), കുടം നിറയ്ക്കൂ കൂടെ വരൂ (1960), പുളിമാവു വെട്ടി (1963), ഒന്നുറങ്ങാൻ (1972) തുടങ്ങി മറ്റ് ഇടശ്ശേരിക്കവിതകളിലും പൊതുധാരയിൽനിന്നു മാറിയുള്ള പരിസ്ഥിതിയുടേതായ ഈ രാഷ്ട്രീയം ഒളിഞ്ഞുകിടക്കുന്നു. എന്നാൽ ഡോ. ഡി. ബെഞ്ചമിന്റെ അഭിപ്രായത്തിൽ പരിസ്ഥിതിനശീകരണത്തിനെതിരെ ധാർമികരോഷം കൊണ്ട മലയാളത്തിലെ ആദ്യകവി പി. കുഞ്ഞിരാമൻനായരാണ്. “പി. കുഞ്ഞിരാമൻനായർ എന്ന കവിയുടേത് ഒരു പാരിസ്ഥിതികസ്വത്വമാണ്; മലയാളസാഹിത്യകാരന്മാരിൽ അങ്ങനെ വിശേഷിപ്പിക്കാവുന്ന ആദ്യത്തെയാൾ.” എന്നു ജി. മധുസൂദനൻ എടുത്തു പറയുന്നുണ്ട്. മലയാളനോവൽസാഹിത്യത്തിൽ പരിസ്ഥിതിക്ക് സുപ്രധാനമായ സ്ഥാനം നൽകിയ പ്രതിഭയാണ് എൻ. പി. മുഹമ്മദ്. മലയാളസാഹിത്യത്തിലെ ആദ്യത്തെ പരിസ്ഥിതിനോവൽ എന്ന് അംഗീകരിക്കപ്പെടുന്നത് പരപ്പനങ്ങാടി പ്രദേശത്തിന്റെ പശ്ചാത്തലത്തിൽ അദ്ദേഹം എഴുതിയ ‘ദൈവത്തിന്റെ കണ്ണ്’ ആണ്. നോവലിലെ കേന്ദ്രകഥാപാത്രമായ അഹമ്മദ് എന്ന കൗമാരക്കാരന് പ്രകൃതിയുമായുള്ള ബന്ധവും പ്രകൃതിക്കു നേരെയുള്ള ഓരോ ചെറിയ കടന്നുകയറ്റവും അവനെ അതിതീവ്രമായി ബാധിക്കുന്നത് വെളിവാക്കുന്ന കഥാസന്ദർഭങ്ങളും ഈ നോവലിൽ കാണാം. പരിസ്ഥിതിയുടെ കഥാകാരൻ എന്നു വിശേഷിപ്പിക്കപ്പെടുന്ന സാഹിത്യകാരനാണ് അംബികാസുതൻ മങ്ങാട്. അദ്ദേഹത്തിന്റെ മിക്ക സൃഷ്ടികളും പരിസ്ഥിതി രാഷ്ട്രീയത്തെ അനുവർത്തിക്കുന്നു. നീരാളിയാൻ, രണ്ടു മത്സ്യങ്ങൾ, ഗജാനനം, മണ്ഡുകോപനിഷത്ത്, ലോപാമുദ്ര തുടങ്ങിയ കഥകൾ ആധുനികോത്തരമലയാളസാഹിത്യത്തിൽ ശക്തമായ പരിസ്ഥിതിബോധം പകർന്നുതരുന്നവയാണ്. ആദ്യകാലകഥകളിൽ കാരൂർ നീലകണ്ഠപ്പിള്ള, എൻ. പി. മുഹമ്മദ് തുടങ്ങിയവരുടെ കഥകളിൽ പരിസ്ഥിതിയുടേതായ വ്യത്യസ്തമാനം കാണാം. കാരൂരിന്റെ ‘ഉതുപ്പാന്റെ കിണർ’, എൻ. പി. മുഹമ്മദിന്റെ ‘വെള്ളം’ എന്നീ കഥകൾ ആദ്യ പരിസ്ഥിതിക്കഥകളിൽ ഉൾപ്പെടുന്നു. ഉത്തരാധുനിക മലയാളസാഹിത്യത്തിൽ പരിസ്ഥിതിക്ക് പ്രമുഖസ്ഥാനം നൽകപ്പെട്ടിട്ടുണ്ട്.

# I. ച. പൂർവപഠനങ്ങൾ

## I. ച. ക. സാഹിത്യവും പരിസ്ഥിതിപഠനവും

സാഹിത്യത്തെ മുൻനിർത്തി ഡോ. ടി. പി. സുകുമാരൻ രചിച്ച 'പരി സ്ഥിതിസൗന്ദര്യശാസ്ത്രത്തിനൊരു മുഖവുര' ആയിരിക്കണം മലയാളത്തിലെ ആദ്യത്തെ ഹരിതനിരൂപണഗ്രന്ഥം. ജി. മധുസൂദനൻ, പി.പി.കെ. പൊതു വാൾ, ഡോ. എസ്. രാജശേഖരൻ തുടങ്ങിവർ ഹരിതനിരൂപണരംഗത്തു ചെയ്ത സംഭാവനകളും ശ്രദ്ധേയങ്ങളാണ്. ജി. മധുസൂദനൻ 'ഭാവുകത്വം ഇരുപത്തൊന്നാം നൂറ്റാണ്ടിൽ', 'കഥയും പരിസ്ഥിതിയും', 'ഹരിതനിരൂപണം മലയാളത്തിൽ' എന്നീ കൃതികളിലൂടെ പരിസ്ഥിതിപഠനത്തിന്റെ ഭിന്നതല ങ്ങൾ അനാവരണം ചെയ്യുന്നു. 'ഹരിതനിരൂപണം മലയാളത്തിൽ' എന്ന ഗ്രന്ഥത്തിന്റെ ഏറ്റവും ഒടുവിലത്തെ പതിപ്പിൽ എഴുപത് പഠനങ്ങൾ ഉൾപ്പെടു ന്നു. ജി. മധുസൂദനൻ തയ്യാറാക്കിയ ഈ സമാഹാരത്തിൽ ടി. പി. സുകുമാ രൻ, ആനന്ദ്, ആഷാമേനോൻ, എം. അച്യുതൻ, ഡോ. എം. ലീലാവതി, സച്ചിദാനന്ദൻ, എം.വി. വിഷ്ണുനമ്പൂതിരി തുടങ്ങിയവരുടെ പഠനങ്ങളാണു ള്ളത്. പാരിസ്ഥിതികവിമർശന-ഗവേഷണ രംഗത്ത് മലയാളത്തിൽ ഏറ്റവും സ്വീകാര്യതയുള്ള റഫറൻസ് ഗ്രന്ഥമായി ഇതു നിലനിൽക്കുന്നു. അദ്ദേഹ ത്തിന്റെതന്നെ 'ഭാവനയുടെ ജലസ്ഥലികൾ' എന്ന കൃതി പാരിസ്ഥിതിക മാർക്സിസത്തെ മുൻനിർത്തിയുള്ള ഹരിതനിരൂപണഗ്രന്ഥമാണ്. പ്രൊഫ സർ പന്മന രാമചന്ദ്രൻനായർ എഡിറ്റു ചെയ്തു പ്രസിദ്ധപ്പെടുത്തിയ 'പരി സ്ഥിതിപഠനങ്ങൾ' പരിസ്ഥിതിസംബന്ധമായ വിവിധ വിഷയങ്ങൾ ഉൾക്കൊ ള്ളുന്ന കൃതിയാണ്.

## I. ച. ഖ. പരിസ്ഥിതിസിനിമാപഠനങ്ങൾ

പരിസ്ഥിതിസിനിമകളെ മുൻനിർത്തിയുള്ള പഠനങ്ങൾ മലയാളത്തിൽ അധികം ഉണ്ടായിട്ടില്ല എന്നുതന്നെ പറയാം. 2016-ൽ പ്രസിദ്ധീകരിക്കപ്പെട്ട 'ഹരിതസിനിമ: സിനിമയിലെ പ്രകൃതിയും പരിസ്ഥിതിയും' ആണ് എടു ത്തുപറയാവുന്ന ഒരു പുസ്തകം. 'പരിസ്ഥിതിയുടെ സാമൂഹികവും സാംസ്കാരികവും സാമ്പത്തികവും രാഷ്ട്രീയവുമായ മാനങ്ങളെ ചലച്ചി ത്രങ്ങളിൽ എങ്ങനെ പ്രതിനിധാനം ചെയ്യുന്നു എന്നാണ് ഈ പുസ്തക ത്തിൽ വിശകലനം ചെയ്യാൻ ശ്രമിക്കുന്നത്.' എന്ന് അതിന്റെ കർത്താവായ

എ. ചന്ദ്രശേഖർതന്നെ ആരംഭത്തിൽ കുറിക്കുന്നുണ്ട്. ലോകത്തെ വിവിധ ഭാഷകളിലെ പാരിസ്ഥിതികചിത്രങ്ങൾ ഇതിൽ വിശകലനം ചെയ്യുന്നുണ്ട്. മലയാളസിനിമയിൽ പരിസ്ഥിതിയുടെ വളർച്ചയെ അതിന്റെ വളർച്ചാകാല ഘട്ടങ്ങളിലൂടെ വിശദമായി വിവരിക്കുന്നു. ഇത്തരത്തിലുള്ള മറ്റൊരു കൃതി യാണു മലയാളത്തിലെ പതിനഞ്ച് പരിസ്ഥിതിസിനിമകളെക്കുറിച്ചുള്ള വിശ ദമായ പഠനം ഉൾക്കൊള്ളുന്ന കെ. സ്വാമിനാഥന്റെ 'മലയാളത്തിലെ 15 പരി സ്ഥിതിസിനിമകൾ' എന്ന കൃതി. 2019-ൽ പ്രസിദ്ധീകരിച്ച ഈ കൃതിയിൽ മലയാളത്തിലെ പതിനഞ്ച് പരിസ്ഥിതിചിത്രങ്ങളെ മാത്രം തിരഞ്ഞെടുത്തു പഠനം നടത്തുന്നതിനാൽ അതിൽ ഓരോ സിനിമയുടെയും സമഗ്രമായ വിശകലനം സാധ്യമാകുന്നു.

സാഹിത്യത്തിലോ സിനിമയിലോ കേന്ദ്രീകരിച്ചിട്ടുള്ളതല്ലാതെ പരിസ്ഥി തിപഠനത്തെക്കുറിച്ചും അത്തരത്തിലൊരു പഠനശാഖ നിലവിൽവരാൻ ഉണ്ടായ സാഹചര്യങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്ന മറ്റു കൃതികളുമുണ്ട്. കേരളത്തിലെ അറിയപ്പെടുന്ന പരിസ്ഥിതിപ്രവർത്തകനായ ഡോ. എ. അച്യു തന്റെ 'പരിസ്ഥിതിപഠനത്തിന് ഒരാമുഖം' (2013) എന്ന ഗ്രന്ഥം അക്കൂട്ടത്തിൽ മുൻപന്തിയിൽ നിൽക്കുന്നു. പരിസ്ഥിതിപഠനത്തെക്കുറിച്ചുള്ള കൃത്യമായ വിശദീകരണം തരുന്നതോടൊപ്പം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ മനുഷ്യനിർമ്മിത പരിസ്ഥിതിദുരന്തങ്ങളെക്കുറിച്ച് അദ്ദേഹം ശാസ്ത്രീയമായി ചർച്ച ചെയ്യുന്നുണ്ട്.

പരിസ്ഥിതിദർശനങ്ങളെയും അവയുടെ ചരിത്രത്തെയും വിവിധ മാന ങ്ങളെയുംകുറിച്ച് ചർച്ച ചെയ്യുന്ന ഒരു ലഘുഗ്രന്ഥമാണ് ഡോ. എം. വിജ യൻപിള്ളയുടെ 'പരിസ്ഥിതിചിന്തകൾ' (2019). പ്രകൃതിയിൽനിന്നുതന്നെ ജീവ നോപാധികൾ കണ്ടെത്തി ജീവിതത്തെ രക്ഷപ്പെടുത്താൻ ഉതകുന്ന ആശ യങ്ങൾ ഈ കൃതി നൽകുന്നു.

## I. ഛ. ജൈവരാഷ്ട്രീയത്തിന്റെ 'പച്ച'രാഷ്ട്രീയം

ജനപ്രിയമേറിയതും ഒരു ആശയത്തെ മടുപ്പു തോന്നാത്തവിധത്തിൽ ഏറ്റവും ഫലപ്രദമായ രീതിയിൽ എല്ലാത്തട്ടിലുമുള്ള ജനങ്ങളിലേക്ക് എത്തി ക്കുവാൻ പ്രാപ്തിയുള്ളതുമായ മാധ്യമമാണു സിനിമ. പ്രേക്ഷകരിൽ യാഥാർഥ്യപ്രതീതി ഉളവാക്കുന്നതുകൊണ്ടുതന്നെ സിനിമ മുന്നോട്ടു വയ്ക്കുന്ന വിഷയത്തെ അതിന്റെ പരമാവധി തീവ്രതയിൽ ഉൾക്കൊള്ളാൻ

അവർക്കാകുന്നു. മാത്രമല്ല സിനിമ അത് അഭിമുഖീകരിക്കുന്ന വിഷയത്തെ അതിന്റെ സമ്പൂർണതയിൽ ചിത്രീകരിക്കുന്നു. ഈ കാരണങ്ങളാൽത്തന്നെ ജൈവരാഷ്ട്രീയത്തിന്റെ വളർച്ചയ്ക്ക് സിനിമ നൽകുന്ന സാധ്യതകൾ വള രെയാണ്.

മലയാളസിനിമയിൽ രണ്ടുതരത്തിലാണു പ്രകൃതി ആവിഷ്കരിക്കപ്പെ ടുന്നത്: പശ്ചാത്തലതലത്തിലും പ്രമേയതലത്തിലും. തുടക്കകാലംമു തൽക്കുള്ള മലയാളസിനിമകൾ പരിശോധിച്ചാൽ പശ്ചാത്തലപ്രകൃതിക്ക് തുച്ഛമായ പരിഗണന മാത്രമാണു ലഭിക്കാറുള്ളത് എന്നു നിരീക്ഷിക്കാം. കഥാഗതിയിൽ മാത്രം ശ്രദ്ധയൂന്നുമ്പോൾ പശ്ചാത്തലപ്രകൃതി അരങ്ങു മാത്ര മായി ചുരുങ്ങുന്നു. സ്റ്റുഡിയോക്കെട്ടിനുള്ളിൽ മാത്രം ഒതുങ്ങിക്കിടന്നിരുന്ന സിനിമാചിത്രീകരണത്തെ അവിടെനിന്നു പുറംകാഴ്ചകളിലേക്കിറക്കി വിപ്ലവം സൃഷ്ടിച്ച പ്രതിഭാധനനായ ചലച്ചിത്രകാരൻ പി. എം. മേനോന് തന്റെ ആ വിപ്ലവചിത്രം 'റോസി' പ്രദർശനശാലകളിൽ ദയനീയമായി പരാജയപ്പെടു ന്നത് കാണേണ്ടിവന്നത് ആ മാറ്റത്തെ ഉൾക്കൊള്ളാനും അതിന്റെ പ്രാധാന്യം മനസ്സിലാക്കാനും പ്രേക്ഷകവൃന്ദത്തിനു കഴിയാതിരുന്നതുകൊണ്ടുംകൂടി യാണ് എന്നു കരുതേണ്ടിവരും. മലയാളസിനിമയുടെ ഒരു കാലഘട്ടംവരെ സെറ്റുകളിലും ബാക് കർട്ടനുകളിലും ഒതുങ്ങിക്കിടന്നിരുന്ന സിനിമയിലെ പ്രകൃതി യഥാർഥപ്രകൃതിയിലേക്ക് ഇറങ്ങിവന്നത് 'മരംചുറ്റിപ്രേമ'ങ്ങൾ ആവി ഷ്കരിക്കുന്ന സിനിമാപ്രണയഗാനങ്ങളിലൂടെയായിരുന്നു. മനസ്സിൽ പ്രണയം നാമ്പിടുമ്പോൾതന്നെ പ്രകൃതിയിലേക്കിറങ്ങി അതിന്റെ ഊഷ്മളതകൊണ്ട് തങ്ങളിലെ പ്രണയത്തെ വളർത്തുന്ന നായികയെ/നായകനെ മിക്ക സിനിമ യിലും കാണാൻ കഴിയുമായിരുന്നു. ഇപ്പോഴും പല സിനിമകളിലും ആ പ്രവണത മടുപ്പുളവാക്കുന്നില്ല. കാരണം പ്രകൃതി ഒരിക്കലും മടുപ്പിക്കാ റില്ല.

പശ്ചാത്തലം എന്ന നിലയിൽനിന്നു പ്രമേയം എന്ന നിലയിലേക്കു മലയാളസിനിമയിലെ പ്രകൃതി മാറിയിട്ട് അധികകാലമായിട്ടില്ല. 'പച്ച'പ്പിന് വളരെ പ്രാധാന്യമുള്ള ഒരു ഹരിതഭൂമിയാണ് കേരളം. എന്നിട്ടും ആ 'പച്ച'പ്പിന് സിനിമയിൽ ഇടംപിടിക്കാൻ കാലതാമസമെടുത്തു. നാടകത്തിന്റെ വിപുലീകരണമായിട്ടാണ് മലയാളി സിനിമയെ കണ്ടത് എന്ന പരിമിതിയാണ് ഇതിനു ഹേതുവായത്.

പ്രകൃതി, സ്ത്രീ, ദളിത് എന്നിവയൊക്കെ കേന്ദ്രീകരിച്ചുള്ള വ്യത്യസ്ത

ആശയതലങ്ങളിലാണ് ജൈവരാഷ്ട്രീയം വ്യാപരിക്കുന്നത്. പ്രകൃതി-മനുഷ്യ ബന്ധത്തിലെ സങ്കീർണതകളെ തിരിച്ചറിയുകയെന്നതാണ് ജൈവരാഷ്ട്രീയ ത്തിന്റെ കാതൽ. അതായത് പ്രകൃതി-മനുഷ്യ പാരസ്പര്യത്തിന് അത് ഊന്നൽ നൽകുന്നു. എന്നാൽ ഈ വസ്തുത വേണ്ടവിധം ഉൾക്കൊള്ളാ തെയാണ് നിരൂപകർ അതിനെ സമീപിക്കാറുള്ളത്. യഥാർഥജൈവരാഷ്ട്രീ യത്തിന്റെ സത്ത അടങ്ങിയിരിക്കുന്ന ഗഹനപരിസ്ഥിതിവാദദർശനങ്ങളെ ഗ്രഹിക്കാതെ ആ ദർശനം കാല്പനികവും സാമൂഹികനീതിരഹിതവുമാ ണെന്ന ചില പ്രസ്താവനകൾ ചില പരിസ്ഥിതിനിരൂപകരെങ്കിലും പുറപ്പെ ടുവിച്ചിട്ടുണ്ട്. എന്നാൽ ഈ സാമൂഹികനീതിയും 'പാരിസ്ഥിതികനീതി' എന്ന വിശാലമായ വീക്ഷണത്തിൽ ഉൾച്ചേർന്നിരിക്കുന്നു എന്ന സത്യം അത്തരം നിരൂപകർ മനസ്സിലാക്കണം. മറ്റൊരു ആരോപണം ഗഹനപരിസ്ഥിതിവാദ ത്തിൽ ഒരു വരേണ്യവർഗകാഴ്ചപ്പാട് അടങ്ങിയിരിക്കുന്നു എന്നതാണ്. എന്നാൽ അത്തരത്തിലുള്ള യാതൊരു കാഴ്ചപ്പാടും ഗഹനപരിസ്ഥിതിവാദ ത്തിൽ കണ്ടെത്തുവാൻ സാധിക്കുന്നില്ല. അധികാരകേന്ദ്രങ്ങളുടെ ചൂഷ ണത്തെ പ്രതിരോധിക്കുന്നതിൽ ജൈവരാഷ്ട്രീയം വഹിക്കുന്ന പങ്കിനെ വി. സി. ഹാരിസ് ഇപ്രകാരം രേഖപ്പെടുത്തുന്നു:

"സ്ത്രീവാദവും അതിനോടു ബന്ധപ്പെട്ടു വളർന്നുവന്ന കലാസാഹി ത്യമൂല്യവിചാരങ്ങളും പിന്നെ ദളിതരും കറുത്തവരും മർദ്ദനമേൽക്കുന്ന വിവിധ ന്യൂനജനവിഭാഗങ്ങളും മറ്റു ദരിദ്ര-ഇടത്തര വിഭാഗങ്ങളും ചേർന്നൊ രുക്കുന്ന പ്രശ്നപരിസരവും പരിസ്ഥിതിസൗന്ദര്യശാസ്ത്രത്തോടൊപ്പംതന്നെ രാഷ്ട്രീയസൗന്ദര്യദർശനത്തിന്റെ അവിഭാജ്യഘടകങ്ങളാണ്. ഇവയുടെ ആകെ ത്തുകയാണ് ഇന്നിവിടെ സംജാതമായിക്കൊണ്ടിരിക്കുന്ന പുത്തൻ രാഷ്ട്രീ യബോധത്തിന്റെ കാതൽ."

# അധ്യായം II

# മലയാളസിനിമയുടെ ജൈവരാഷ്ട്രീയം

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം സംസ്കാരത്തെ നിർണയിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നുണ്ട്. സംസ്കാരത്തിന്റെ ഒരു ഭാഗമായ ചലച്ചിത്രവും ഈ വിഷയം മുഖ്യപ്രമേയമാക്കുന്നു. ആധുനികതയിൽ മനുഷ്യനിൽ പ്രകൃതിയുടെ അധീശനെന്ന ഭാവം ദൃഢീഭവിച്ചിരുന്നു. ഇതിന്റെ ദൂഷ്യഫലങ്ങൾ തിരിച്ചറിഞ്ഞ മനുഷ്യന് ആധുനികതയ്ക്കു ശേഷം സവിശേഷമായ പാരിസ്ഥിതികവിവേകത്തിന്റെ ആവശ്യകത ബോധ്യപ്പെട്ടു. മലയാളസിനിമ നഗരസംസ്കാരത്തിന്റെയും പ്രകൃതിയിൽനിന്നുള്ള അന്യവത്കരണത്തിന്റെയും സംഘർഷങ്ങളെയാണ് ആവിഷ്കരിക്കുന്നത്. സ്വന്തം ഇടങ്ങളെ വീണ്ടെടുക്കുവാനാഗ്രഹിക്കുന്ന സ്വത്വബോധമുള്ള, പാരിസ്ഥിതികാശയങ്ങളെ വഹിക്കുന്ന മലയാളത്തിലെ ഏതാനും ചലച്ചിത്രങ്ങളെയാണ് ഈ അധ്യായത്തിൽ പഠിക്കുന്നത്.

## II. ക. പേരറിയാത്തവർ

മാലിന്യസംസ്കരണവും ശുചീകരണത്തൊഴിലാളികളും കുടിയൊഴിപ്പിക്കലും ഭൂസമരങ്ങളുമൊക്കെ പ്രമേയമായ സിനിമയാണ് 'പേരറിയാത്തവർ'. ബ്രഹ്മപുരത്തെ മാലിന്യപ്ലാന്റ് കത്തുമ്പോൾ ഈ സിനിമയും വർത്തമാനകാലവുമായി സംവദിക്കുന്നു. സുരാജ് വെഞ്ഞാറമ്മൂടിനു മികച്ച നടനുള്ള ദേശീയപുരസ്കാരം, മികച്ച പരിസ്ഥിതിസംരക്ഷണസിനിമയ്ക്കുള്ള ദേശീയപുരസ്കാരം, മൂന്ന് അന്തർദേശീയപുരസ്കാരങ്ങൾ, അൻപതോളം അന്താരാഷ്ട്ര ചലച്ചിത്രമേളകളിൽ പ്രദർശനം തുടങ്ങി അനേകം നേട്ടങ്ങൾ ഈ സിനിമ കൈവരിച്ചു. ഡയറക്ടേഴ്സ് റെയർ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് ഈ സിനിമ കേരളത്തിനു പുറത്ത് മെട്രോ നഗരങ്ങളിൽ ലിമിറ്റഡ് തിയറ്റർ റിലീസ് ചെയ്തത്. കേരളത്തിലാകട്ടെ വെറും നാലു നഗരങ്ങളിൽ നാലു തിയേറ്ററുകളിൽ രണ്ടാഴ്ചത്തെ പ്രദർശനം മാത്രമായിരുന്നു ഉണ്ടായിരുന്നത്. മാത്രമല്ല ഈ സിനിമയുടെ ഒ ടി ടി റിലീസ് ഇതേവരെ സാധ്യമായിട്ടില്ല.

മാലിന്യസംസ്കരണ പ്ലാന്റുകൾക്കു നിലവിലെ സാഹചര്യത്തിൽ കൂടുതൽ യോജിക്കുക 'മാലിന്യശേഖരണ പ്ലാന്റുകൾ' എന്ന പേരാണ്. വലിയ മാലിന്യക്കൂമ്പാരങ്ങൾ കൂട്ടിക്കൂട്ടി ഇടുക എന്ന 'ശാസ്ത്രീയരീതി'യാണ് ഈ പ്ലാന്റുകളിൽ കാണാൻ സാധിക്കുക. അസഹനീയമായ ദുർഗന്ധം വമിക്കുന്ന അനാരോഗ്യകരമായ ചുറ്റുപാടുകളിൽ യാതൊരുവിധ സുരക്ഷാസംവിധാനങ്ങളും ഇല്ലാതെയാണ് ശുചീകരണത്തൊഴിലാളികൾ ഇവിടെ പണിയെടുക്കുന്നത്. ഇത്തരത്തിലുള്ള പരിസരപ്രദേശങ്ങളിലുള്ള ആളുകൾ പലരും വീടൊഴിഞ്ഞ് സ്ഥലം മാറിപ്പോകയാണു പതിവ്. അഥവാ ആൾത്താമസമുള്ള ഒന്നുരണ്ടു വീടുകൾ കാണുകയാണെങ്കിൽതന്നെ ചെറുകിട കോൺട്രാക്ടർമാർ അവരുടെ ഇതരസംസ്ഥാനക്കാരായ തൊഴിലാളികളെ കുറഞ്ഞ വാടകയിൽ പാർപ്പിക്കാൻവേണ്ടി കണ്ടെത്തുന്ന വീടുകളായിരിക്കും. അവിടെയും ലാഭക്കച്ചവടത്തിനുവേണ്ടി തൊഴിലാളിവിരുദ്ധവും മനുഷ്യത്വഹീനവുമായ പ്രവൃത്തികൾ ചെയ്യുന്നു. കേരളത്തിൽ ഫലപ്രദമായി മാലിന്യസംസ്കരണം നടത്തുക എന്നതിന് ഒരു സർക്കാരും അത്ര വലിയ പ്രാധാന്യം കൊടുത്തിട്ടില്ല എന്നതാണു യാഥാർത്ഥ്യം. ഫലപ്രദമായ മാലിന്യസംസ്കരണത്തിനു ലോകത്തെ പല രാജ്യങ്ങളിലും മികച്ച സംവിധാനങ്ങളുണ്ടെന്നിരിക്കെ അവയൊന്നും ഫലപ്രദമായി പഠിക്കാനോ നടപ്പിൽ വരുത്താനോ ഉള്ള ശ്രമങ്ങൾ ഉണ്ടായിട്ടില്ല എന്നതു മാറിമാറി വരുന്ന എല്ലാ സർക്കാരുകളുടെയും ഭാഗത്തുനിന്നുണ്ടായ കടുത്ത അനാസ്ഥയാണ്. മാലിന്യം ലോറികളിൽ ശേഖരിച്ച് പൊതുനിരത്തിലൂടെ ദുർഗന്ധം വമിപ്പിച്ചുകൊണ്ട് സഞ്ചരിച്ച് എവിടെയെങ്കിലും ഒരിടത്ത് കൂനകൂട്ടിയിടുക എന്നതാണ് പ്രാദേശികമായി ചെയ്യുന്ന 'മാലിന്യസംസ്കരണം'. പ്രതിപക്ഷത്തായിരിക്കുമ്പോൾ ഇതിനൊക്കെയെതിരെ ഘോരഘോരം പ്രതികരിക്കുകയും ഭരണപക്ഷത്താകുമ്പോൾ ഇതൊന്നും ശ്രദ്ധിക്കാൻ സമയമില്ലാതെ ഉദ്ഘാടനമാമാങ്കങ്ങൾ മാത്രം നടത്തുകയും ചെയ്യുന്ന മന്ത്രിമാർ ഈ വിഷയങ്ങൾ അത്ര കാര്യമാക്കാറില്ല എന്നതു സ്ഥിരം കാഴ്ചയായി മാറിയിട്ട് എത്രയോ പതിറ്റാണ്ടുകളായി. അടിസ്ഥാനപരമായ പല വിഷയങ്ങളിലും ഏതെങ്കിലും വിധത്തിലുള്ള കാഴ്ചപ്പാടോടുകൂടിയുള്ള ഇടപെടലുകൾ ഉണ്ടാകുന്നില്ല എന്നത് കക്ഷിരാഷ്ട്രീയ വ്യത്യാസം ഇല്ലാത്ത രാഷ്ട്രീയദുരന്തമായി നമുക്കു മുന്നിൽ ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. ബ്രഹ്മപുരം പ്ലാന്റ് ഇപ്പോഴും കത്തിക്കൊണ്ടിരിക്കുന്ന അവസരത്തിൽ അടിസ്ഥാനപരമായ ചില ചോദ്യങ്ങൾ അവശേഷിക്കുന്നുണ്ട്. ബ്രഹ്മപുരം മനുഷ്യനിർമിതമായ ഒരു ദുരന്തംതന്നെയാണ്. മുമ്പുള്ളതും

ഇപ്പോഴുള്ളതും ഇനി വരാൻ പോകുന്നതുമായ എല്ലാ രാഷ്ട്രീയഭരണനേതാക്കളും ഈ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ ബാധ്യസ്ഥരാണ്. ഈ സാഹചര്യത്തിലാണ് ഇത്തരമൊരു പഠനത്തിന്റെ പ്രാധാന്യം പ്രസക്തമാകുന്നതും.

വിളപ്പിൽശാല മാലിന്യപ്ലാന്റിലുണ്ടായ ജനകീയസമരമാണു സിനിമയുടെ പ്രതിപാദ്യവിഷയത്തിന്റെ അടിസ്ഥാനം. ഡോ. ബിജുവിന്റെ മികച്ച പരിസ്ഥിതി ചിത്രങ്ങളിലൊന്നാണു 'പേരറിയാത്തവർ'. ഇത് ഒരു രാഷ്ട്രീയചലച്ചിത്രംകൂടിയാണ്. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യത്തെ അടയാളപ്പെടുത്തുന്ന സിനിമയാണിത്. സകല ജീവജാലങ്ങളുടെയും ജീവൻ നിലനിർത്തുന്നതു പ്രകൃതിയാണ്. എന്നാൽ മനുഷ്യൻ പ്രകൃതിയോട് ചെയ്യുന്ന ചൂഷണങ്ങൾ ചിത്രത്തിൽ വ്യക്തമാക്കുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ എപ്രകാരമാണ് പരിസ്ഥിതിയെ ബാധിക്കുന്നതെന്നു സിനിമ സ്പഷ്ടമാക്കുന്നു. വികസനത്തിന്റെ പേരിൽ സാധാരണക്കാരും പരിസ്ഥിതിയും നേരിടുന്ന പ്രശ്നങ്ങളും അവയോടുള്ള ചെറുത്തുനിൽപ്പുകളും ചലച്ചിത്രത്തിലുടനീളം കാണിക്കുന്നു. നഗരങ്ങൾ പുറംതള്ളുന്ന മാലിന്യങ്ങൾക്കെതിരെയുള്ള ജനകീയ പ്രതിരോധവും സിനിമയിൽ പ്രതിഫലിക്കുന്നുണ്ട്. ഭൂമിക്കുവേണ്ടി പോരാടുന്ന ജനങ്ങളുടെ ജീവൻ നഷ്ടപ്പെടുന്ന രംഗവും ചിത്രത്തിൽ കാണാം. നഗരമാലിന്യങ്ങൾ ഗ്രാമങ്ങളിലേക്ക് എത്തപ്പെടുമ്പോഴുള്ള സംഘർഷാവസ്ഥ ചലച്ചിത്രത്തിലാകമാനം കാണപ്പെടുന്നു. മനുഷ്യന്റെ വിഹ്വലതകൾ, അവന്റെ തെരുവോരജീവിതങ്ങൾ തുടങ്ങി ബഹുവിധങ്ങളായ പ്രശ്നങ്ങളാണ് സിനിമ ചർച്ച ചെയ്യുന്നത്. വർത്തമാനകാല സാഹചര്യങ്ങളെ അടയാളപ്പെടുത്തുകയാണു ചലച്ചിത്രം.

നഗരത്തിന്റെ പിന്നാമ്പുറജീവിതമാണു സിനിമയുടെ സ്ഥലരാശി. നഗരസഭയിലെ താത്കാലിക ശുചീകരണത്തൊഴിലാളിയായ അച്ഛന്റെയും മകന്റെയും ദുരിതജീവിതത്തിലൂടെയാണ് ചലച്ചിത്രം മുന്നോട്ടു പോകുന്നത്. സിനിമയിലെ നായകന്റെ (സുരാജ് വെഞ്ഞാറമ്മൂട്) മകൻ മരിച്ചുപോയ തന്റെ അമ്മയോട് ആകുലതകൾ പങ്കുവയ്ക്കുന്ന രീതിയിലാണ് ആഖ്യാനശൈലി. പാർശ്വവത്കരിക്കപ്പെട്ട നായകനു പേരു നൽകിയിട്ടില്ല എന്നതു ശ്രദ്ധേയമാണ്. കാരണം നായകൻ ഓരോ ശുചീകരണത്തൊഴിലാളിയുടെയും പ്രതിനിധിയാണ്. നഗരമാലിന്യം ദൂരെ ഗ്രാമത്തിൽ നിക്ഷേപിക്കുകയാണ് നായകന്റെ ജോലി. ഈ യാത്രയിൽ അച്ഛനോടൊപ്പം മകനും പോകുന്നു. നായകന്റെയും മകന്റെയും അനുഭവങ്ങളും വെല്ലുവിളികളുമാണ് ചിത്രത്തിന്

ആക്കം കൂട്ടുന്നത്. വിദ്യാഭ്യാസപദ്ധതിയെയും സമൂഹത്തെയും അപവിദ്യാലയവത്കരിക്കുന്നതിലൂടെ സാമ്പ്രദായിക വിദ്യാഭ്യാസത്തിലെ അപാകതകൾ പരിഹരിക്കേണ്ടതുണ്ടെന്ന് ഇവാൻ ഇല്ലിച്ച് പറഞ്ഞുവെച്ചിട്ടുണ്ട്. "മികച്ച അറിവുകളുടെ ഉറവിടം വിദ്യാലയങ്ങളല്ല. ജീവിതത്തിലും പ്രകൃതിയിലും ഏറ്റുമുട്ടുന്ന ആകസ്മികാനുഭവങ്ങളാണ്." എന്നാണ് ഇല്ലിച്ചിന്റെ പക്ഷം.

നായകനു പരിസരം വൃത്തിയായിരിക്കണം എന്നതു നിർബന്ധമാണ്. ആരും തൊടാൻ അറയ്ക്കുന്ന മാലിന്യംപോലും ഒരു മടിയും കൂടാതെ വൃത്തിയാക്കുന്നു. ശുചീകരണത്തൊഴിലാളി എന്നത് ഒരു ജോലി എന്നതിലുപരി ജീവിതചര്യയുടെ ഭാഗവും ഉത്തരവാദിത്വവുമായി നായകൻ കണക്കാക്കുന്നു. പൊടിയും മറ്റും പിടിച്ചാൽ കുട്ടികൾക്ക് അസുഖം വരുമെന്നു ബോധവാനാണു കഥാനായകൻ. പുഴയിൽ നിന്നും റോഡരികിൽനിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകൾ നീക്കം ചെയ്യുന്നതായി സിനിമയിൽ കാണാൻ സാധിക്കും. റോഡിലേക്കു മാലിന്യം വലിച്ചെറിയുക, നദികളിൽ പ്ലാസ്റ്റിക് ഉപേക്ഷിക്കുക, പൊതു ഇടങ്ങളിൽ തുപ്പുക എന്നിവ സാധാരണക്കാരന്റെ ശീലങ്ങളാണ്. ഇത് ആരോഗ്യപ്രശ്നങ്ങൾക്കും പരിസ്ഥിതി ആഘാതത്തിനും വഴിയൊരുക്കുന്നു. രാഷ്ട്രീയവിവാദമായ വിളപ്പിൽശാല മാലിന്യനിർമ്മാർജനവിഷയത്തെ ഈ സിനിമയുമായി ചേർത്തു വായിക്കാവുന്നതാണ്. ജൈവമാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും ഒന്നിച്ച് ഉപേക്ഷിക്കുമ്പോൾ ഉപയോഗശൂന്യമായിത്തീരുന്നു. അതിനുദാഹരണമാണ് 'വിളപ്പിൽശാലാ ദുരന്തം'. മാലിന്യങ്ങൾ ചീഞ്ഞളിഞ്ഞ് ഊർന്നിറങ്ങി പരിസരപ്രദേശങ്ങളിൽ വെല്ലുവിളി സൃഷ്ടിക്കുന്നു. മാലിന്യക്കൂമ്പാരം പ്രദേശവാസികൾക്ക് ശ്വാസകോശരോഗം, ത്വക്കുരോഗം തുടങ്ങിയ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുകയും ജലമലിനീകരണത്തിനു കാരണമാകുകയും ചെയ്തു. ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രധാന വിഷയമാണ് 'ബ്രഹ്മപുരം മാലിന്യശാലയിൽ'നിന്നുള്ള വിഷപ്പുക. സാധാരണജനജീവിതത്തെ ആകമാനം ഇതു ബാധിക്കുമ്പോഴും അധികാരികൾ അതിനു നേരേ കാട്ടുന്ന നിസ്സാരവത്കരണത്തിന്റെ രാഷ്ട്രീയതലത്തെ പ്രശ്നവത്കരിക്കേണ്ടതുണ്ട്. ചിത്രത്തിൽ മാലിന്യങ്ങളുമായി പോകുന്ന വണ്ടിയും തൊഴിലാളികളെയും ഇടവിട്ട് ചിത്രീകരിച്ചിരിക്കുന്നു. സിനിമയിൽ ലോറിഡ്രൈവറും സ്കൂട്ടർ യാത്രികനുമായി തർക്കം നടക്കുന്ന സന്ദർഭത്തിൽ സ്കൂട്ടർ യാത്രികൻ ഇപ്രകാരമാണു പറയുന്നത്: "ഓടിക്കുന്നതു ചവറുവണ്ടിയാ, പക്ഷേ വിചാരം ബെൻസ് ഓടി

ക്കുവാന്നാ". സമൂഹത്തിൽ മാലിന്യങ്ങൾ ശേഖരിക്കുകയും വൃത്തിയാക്കുകയും ചെയ്യുന്നവരെ ഓരത്തെത്തിക്കുന്ന ദൃശ്യങ്ങളാണു സിനിമ കാണിച്ചുതരുന്നത്. തന്റെ കൺമുന്നിൽനിന്നു മാലിന്യം നീക്കം ചെയ്യണം എന്ന ലക്ഷ്യം മാത്രമാണു മനുഷ്യനുള്ളത്. തന്റെ പരിസരത്തുനിന്നു മാലിന്യം നീക്കം ചെയ്താൽ താൻ സുരക്ഷിതനായി എന്ന കാഴ്ചപ്പാടാണു മനുഷ്യർ സ്വീകരിച്ചിരിക്കുന്നത്. ചലച്ചിത്രത്തിൽ നായകൻ മാലിന്യസംസ്കരണശാലയിലെ മാലിന്യത്തിൽ വീഴുന്നു. ഈ സന്ദർഭം തൊഴിലാളികൾ സമൂഹത്തിൽ അനുഭവിക്കുന്ന യാതനകളിലേക്കും പ്രശ്നങ്ങളിലേക്കുമാണു വിരൽചൂണ്ടുന്നത്. തിരുവനന്തപുരത്ത് ഓണാഘോഷത്തിൽ പങ്കെടുക്കാനായി എത്തിയ നഗരസഭയിലെ ശുചീകരണത്തൊഴിലാളികളോട് അന്നേദിവസം നഗരമാലിന്യങ്ങൾ നീക്കം ചെയ്തതിനു ശേഷം ഭക്ഷണം കഴിച്ചാൽ മതി എന്ന അധികാരികളുടെ നിലപാടിനെതിരെ ഭക്ഷണം മാലിന്യത്തിലേക്കു വലിച്ചെറിഞ്ഞുകൊണ്ടാണു തൊഴിലാളികൾ പ്രതിഷേധിച്ചത്. സമൂഹനന്മയ്ക്കായി ജീവിക്കുന്ന വ്യക്തികളെ അകറ്റിനിർത്തുകയാണ് അധികാരികൾ ചെയ്യുന്നത്. 'പ്രകൃതിപരിപാലനം മനുഷ്യനന്മയ്ക്ക്' എന്നതാണ് അമേരിക്കൻ സമുദ്ര-ജൈവ ശാസ്ത്രജ്ഞയും ഹരിതസാഹിത്യകാരിയുമായ റേച്ചൽ കാഴ്സൻ സ്വീകരിച്ചിരുന്ന മുദ്രാവാക്യം.

മാതാപിതാക്കൾ മക്കൾക്കു വിലയേറിയ പ്ലാസ്റ്റിക് കളിപ്പാട്ടങ്ങൾ വാങ്ങി നൽകുന്നതു സാധാരണമാണ്. എന്നാൽ പ്ലാസ്റ്റിക്കുകൾ പരിസ്ഥിതിക്ക് എത്ര മാത്രം ആപത്താണെന്നു മനുഷ്യർ തിരിച്ചറിയുന്നില്ല. ഉപയോഗശൂന്യമായ വസ്തുക്കൾ ശേഖരിച്ച് പുനരുപയോഗിക്കുകയാണു നായകൻ. കളിപ്പാട്ടം നിർമ്മിക്കാനും മീൻ വളർത്താനും ചെടികൾ നട്ടുപിടിപ്പിക്കാനും കൗതുകകരമായ വസ്തുക്കൾ നിർമ്മിക്കാനും നായകൻ പ്ലാസ്റ്റിക്കുകൾ ഉപയോഗിക്കുന്നു. മനുഷ്യർ ആശങ്ക കൂടാതെ വളരെ ലാഘവത്തോടെ വലിച്ചെറിയുന്ന പ്ലാസ്റ്റിക്കുകൾ എങ്ങനെയെല്ലാം ഉപയോഗപ്രദമാക്കാം എന്ന് ഇത്തരം സന്ദർഭങ്ങളിലൂടെ കാട്ടിത്തരുകയാണു സംവിധായകൻ.

ലോകത്തെ ആകമാനം പ്രതിസന്ധിയിലെത്തിച്ച വൈറസ് മഹാമാരിക്കാലത്ത് മനുഷ്യർ പ്ലാസ്റ്റിക്കുകൾ ശേഖരിച്ചിരുന്നു. അവ ചെടികൾ നട്ടുപിടിപ്പിക്കാനും മീൻ വളർത്താനും വിനിയോഗിച്ചു. ഇത്തരം സാഹചര്യത്തിൽ മനുഷ്യൻ കൂടുതൽ പ്രകൃതിയോട് അടുത്തുതുടങ്ങി. മനുഷ്യന്റെ സ്വാഭാവിക പ്രകൃതിബന്ധത്തിൽ തത്പരനായിരുന്നു തോറോ. പ്രകൃതിയോടു ചേർന്നു

ലളിതജീവിതം നയിച്ചുകൊണ്ടാണ് പ്രകൃതിയും മനുഷ്യരും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് തോറോ (1817-1862) പഠിച്ചത്. 'വാൾഡനി'ൽ അദ്ദേഹം തന്റെ അനുഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

"പ്രകൃതിയെ പൂർണമായി അറിയാൻ നാം പർവതങ്ങളെപ്പോലെ ചിന്തിക്കണം"- എന്ന് അൽദോലിയോ പോൾഡ് എന്ന പ്രശസ്ത അമേരിക്കൻ നാച്ചുറലിസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാൻപോലും പാർശ്വവത്കരിക്കപ്പെട്ട ജനതയ്ക്കു സൗകര്യമില്ല എന്ന യാഥാർത്ഥ്യത്തെ സിനിമ വ്യക്തമാക്കുന്നു. റെയിൽപ്പാതയോരത്തെ കുറ്റിക്കാടിന്റെ മറവിലാണു കുട്ടി വിസർജനം നടത്തുന്നത്. സമൂഹം വികസനത്തിലേക്കു കുതിച്ചുയരുകയാണ് എന്നു പറയുമ്പോഴും അതിന്റെ നേരിയ സ്പർശംപോലും അനുഭവിക്കാൻ കഴിയാത്ത മനുഷ്യരെ സംവിധായകൻ കാട്ടിത്തരുന്നു.  ജനം വികസനത്തിന്റെ പാതയിലാണെന്ന പൊതുബോധം ഇത്തരം രംഗങ്ങൾ റദ്ദു ചെയ്യുന്നു. വഴിയോരക്കച്ചവടക്കാർ, നാടോടികൾ, അന്യസംസ്ഥാനത്തൊഴിലാളികൾ തുടങ്ങി അനേകം പേരറിയാത്തവരുടെ പ്രശ്നങ്ങളും സിനിമയിൽ ചർച്ച ചെയ്യപ്പെടുന്നു. നഗരത്തിന്റെ നടുവിലുള്ളൊരു മൈതാനത്തിൽ സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള നാടോടികൾ തമ്പടിച്ചിരിക്കുന്നു. അധികാരികളിൽനിന്നു സാമ്പത്തികമായി പിന്നോട്ടു നിൽക്കുന്ന ഇക്കൂട്ടർക്കു ലഭിക്കാത്ത പരിചരണമില്ലായ്മയും അവഗണനയും ചിത്രീകരിച്ചിരിക്കുന്നു. ചേരിനിവാസികളോട് സർക്കാർ കാട്ടുന്ന നീതികേട് സിനിമയിൽ കാണാം. വാഗ്ദാനം നൽകി കാര്യം സാധിക്കുക എന്നതാണ് സർക്കാരിന്റെ തന്ത്രം. സർക്കാരിന്റെ ചൊൽപ്പടിക്ക് വഴങ്ങാത്തവരെ ബലം പ്രയോഗിച്ച് സജ്ജരാക്കുന്ന തന്ത്രം സംവിധായകൻ പ്രേക്ഷകരിലേക്ക് എത്തിക്കുകയാണ്.

ഫുട്പാത്തിൽ കച്ചവടം ചെയ്യുന്ന എല്ലാ തൊഴിലാളികളെയും പോലീസ് ഉദ്യോഗസ്ഥന്മാർ സ്ഥലമൊഴിപ്പിക്കുന്ന രംഗം സിനിമയിലുണ്ട്. രാഷ്ട്രപതിയോ പ്രധാനമന്ത്രിയോ നാടു സന്ദർശിക്കാനെത്തുമ്പോഴാണ് വഴിയോരക്കച്ചവടക്കാരെയും റോഡിലെ മാലിന്യവും ശുചിയാക്കണമെന്ന ബോധമുണ്ടാകുന്നത്. കാഴ്ചയിലെ മാലിന്യം വൃത്തിയാക്കണം എന്നു മാത്രമാണു ഭരണാധികാരികളുടെയും കാഴ്ചപ്പാടെന്നു സംവിധായകൻ വെളിപ്പെടുത്തുന്നു. താത്കാലിക ജോലി നഷ്ടപ്പെട്ട നായകനു കെട്ടിടംപണിക്കു പോകേണ്ട സാഹചര്യം ഉണ്ടാകുന്നു. നായകനെയും ബംഗാളികളെയും ഒരു

ടെംപോവാനിൽ കുത്തിനിറച്ച് കൊണ്ടുപോകുന്നു. അതേപോലെ മറ്റൊരു ടെംപോവാനിൽ അറവുമാടുകളെയും കൊണ്ടുപോകുന്നതായി കാണാം. അറവുമാടുകൾക്കു തുല്യമായിട്ടാണു സാധാരണ തൊഴിലാളികളെ കാണു ന്നത് എന്നാണു സംവിധായകൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നത്. നായ കനും മകനും ചാമിയുടെ വീട്ടിലേക്കു പോകുന്ന വഴി ആദിവാസികളുടെ സമരപ്പന്തൽ ശ്രദ്ധയിൽപ്പെടുന്നു. ഭൂമിക്കുവേണ്ടി സർക്കാരിനെതിരെയാണ് അവരുടെ പോരാട്ടം. നായകനും ചാമിയുടെ അളിയനും കാട് സന്ദർശിക്കാ നിറങ്ങുമ്പോൾ അരുവിയിൽ പ്ലാസ്റ്റിക് മാലിന്യം കൂടിക്കിടക്കുന്നതു കാണു ന്നു. നായകൻ അതു നീക്കം ചെയ്യാൻ ശ്രമിക്കുന്നുണ്ട്. വിനോദത്തിനായി എത്തുന്ന നഗരത്തിലെ മനുഷ്യരാണു കാടുകളെ മാലിന്യക്കൂമ്പാര മാക്കിത്തീർക്കുന്നതിന് ഉത്തരവാദികൾ എന്നു സംവിധായകൻ ചൂണ്ടിക്കാ ട്ടുന്നു. കാടുകളും നാശത്തിന്റെ വക്കിലേക്കു പൊയ്ക്കൊണ്ടിരിക്കുന്നു. നാട്ടി ലെയും കാട്ടിലെയും പ്രശ്നങ്ങൾ തുല്യമാണെന്ന് ഈ ചലച്ചിത്രം വ്യക്ത മാക്കുന്നു. "എല്ലാ മനുഷ്യന്റെയും ആവശ്യത്തിനുള്ളത് ഈ ഭൂമിയിലുണ്ട്. എന്നാൽ അത്യാഗ്രത്തിനുള്ളത് ഇവിടെയില്ല." എന്നതാണു ഗാന്ധിയൻ പരി സ്ഥിതിചിന്തയുടെ അടിസ്ഥാനപ്രമാണം.

വളരെ മന്ദഗതിയിലാണു ചിത്രം അവതരിപ്പിച്ചിരിക്കുന്നത്. പശ്ചാത്തല സംഗീതമോ ഒന്നുംതന്നെയില്ലാതെ ഗൗരവതരമായ വിഷയങ്ങളെ കോർത്തി ണക്കി ലളിതമായ ആഖ്യാനശൈലിയിൽ ആവിഷ്കരിച്ചിരിക്കുന്നു. പ്രശ്ന ങ്ങളും പ്രതിസന്ധികളും ചിത്രീകരിക്കുന്നതിൽ നാടകീയതയില്ല. ചിലപ്പോ ഴൊക്കെ നിശ്ശബ്ദമായി സിനിമ സംവദിക്കുന്നു. കാരണം, യഥാർഥജീവിത ത്തിൽ വേഗതയോ പശ്ചാത്തലസംഗീതമോ നാടകീയതയോ ഇല്ല. പച്ച യായ യാഥാർഥ്യങ്ങൾ മാത്രമാണുള്ളത്. ചിത്രത്തിലെ ഓരോ രംഗങ്ങളും പരിസ്ഥിതിയെ സസൂക്ഷ്മം വീക്ഷിക്കുന്നതാണ്. മാലിന്യസംസ്കരണത്തിലെ വൈരുധ്യങ്ങളെക്കുറിച്ചു പറയുന്ന ഒരു സൃഷ്ടിയായി മാത്രം സംവിധായ കൻ ഈ ചിത്രത്തെ പരിമിതപ്പെടുത്തിയിട്ടില്ല. പ്രകൃതിയിലെ എല്ലാ ജീവ ജാലങ്ങൾക്കും ഭൂമിയിൽ തുല്യ അവകാശമാണുള്ളത് എന്ന സന്ദേശം കൂടിയാകുന്നുണ്ട്. 2013-ലെ മികച്ച പരിസ്ഥിതിസിനിമയ്ക്കുള്ള ദേശീയ പുര സ്കാരത്തിന് ഈ സിനിമ അർഹമായിത്തീർന്നു. പരിസ്ഥിതിസംരക്ഷണ വുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ശ്രദ്ധ ക്ഷണിക്കുന്ന ഒരു സിനിമ എന്ന നിലയിൽ ഏറെ ശ്രദ്ധേയമാണു ഡോ. ബിജുവിന്റെ 'പേരറിയാത്തവർ'.

# II. ഖ. ഒറ്റാൽ

ആന്റൺ ചെഖോവിന്റെ 'വാങ്ക' എന്ന കഥയെ ആസ്പദമാക്കി ജോഷി മംഗ ലത്ത് തിരക്കഥ തയ്യാറാക്കി ജയരാജ് സംവിധാനം ചെയ്ത സിനിമയാണ് 'ഒറ്റാൽ'. കുട്ടനാടിന്റെ പശ്ചാത്തലത്തിൽ താറാവുകർഷകനായ വൃദ്ധന്റെയും അദ്ദേഹത്തിന്റെ കൊച്ചുമകനായ കുട്ടപ്പായിയുടെയും കഥയാണ് 'ഒറ്റാലിൽ ചിത്രീകരിച്ചിരിക്കുന്നത്. ബാല്യം നഷ്ടപ്പെടുന്ന കുട്ടപ്പായിയുടെ ജീവിതത്തെ പരിസ്ഥിതിയുമായി കോർത്തിണക്കി അവതരിപ്പിക്കുകയാണീ ചിത്രം.

കുട്ടപ്പായി എന്ന ബാലനിലൂടെ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം ആവിഷ്കരിക്കുന്നു. പരിസ്ഥിതിക്കൊപ്പമുള്ള മനുഷ്യബന്ധങ്ങളും അവർ നേരിടുന്ന പ്രശ്നങ്ങളോടുമാണു സിനിമ സംവദിക്കുന്നത്. ഇരുണ്ട മുറിയിൽ മറ്റു കുട്ടികൾ ഉറങ്ങുമ്പോൾ ആരും കാണാതെ എഴുന്നേറ്റുവന്ന് തന്റെ സാധനങ്ങൾ ഓരോന്നായി എടുക്കുന്ന കുട്ടപ്പായി. അവനൊരു കത്തെഴുതാൻ തുടങ്ങുകയാണ്. "പ്രിയപ്പെട്ട വല്യപ്പച്ചായിക്ക്...." ദുഃഖത്തോടെ അവൻ എഴുതിത്തുടങ്ങി. പിന്നീട് സിനിമ ഫ്ളാഷ് ബാക്കിലേക്കു നീങ്ങുന്നു. കൊയ്ത്തു കഴിഞ്ഞ കുട്ടനാടൻ പാടശേഖരത്തിൽ താറാവിൻകൂട്ടത്തെ വളർത്തുകയാണ് കുട്ടപ്പായിയും വല്യപ്പച്ചായിയും. താറാവിനെ തീറ്റാനായി വയലിൽ ഇറങ്ങിക്കഴിഞ്ഞാൽ ധാരാളം സമയമുണ്ട്. ഈ സമയം അവരിരുവരും പലരേയും കണ്ടുമുട്ടുന്നു. ചൂണ്ടയിൽ മീൻ കുരുങ്ങുന്നതും കാത്ത് തോട്ടരികിൽ പ്രതീക്ഷ കൈവിടാതെ ഇരിക്കുന്ന വൃദ്ധൻ, വയലിൽ വെള്ളം തേവാൻ ചക്രം ചവിട്ടുന്നയാൾ, കള്ളുഷാപ്പിലുള്ളവർ, പോസ്റ്റുമാൻ, കുട്ടപ്പായിയുടെ കൂട്ടുകാരൻ, അവന്റെ സ്കൂൾ, വീട്, വിളക്കുമരത്തിൽ റാന്തൽ കത്തിക്കുന്ന വൃദ്ധൻ തുടങ്ങി കുട്ടനാടിന്റെ സത്ത ഒപ്പിയെടുക്കുന്ന കാഴ്ചകൾ സിനിമയിൽ പ്രദർശിപ്പിക്കുന്നു. ഇതോടൊപ്പംതന്നെ പ്രകൃതിയെ കഥാപാത്രമാക്കി മാറ്റുന്ന മറ്റു കാഴ്ചകളുമുണ്ട്. പരിസ്ഥിതിയെ അതിന്റെ അങ്ങേയറ്റം സൗന്ദര്യത്തോടെയാണ് സിനിമയിൽ അവതരിപ്പിക്കുന്നത്. വയലിൽ തീറ്റ തേടുന്ന പറവകൾ, പാടം നിറയെ പൂത്തുനിൽക്കുന്ന ആമ്പൽപ്പൂക്കൾ, താരാകാശം, ഉദയാസ്തമയവേളയിലെ കിഴക്കു-പടിഞ്ഞാറൻ ചക്രവാളങ്ങൾ. രാത്രിയിൽ പാടത്തുനിന്നു കേൾക്കുന്ന തേക്കുപാട്ട്. ഇങ്ങനെ പ്രകൃതിയുടെ എല്ലാ മനോഹാരിതയും വെളിവാക്കി നിൽക്കുന്ന കുട്ടനാട്.

കുട്ടപ്പായിയുടെ കൂട്ടുകാരൻ പ്രകൃതിയാണ്. എന്നാൽ സ്കൂളിൽ പഠിക്കാൻ

കഴിയാത്തതിന്റെ ദുഃഖം അവനുണ്ടായിരുന്നു. കൂട്ടുകാരൻ (ടിന്റു) ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിക്കുമ്പോൾ കുട്ടപ്പായി വിദ്യ അഭ്യസിച്ചത് പ്രകൃതി യുടെ പാഠശാലയിലാണ്. അതുകൊണ്ടുതന്നെ അവന്റെ കൂട്ടുകാരനായ ടിന്റു വിന്റെ പാഠപുസ്തകത്തിൽ അച്ചടിച്ച ചോദ്യങ്ങൾക്കുള്ള ഉത്തരം പ്രകൃതി യിൽനിന്ന് അവൻ കണ്ടെത്തി. ഒരിക്കൽ സ്കൂളിലെ പ്രവൃത്തിപരിചയമേ ളയ്ക്ക് എന്തു കൊണ്ടുപോകണമെന്നു സംശയിക്കുന്ന ടിന്റുവിന് വയലിലെ കളിമണ്ണുകൊണ്ടൊരു ശില്പമുണ്ടാക്കി നൽകുകയാണു കുട്ടപ്പായി. പ്രകൃതി നമുക്കു പുറത്താണെന്നു തോന്നുമെങ്കിലും ശരിക്കും നമ്മുടെ ഭാവനയി ലാണു നിലനിൽക്കുന്നതെന്ന് ഇവിടെ കാണാം. വയലിലും വരമ്പിലും ഓടി നടക്കുന്ന കുട്ടപ്പായിക്ക് പ്രകൃതിയിലെ ഓരോന്നിന്റെയും ഉപയോഗവും സാധ്യതയും വ്യക്തമായിരുന്നു. ചൂണ്ടയിടുന്ന വൃദ്ധന്റെ പ്രതീക്ഷയായിരുന്നു അതിന്റെ ആശയം. പ്രകൃതിയിൽനിന്നാണു കുട്ടപ്പായി ജീവിതം പഠിക്കുന്ന ത്. താൻ സ്ഥിരം കാണുന്ന മത്സ്യത്തെ ചൂണ്ടയിൽ കിട്ടുമെന്ന വൃദ്ധന്റെ പ്രതീക്ഷ മാത്രമല്ല ആ ശില്പത്തിലുള്ളത്. പഠിക്കാനുള്ള മോഹം ശക്ത മായി കൊണ്ടുനടക്കുന്ന കുട്ടപ്പായി എന്ന ബാലനു തന്റെ ഭാവിയെക്കുറി ച്ചുള്ള പ്രതീക്ഷകൂടി അതിൽ കാണാം. ചൂണ്ടയിടുന്ന വൃദ്ധനെപ്പോലെതന്നെ മറ്റൊരാളാണു വൈദ്യുതി ഗ്രാമത്തിലെത്തിയിട്ടും വിളക്കുമരത്തിൽ റാന്തൽ തെളിയിച്ച് മറ്റുള്ളവർക്കായി തന്റെ ജോലി വീണ്ടും തുടരുന്ന വൃദ്ധൻ; പ്രതി ഫലേച്ഛയില്ലാതെ പ്രകൃതി മനുഷ്യനു നൽകുന്ന സംഭാവനകൾ ഇതുപോ ലുള്ള വ്യക്തികളിലൂടെ പ്രതിഫലിക്കുന്നു.

സമൂഹത്തിലെ ഉന്നതർക്ക് കുട്ടപ്പായിയെപ്പോലുള്ള കുട്ടികളോടുള്ള വേർതിരിവും സിനിമയിൽ കാണാം. പരിസ്ഥിതിയെ ആത്മാവിനോടു ചേർത്ത് പ്രകൃതിയോടിണങ്ങി ജീവിക്കുന്ന ജനതയെ അപരിഷ്കൃതരായും പരിസ്ഥി തിയിൽനിന്നകന്നു സ്വന്തം താല്പര്യങ്ങൾക്കു മുൻതൂക്കം കൊടുക്കുന്നവരെ പരിഷ്കൃതരായും സമൂഹം കല്പിക്കുന്നതിനുള്ള ഉദാഹരണം ഇതിൽ കാണാം. ടിന്റുവിന്റെ അച്ഛൻ അവനോടു കുട്ടപ്പായിയോടുള്ള കൂട്ട് വേണ്ടെന്നു പറയുന്നുണ്ട്. കൂടാതെ അവനവിടെ വരുമ്പോഴൊക്കെ എന്തെങ്കിലും കൊടു ത്തുവിടാനും അയാൾ പറയുന്നു. കുട്ടപ്പായിക്ക് അവരുടെ പണമോ സാധന ങ്ങളോ ആവശ്യമില്ലെന്ന കാര്യം അയാൾ മനസ്സിലാക്കുന്നില്ല. അവന്റെ നന്മ തിരിച്ചറിയുന്നില്ല. വാസ്തവത്തിൽ ആരാണ് അപരിഷ്കൃതൻ എന്നുള്ള ചോദ്യമിവിടെ ഉയരുന്നു.

പെട്ടെന്നുണ്ടായ രോഗത്തിൽ വല്യപ്പച്ചായി കുട്ടപ്പായിയുടെ ഭാവിജീവിത

മോർത്ത് ആകുലനാകുന്നു. മേസ്തിരി പറഞ്ഞപ്രകാരം കുട്ടപ്പായിയുടെ സുരക്ഷയ്ക്കായി അവനെ ജോലിക്കായി ഫാക്ടറിയിലേക്കയയ്ക്കുന്നു. താൻ പഠിക്കാനാണു പോകുന്നതെന്നു കുട്ടപ്പായി കരുതുന്നു.

"ആ മനസ്സിലിരുന്ന് ഓലേഞ്ഞാലി-
ക്കിളി കരഞ്ഞേ കിളി കരഞ്ഞേ
കളം പിരിഞ്ഞേ കളി കഴിഞ്ഞേ."

ഈ ഗാനം ഉയരുമ്പോൾ അവർ യാത്രയാവുകയാണ്.

"പേരില്ലാപ്പട്ടീ....നീ വല്യപ്പച്ചായിയെ നോക്കിക്കോണേ" എന്നു പറഞ്ഞ് വള്ളത്തിൽ കയറുന്നു. വള്ളം നീങ്ങുമ്പോൾ പട്ടി ഒരു നിമിഷം അവരെ നോക്കുന്നു. പിന്നെ നാട്ടുവരമ്പിലൂടെ അതും അവർക്കു പിന്നാലെ ഓടുന്നു. പ്രകൃതി വരെ അസ്വസ്ഥമാകുന്ന നിമിഷങ്ങൾ. പടക്കനിർമ്മാണശാലയിലെത്തിയ കുട്ടപ്പായി ഒറ്റപ്പെടലിന്റെ തുരുത്തിൽ ബാലവേലയെന്ന ഒറ്റാലിൽ കുടുങ്ങുന്നു. അവന്റെ പ്രതീക്ഷകളെല്ലാം ഒരു നിമിഷംകൊണ്ടു നിലയ്ക്കുന്നു. പ്രകൃതിയോടൊപ്പം നടന്ന അവൻ ഇരുട്ടിൽ അടയ്ക്കപ്പെടുന്നു. പ്രകൃതിയോടൊപ്പം അവനു പ്രതീക്ഷകളും നഷ്ടമാവുകയാണ്. സമൂഹത്തിന്റെ സ്വാർത്ഥമോഹങ്ങൾക്കു പാത്രമാവുകയാണ് കുട്ടപ്പായി. "ഏതൊന്നിന്റെയും മൂല്യം അതിന്റെ സാമ്പത്തിക ഉപയോഗമൂല്യമോ വിനിമയമൂല്യമോ അല്ലെന്നും ജീവന്റെ നിലനില്പിനെ പിന്തുണയ്ക്കാനുള്ള കഴിവും ശക്തിയുമാണെ"ന്നും റസ്കിൻ സൂചിപ്പിക്കുന്നു.

കുട്ടപ്പായിയെ തടവിലാക്കുന്നതിലൂടെ പ്രകൃതിയെ സ്വാർത്ഥമോഹങ്ങൾക്കായി ദുരുപയോഗം ചെയ്യുന്ന മനുഷ്യരുടെ പ്രതിനിധിയായി മേസ്തിരിയേയും കമ്പനിയുടമയേയും കാണാം. കുട്ടപ്പായിയുടെ ആഹ്ലാദം നിറഞ്ഞ ജീവിതത്തിനു പരിസ്ഥിതി എന്നും കൂട്ടായി നിന്നു. എന്നാൽ അവൻ ഒറ്റാലിൽ അകപ്പെട്ടപ്പോൾ പ്രകൃതിപോലും നിസ്സഹായതയിലാകുന്നു.

കുട്ടപ്പായിയുടെ മാതാപിതാക്കൾ അവന്റെ ബാല്യത്തിൽത്തന്നെ മരണപ്പെട്ടു. കുട്ടപ്പായിയുടെ മാതാപിതാക്കളെപ്പറ്റി ഗൃഹനാഥൻ (ടിന്റുവിന്റെ അച്ഛൻ) ചോദ്യമുന്നയിക്കുന്ന ഒരു രംഗമുണ്ട്. "കൃഷി ചെയ്ത് കടം കയറിയാണ് അവർ ജീവിതമവസാനിപ്പിച്ചത്." എന്ന വല്യപ്പച്ചായിയുടെ മറുപടിയിലൂടെ കേരളത്തിലെ കാർഷികമേഖല നേരിടുന്ന പ്രതിസന്ധിയും അതുണ്ടാക്കുന്ന സാമ്പത്തികപ്രത്യാഘാതങ്ങളേയും ഓർമ്മിപ്പിക്കുകയാണ്.

എല്ലാം കച്ചവടക്കണ്ണിലൂടെ കാണുന്ന മനുഷ്യൻ രാസവളവും കീടനാശിനിയും ഉപയോഗിച്ച് മണ്ണിനെയും പ്രകൃതിയെയും മാത്രമല്ല മനുഷ്യരാശിയെ മുഴുവനും നശിപ്പിക്കുന്നു. വൻകിട വ്യവസായികൾ ഒരുക്കിയ ഒറ്റാലിൽ കർഷകർ പെട്ടുപോകുന്നു. കാർഷികകടം താങ്ങാനാവാതെ അവർ ജീവനൊടുക്കുന്നു.

പശ്ചാത്തലസംഗീതത്തിലൂടെ പ്രകൃതിയുടെ ഭാഷയെ കൂടുതലായി പ്രേക്ഷകരിലേക്ക് എത്തിക്കാൻ സിനിമയ്ക്കു സാധ്യമായി. പ്രത്യേകം വാദ്യോപകരണങ്ങളോ മറ്റൊന്നുംതന്നെയോ ഉപയോഗിക്കാതെ പ്രകൃതിയുടെ മാത്രം ചലനങ്ങളും ശബ്ദങ്ങളും ചിത്രത്തിൽ കേൾക്കാം. പരിസ്ഥിതിയുടെ നേർശബ്ദം വെളിവാക്കുന്നവയാണത്. പരിസ്ഥിതിക്കു പറയാനുള്ളത് യഥാതഥമായി ആവിഷ്കരിക്കുകയാണ്. കുട്ടപ്പായിയെ വേർപിരിയുന്ന നേരത്തു വല്യപ്പച്ചായിയുടെ ഉള്ളിൽനിന്നു കൊച്ചുമോനെന്ന ഓലേഞ്ഞാലിക്കുരുവി പറന്നുപോവുകയാണ്. കിളി കരയുന്നതും കളം പിരിയുന്നതും ഒക്കെ പാട്ടിലൂടെ വല്യപ്പച്ചായിയുടെയും കുട്ടപ്പായിയുടെയും വേർപിരിയലിന്റെ വ്യാപ്തി എടുത്തുകാട്ടുന്നു. യന്ത്രങ്ങളുപയോഗിച്ച് കൃത്രിമമായി ശബ്ദങ്ങൾ സൃഷ്ടിക്കുന്നതിനെക്കാൾ വ്യാപ്തി അന്തരീക്ഷത്തിലെ ജീവജാലങ്ങളുടെ ശബ്ദത്തിലൂടെ ലഭിക്കുന്നു.

പരിസ്ഥിതിയിൽ ഏറെ പരിചിതമായ 'ഒറ്റാൽ' എന്ന പേര് സിനിമയ്ക്ക് ഏറെ അനുയോജ്യമാണ്. മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്ന ഉപകരണമാണ് ഒറ്റാൽ. കുട്ടപ്പായിയുടെ ജീവിതം ഒറ്റാലിൽ അകപ്പെട്ട മീനിനെപ്പോലെ ബാലവേലയെന്ന ഒറ്റാലിൽ അകപ്പെട്ട് പുറംലോകം കാണാനാകാത്ത നിലയിലായി. കുട്ടപ്പായി എഴുതിയ കത്തു വല്യപ്പച്ചായിയും ടിന്റുവും പേരില്ലാപ്പട്ടിയും ഒന്നിച്ചിരുന്ന് വായിക്കുന്ന രംഗത്തോടെയാണു ചിത്രം അവസാനിക്കുന്നത്. പ്രകൃതി മുഴുവൻ ആ കത്തിനു കാതോർത്തു നിശ്ചലമാകുന്നു. കുട്ടപ്പായിയെപ്പോലെ നമ്മളോരോരുത്തരും മുതലാളിത്തത്തിന്റെയും ആധുനികവത്കരണത്തിന്റെയും ഒറ്റാലിൽ അകപ്പെട്ടിരിക്കുകയാണ്. പ്രകൃതിക്കു വിപത്തു സൃഷ്ടിക്കുന്ന ഒറ്റാലുകളിൽനിന്നു നാം തിരികെ പ്രകൃതിയിലേക്കു മടങ്ങേണ്ടത് അനിവാര്യമാണെന്നും തങ്ങളുടെ സ്വത്വം എന്തിനൊക്കെയോവേണ്ടി മറച്ചുവച്ചുകൊണ്ടു ജീവിക്കാതെ പ്രകൃതിയെന്ന വലിയ സത്യം തിരിച്ചറിയണമെന്നും പ്രേക്ഷകരെ ചിന്തിപ്പിച്ചുകൊണ്ട് സിനിമ അവസാനിക്കുന്നു.

കുട്ടപ്പായിയെപ്പോലെ പ്രകൃതിയെ അടുത്തറിയാനും അതിന്റെ ഓരോ ചലനങ്ങളും നിരീക്ഷിക്കുവാനും പ്രകൃതി ഉപഭോഗവസ്തുവാണെന്ന ചിന്ത ആദ്യം ഉപേക്ഷിക്കണം. അബോധമനസ്സിന്റെ വേരുകളിലൂടെ, ഭൂമിയുടെ പൊക്കിൾക്കൊടിയുമായി നാം ബന്ധപ്പെട്ടിരിക്കുന്നു. "പ്രകൃതിയെ പൂർണ മായി അറിയാൻ നാം പർവ്വതങ്ങളെപ്പോലെ ചിന്തിക്കണം" എന്നു പ്രശസ്ത അമേരിക്കൻ നാചറലിസ്റ്റായ അൽദോ ലിയോപോൾഡ് രേഖപ്പെടുത്തിയിട്ടു ണ്ട്. വാസ്തവത്തിൽ പ്രകൃതിയിൽനിന്നാണ് പഠനം ആരംഭിക്കേണ്ടതെന്നും പരിമിതമായ പുസ്തകത്താളുകൾക്കുമപ്പുറം വിദ്യാഭ്യാസത്തിന്റെ തുറന്ന ലോകം പ്രകൃതി നമുക്കായി ഒരുക്കിയിട്ടുണ്ടെന്നും കുട്ടപ്പായി എന്ന ബാല നിലൂടെ തിരിച്ചറിയാനാകുന്നു. പരിസ്ഥിതിയെ പൂർണമായി പഠിക്കുക എന്നത് അസാധ്യമാണ്. ചുറ്റുപാടിനെ തൊട്ടറിയാൻ ഭൂമിയോട് ആത്മബന്ധം ഉണ്ടാ കണം. അറിവിന്റെ വിശാലമായ ലോകം നമുക്കു ചുറ്റുമുള്ള പരിസ്ഥിതിയി ലുള്ളപ്പോൾ വിദ്യാലയങ്ങളിൽ മാത്രം ചുരുങ്ങേണ്ടതല്ല അറിവ്. "ഏറ്റവും വലിയ പാഠങ്ങൾ നാം പഠിക്കേണ്ടതു പ്രകൃതിയിൽനിന്നാണ്. പാഠംചൊല്ല ലില്ലാതെ, ചോദ്യങ്ങളില്ലാതെ, അധ്യാപകന്റെ ശ്രദ്ധയുടെ നിബന്ധനകളി ല്ലാതെ സമൃദ്ധമാവേണ്ട പഠനമാണത്" എന്നാണ് ജി. മധുസൂദനൻ അഭി പ്രായപ്പെടുന്നത്. വിദ്യാഭ്യാസപദ്ധതിയേയും സമൂഹത്തേയും അപവിദ്യാല യവത്കരിക്കുന്നതിലൂടെ സാമ്പ്രദായികവിദ്യാഭ്യാസത്തിലെ അപാകതകൾ പരിഹരിക്കേണ്ടതുണ്ടെന്ന് ഇവാൻ ഇല്ലിച്ച് പറഞ്ഞുവച്ചു. "മികച്ച അറിവുക ളുടെ ഉറവിടം വിദ്യാലയങ്ങളല്ല ജീവിതത്തിലും പ്രകൃതിയിലും ഏറ്റുമുട്ടുന്ന ആകസ്മികാനുഭവങ്ങളാണ്." എന്നാണ് ഇല്ലിച്ചിന്റെ പക്ഷം. മനുഷ്യന്റെ വേരുകൾ പ്രകൃതിയിലാണെന്നു തിരിച്ചറിയാതെ അതിൽനിന്നു തെന്നിമാറി ഒറ്റാലുകളിൽപ്പെടുന്ന വരേണ്യജനതയ്ക്കുള്ള തിരിച്ചറിവാണ് ഈ സിനിമ.

## II. ഗ. വലിയ ചിറകുള്ള പക്ഷികൾ

സിനിമ എന്ന കലാമാധ്യമത്തെ കേവലമൊരു വിനോദോപാധിയാക്കി മാറ്റാതെ തനിക്കു ചുറ്റുമുള്ള പ്രശ്നങ്ങളെ പ്രേക്ഷകർക്കു മുന്നിൽ എത്തി ക്കുവാനുള്ള ഡോ. ബിജുവിന്റെ ശ്രമമാണ് 'വലിയ ചിറകുള്ള പക്ഷികൾ'. ജേണലിസ്റ്റും ഫോട്ടോഗ്രാഫറുമായ നായകനിലൂടെയാണ് സിനിമ സഞ്ചരി

ക്കുന്നത്. എൻഡോസൾഫാൻ കീടനാശിനി അമിതമായി ഉപയോഗിച്ചതിന്റെ മരവിപ്പിക്കുന്ന കാഴ്ചകൾ, മലയാളികളുടെ മനസ്സിനെ വ്യാകുലപ്പെടുത്തുവാൻ തുടങ്ങിയിട്ട് വർഷങ്ങളാകുന്നു. കശുമാവിൻതോട്ടങ്ങളിൽ തളിച്ച എൻഡോസൾഫാൻ വിഷത്തിന്റെ ദുരന്തം അനുഭവിക്കുന്ന ജനതയെയാണ് സിനിമ ചിത്രീകരിക്കുന്നത്. നായകനായ ഫോട്ടോ ജേണലിസ്റ്റ് തന്റെ ക്യാമറയിലൂടെ പകർത്തുന്ന എൻഡോസൾഫാൻ ബാധിതരുടെ നിശ്ചലചിത്രങ്ങൾ ആരെയും മുറിവേൽപ്പിക്കുന്നവയാണ്. ഫോട്ടോഗ്രാഫറുടെ ഇടപെടലുകൾ പത്രമാധ്യമങ്ങളിൽ വന്നതോടെ ജനശ്രദ്ധ ലഭിക്കുകയും ചെയ്യുന്നു. അഞ്ചു വർഷങ്ങൾക്കു ശേഷം വീണ്ടും അവിടം സന്ദർശിക്കുന്ന നായകൻ താൻ മുമ്പു ക്യാമറയിൽ പകർത്തിയ പല ജീവിതങ്ങളും ഇന്ന് ഇല്ലാതെയായിരിക്കുന്നു എന്ന യാഥാർത്ഥ്യം മനസ്സിലാക്കുന്നു. മരണം എല്ലായിടത്തും കടന്നുകയറുന്ന കാഴ്ചയാണ് സിനിമ നൽകുന്നത്. മാത്രമല്ല ജനിച്ചിട്ടില്ലാത്ത ശരീരങ്ങളിൽപോലുമതു കടന്നുകയറുന്നു. കൈകാലുകൾ ശോഷിച്ച്, ചലനമില്ലാത്ത, അമിത വലുപ്പത്തിലുള്ള തല, ബുദ്ധിവൈകല്യമുള്ള, കാഴ്ചയ്ക്കും കേൾവിക്കും തകരാറുള്ള രൂപങ്ങൾ എന്നിങ്ങനെയുള്ള കാഴ്ചകളാണ് സിനിമ കാട്ടിത്തരുന്നത്.

ഫോട്ടോഗ്രാഫറുടെ തുടർന്നുള്ള യാത്രയിൽ രോഗബാധിതരെ സൗജന്യമായി ചികിത്സിക്കുന്ന ഒരു ഡോക്ടറിനെ പരിചയപ്പെടുന്നു. ആ പരിചയം ഫോട്ടോഗ്രാഫർക്ക് എൻഡോസൾഫാനെക്കുറിച്ചും അതുമൂലമുണ്ടാകുന്ന രോഗങ്ങളെക്കുറിച്ചും കൂടുതൽ അറിയുവാൻ സഹായകമാകുന്നു. പിന്നീട്, രാജ്യങ്ങളെയെല്ലാം പങ്കെടുപ്പിച്ചുകൊണ്ടുള്ള സ്റ്റോക്ക്ഹോം ഉച്ചകോടിയിൽ ഫോട്ടോഗ്രാഫർ ഉൾപ്പെടുന്ന സംഘവും പങ്കെടുക്കുന്നു. മറ്റു രാജ്യങ്ങളിൽനിന്നെല്ലാം വ്യത്യസ്തമായിട്ടാണ് ഇന്ത്യൻ പ്രതിനിധികളുടെ ആ സമ്മേളനത്തിലേക്കുള്ള കടന്നുവരവ്. അതിനു കാരണം മറ്റൊന്നുമല്ല. എല്ലാ രാജ്യങ്ങളും എൻഡോസൾഫാന്റെ ദൂഷ്യവശങ്ങളും അതുമൂലം സമൂഹത്തിൽ സംഭവിക്കുന്ന ആരോഗ്യപ്രശ്നങ്ങളും തുറന്നുപറയുമ്പോൾ, ഇന്ത്യ മാത്രം എൻഡോസൾഫാനെ അനുകൂലിക്കുകയും എൻഡോസൾഫാൻ ഉത്പാദകരായ കമ്പനിപ്രതിനിധികളുമായി ഉച്ചകോടിയിൽ പങ്കെടുക്കുകയും ചെയ്യുന്നു. പ്രകൃതിചൂഷണവും മനുഷ്യചൂഷണവും ഒരേപോലെയിവിടെ സംഭവിക്കുകയാണ്. മുറേ ബുക്ചിൻ സൂചിപ്പിക്കുന്നതുപോലെ പ്രകൃതിയുടെ മേൽ മനുഷ്യൻ സ്ഥാപിക്കുന്ന അധീശത്വം ഉറവയെടുക്കുന്നത് മനുഷ്യർ ഇതര

മനുഷ്യർക്കു മേൽ സ്ഥാപിക്കുന്ന അധീശതയിൽനിന്നുതന്നെയാണ്. രാജ്യത്തെ ജനങ്ങളുടെ ക്ഷേമത്തെക്കാൾ ഉപരിയായി ഭരണകൂടം ശ്രദ്ധ നൽകുന്നതും പരിഗണിക്കുന്നതും ബഹുരാഷ്ട്രകുത്തകകൾക്ക് ആണെന്നു സിനിമ എടുത്തുകാട്ടുന്നു.

വ്യവസായവത്കരണം ഒരു നാടിനേയും അവിടത്തെ പ്രകൃതിയേയും എങ്ങനെ ബാധിക്കുന്നു എന്നതിന് വലിയ ഒരു ഉദാഹരണംതന്നെയാണ് കാസർകോട് ജില്ലയിലെ എൻഡോസൾഫാൻ ദുരന്തം. കൃഷിസ്ഥലങ്ങളിൽ ഇത്തരം വിഷവസ്തുക്കൾ വ്യാപകമായി ഉപയോഗിച്ചു തുടങ്ങിയതോടെ മനുഷ്യനും പ്രകൃതിക്കും ദോഷകരമായി ഭവിച്ചു. ഇതു മനസ്സിലാക്കി പല രാജ്യങ്ങളും ഇത്തരം ഉത്പന്നങ്ങൾ നിരോധിച്ചു. എന്നാൽ ഇന്ത്യ മാത്രം ഇത്തരത്തിലുള്ള പ്രവൃത്തികളെ പ്രോത്സാഹിപ്പിക്കുന്നു. പിറന്നുവീഴുന്ന കുഞ്ഞുങ്ങളിൽപോലും വ്യത്യസ്ത രൂപമാറ്റം കണ്ടുതുടങ്ങിയതോടെ പ്രകൃതിസ്നേഹികൾ മാറിച്ചിന്തിക്കാൻ തുടങ്ങി. അമിതമായ കീടനാശിനികളുടെ പ്രയോഗമാണു ദുരന്തത്തിനു കാരണമെന്നു മനസ്സിലാക്കിവന്നപ്പോഴേക്കും സമയം വളരെ കടന്നുപോയിരുന്നു. കാൽ നൂറ്റാണ്ടിലേറെക്കാലത്തെ എൻഡോസൾഫാന്റെ അമിതപ്രയോഗത്തിന്റെ ഫലം ഇന്നും അവിടത്തെ ജനത അനുഭവിക്കുകയാണ്. അധികാരികൾപോലും എൻഡോസൾഫാനെ അനുകൂലിക്കുന്നവരാണെന്നു സിനിമ വിശദമാക്കുന്നു. പരിസ്ഥിതി-സാമൂഹിക വിഷയങ്ങൾപോലെതന്നെ രാഷ്ട്രീയവും സിനിമയിൽ ചർച്ച ചെയ്യപ്പെടുന്നു. സാമൂഹികനീതി ഉണ്ടെങ്കിലേ പാരിസ്ഥിതികനീതി ഉണ്ടാവുകയുള്ളൂ. എൻഡോസൾഫാൻ മൂലം ദുരിതം അനുഭവിക്കുന്ന ജനതയുടെ ദുരന്തങ്ങൾ അതേപടി പകർത്തുകയും അത് ഭരണാധികാരികളുടെ ശ്രദ്ധയിൽ എത്തിക്കുകയും ചെയ്യുകയാണ് ഫോട്ടോഗ്രാഫർ. പക്ഷേ അതിനെ ഗൗനിക്കാതെ തിരിഞ്ഞുനടക്കുകയാണു ഭരണകൂടം. കാനഡയിൽവെച്ച് രാജ്യങ്ങളെ എല്ലാം പങ്കെടുപ്പിച്ചുകൊണ്ടു നടന്ന കോൺഫറൻസിൽ എൻഡോസൾഫാൻ നിരോധിക്കണമെന്ന് എല്ലാ രാജ്യങ്ങളും വാദിച്ചപ്പോഴും നിരോധനത്തിന്റെ ആവശ്യം ഇല്ലെന്നായിരുന്നു ഇന്ത്യയുടെ വാദം.

ഫോട്ടോ ജേണലിസ്റ്റിന്റെ, അതായത് സിനിമയിലെ നായകന്റെ പ്രവൃത്തികളും ഉദ്ദേശശ്യവും തങ്ങൾക്കു ദോഷകരമായി മാറും എന്നു മനസ്സിലാക്കിയ എൻഡോസൾഫാൻ കമ്പനി പ്രതിനിധികൾ അയാളെ സ്വാധീനിക്കാൻ ശ്രമിക്കുന്ന കാഴ്ച സിനിമയിൽ കാണുവാൻ സാധിക്കും. പക്ഷേ, തന്റെ

ലക്ഷ്യത്തിൽനിന്നു മാറി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും ഫോട്ടോ ഗ്രാഫർ തയാറായിരുന്നില്ല. എന്നാൽ ഇത്തരത്തിലുള്ള സ്വാധീനങ്ങളിലും മറ്റും ഭരണാധികാരികൾ അകപ്പെടുന്നതാണ് ദുരന്തങ്ങൾ ഉണ്ടാകുന്നതിനുള്ള പ്രധാന കാരണം. കഥാപാത്രങ്ങളുടെ ഒരു സവിശേഷത നടീനടന്മാരോ ടൊപ്പം ദുരന്തത്തിനിരയായവരും ക്യാമറയ്ക്കു മുന്നിൽ എത്തുന്നുണ്ട് എന്ന താണ്. നായകനായ ഫോട്ടോജേണലിസ്റ്റിനെ അവതരിപ്പിക്കുന്നത് കുഞ്ചാക്കോ ബോബനാണ്. കൂടാതെ പ്രകാശ് ബാരെ, നെടുമുടി വേണു, സുരാജ് വെഞ്ഞാറമ്മൂട്, സലിംകുമാർ, കൃഷ്ണകുമാർ, അവിനാഷ് തമ്പി, ആന്റണി, അനുമോൾ തുടങ്ങിയവർ മറ്റു കഥാപാത്രങ്ങളേയും അവതരിപ്പി ക്കുന്നു. ജെയിംസ് ബ്രാഡ്ഫോർഡ് എന്ന വിദേശനടനും ചിത്രത്തിൽ അഭി നയിക്കുന്നു. മലയാളത്തിനു പുറമേ ഇംഗ്ലീഷ്, ഫ്രഞ്ച് ഭാഷകളിലും സിനിമ നിർമ്മിച്ചിട്ടുണ്ട്. ജനകീയ പ്രതിരോധങ്ങളുടെ പുതിയ ഭൂമിക, ജീവനോപാ ധികളായ വായുവും ജലവും മണ്ണും പ്രകൃതിയുമെല്ലാമാണ്. അവയും തങ്ങ ളുടെ ജീവിതങ്ങളും സംരക്ഷിക്കാനായി ഭരണകൂടങ്ങൾക്കും കോർപ്പറേറ്റ് ഭീകരർക്കും എതിരെ കലാപമുയർത്തുന്ന ജനങ്ങളുടെ പുതിയ രണഭൂമിയി ലേക്ക് സാഹിത്യകാരന്മാർ എത്തിച്ചേരണം. അത്തരത്തിൽ നടത്തിയ ഒരു പ്രതിരോധമാണ് ഈ ചലച്ചിത്രം.

## II. ഘ. ജലമർമ്മരം

ടി. കെ. രാജീവ്കുമാർ സംവിധാനം ചെയ്ത ചലച്ചിത്രമാണു 'ജലമർമ്മരം'. പല വ്യവസായശാലകളുടെയും കടന്നുവരവ് പ്രകൃതിയുടെ സ്വാഭാവിക തയെ നശിപ്പിക്കുന്നു എന്ന സന്ദേശമാണു സിനിമയുടെ ആവിഷ്കാരല ക്ഷ്യം. സ്വഭാവികമായ ശ്വസനം സാധ്യമാകാതെ കൃത്രിമശ്വാസം നൽകേ ണ്ടിവരുന്ന കഥാപാത്രത്തിന്റെ അവതരണത്തോടെയാണ് ഈ ചലച്ചിത്രം ആരംഭിക്കുന്നത്. നാളെയുടെ നിലനിൽപ്പിനെപ്പറ്റി ചിന്തിക്കാതെ ഇന്നത്തെ സുഖത്തിനായി പ്രകൃതിയെ ചൂഷകർ നഷ്ടപ്പെടുത്തുന്നു. വ്യവസായശാല കളുടെ വരവോടെ പ്രദേശമാകെ വായുമലിനീകരണം സംഭവിക്കുന്നു. വ്യവ സായശാലകളുടെ സമീപത്തുള്ളവരെയാകും ഇതു കൂടുതൽ ബാധിക്കുക. സമീപത്തെ സ്കൂളുകളിലെ കുട്ടികൾക്കു വായുമലിനീകരണം കാരണം അസ്വസ്ഥതകളും ബോധക്ഷയവും സംഭവിക്കുന്നു. അധികൃതർ വായുമലി

നീകരണമാണു കാരണം എന്നു പറഞ്ഞ് സ്കൂൾ അടച്ചിടുന്നു. പ്രശ്നങ്ങൾ വരുമ്പോൾ അതിന്റെ യഥാർത്ഥകാരണം അന്വേഷിക്കാതെ, വരും തലമുറ യുടെ പഠനം മുടക്കി അവരെ വീട്ടിലിരുത്തുന്നു. ബദൽ മാർഗങ്ങൾപോലും സ്വീകരിക്കുന്നില്ല. കുട്ടികൾ കമ്പനിയുടെ സമീപത്തെ ഗ്രൗണ്ടിൽ കളിക്കാൻ പോകുന്നു. എന്നാൽ അവിടെയും രൂക്ഷമായ ആരോഗ്യപ്രശ്നങ്ങൾ കുട്ടി കളെ തേടി എത്തുന്നു. ബ്രഹ്മപുരത്തെ പ്ലാസ്റ്റിക് മാലിന്യത്തിനു തീപിടിച്ച പ്പോൾ അവിടെ രൂക്ഷമായ വായുമലിനീകരണം നിമിത്തം നിരവധി ആളു കൾ അവശതയിലായ രംഗം ഓർക്കേണ്ടിയിരിക്കുന്നു. ചലച്ചിത്രത്തിൽ വായു മലിനീകരണം ഒരു പ്രദേശത്തെ മുഴുവൻ എത്രത്തോളം ബാധിച്ചു എന്നു മനസ്സിലാക്കാൻ സാധിക്കുന്ന സന്ദർഭമാണിത്. പ്രകൃതിക്ക് ഏറ്റവും കുറച്ച് ക്ഷതമേൽപ്പിക്കുക എന്ന ബുദ്ധിസ്റ്റ് സങ്കല്പത്തിലടങ്ങിയ, പ്രകൃതിയെ വള രാൻ അനുവദിക്കുക എന്ന പാരിസ്ഥിതിക വെളിച്ചം പകരുന്ന, മനുഷ്യ ന്റെയും ഇതര ജീവികളുടെയും പവിത്രത തിരിച്ചറിയുന്ന, സ്നീഡർ സൂചി പ്പിക്കുന്ന ആത്മീയ പരിസ്ഥിതിവാദമാണ് (Spiritual Ecology) ഇവിടെ ആവ ശ്യം. തങ്ങളുടെ ജീവനും ജീവിതവും ആയിരുന്ന പ്രകൃതി ജനങ്ങൾക്കു നഷ്ടമാകുന്നു. കമ്പനിയിൽനിന്നു പുറന്തള്ളുന്ന മാലിന്യം ആ പ്രദേശത്തു ജലമലിനീകരണത്തിനു കാരണമാകുന്നു. പുഴയുടെ നിറം കറുത്തതായി മാറുന്നു. മത്സ്യങ്ങൾ ചത്തുപൊങ്ങുന്നു. കിണർവെള്ളത്തിനും ഇത്തരത്തിൽ മലിനീകരണം സംഭവിക്കുന്നു. ജീവജലം വ്യാധി പടർത്തുന്ന ഒന്നായി മാറി ജനങ്ങൾക്കു ദുരിതം സൃഷ്ടിക്കാൻ തുടങ്ങി. തങ്ങൾക്കുവേണ്ടി ചോദിക്കാൻ വേറാരും ഇല്ല എന്ന തിരിച്ചറിവിൽ നാട്ടുകാർ സ്വയം കമ്പനിക്കെതിരെ പോരാടാൻ ഒരുങ്ങുന്നു.

ജീവന്റെ നിലനിൽപ്പിന്റെ അടിസ്ഥാനഘടകങ്ങളിലൊന്നാണു ജലം. അതിനു മലിനീകരിക്കപ്പെട്ടാൽ എപ്രകാരമാണു ജനങ്ങൾ പോരാടാതെയിരി ക്കുന്നത്. “ഒരു തടാകം പ്രശാന്തമായ നയനമാണ്. ജലം പ്രകൃതിദത്തമായ കണ്ണാടിയാണ്.” ജി. മധുസൂദനൻ സൂചിപ്പിച്ചതുപോലെ അതിന്റെ ശാന്ത മായ ഭാവത്തിൽനിന്നു മനുഷ്യന്റെ ഇടപെടൽ മൂലം കറുത്ത മാറാലയായി മാറ്റം സംഭവിച്ചിരിക്കുന്നു.

പ്ലാച്ചിമടയിൽ കോളാ കമ്പനി ദുരിതങ്ങൾ സൃഷ്ടിച്ചതുപോലെ ചലച്ചിത്ര ത്തിൽ ജനങ്ങൾ കുടിവെള്ളത്തിനായി ദൂരങ്ങൾ താണ്ടിപ്പോകേണ്ടതായി വരുന്നു. അത്യാവശ്യത്തിനുള്ള ജലം പണം നൽകി വാങ്ങേണ്ടതായി വരുന്നു.

പ്ലാച്ചിമടപ്രശ്നത്തിൽ കമ്പനിക്കെതിരെ പോരാടിയ മയിലമ്മയെപ്പോലെ സിനിമയിൽ, കമ്പനിത്തൊഴിലാളി ആയിരുന്ന ഉസ്മാൻ പോരാട്ടങ്ങൾക്കു നേതൃത്വം നൽകുന്നു. എന്നാൽ അധികം വൈകാതെ ഉസ്മാനു ക്യാൻസർ ബാധിക്കുന്നു.

സിനിമയിൽ ഉസ്മാന്റെ മകനായ നിർമ്മലിന്റെ ഉള്ളിൽ മാത്രമാണ് പ്രകൃതിയുടെ സ്വാഭാവികത നിറഞ്ഞുനിൽക്കുന്നത്. അവൻ തന്റെ പിതാവു പറഞ്ഞുകൊടുത്ത കഥകളുടെ ലോകത്താണു ജീവിക്കുന്നത്. "അബോധമനസ്സിന്റെ സർവസാധാരണമായ സിംബലാണു ജലം" എന്നാണു യുങ് സൂചിപ്പിക്കുന്നത്. തന്റെ അബോധമനസ്സിൽ തെളിഞ്ഞ ജലം പോലെ അവൻ സഞ്ചരിക്കുകയാണ്, അവന്റെ ഉള്ളിലെ പ്രകൃതിയെ തേടി. ജനങ്ങൾ തങ്ങളുടെ വ്യാധി മൂലം ഏറെ അസ്വസ്ഥരായതിനാൽ അവരുടെ ശ്രദ്ധ തിരിക്കാൻ ഒരു ഗ്രാമോത്സവം അധികൃതർ നടത്തുന്നു. വേദനകളെ മറന്ന് അവർ സന്തോഷിക്കുന്നു. എന്നാൽ നിർമ്മൽ അസ്വസ്ഥനായി തന്റെ പ്രകൃതിയെ അന്വേഷിച്ച് നടക്കുന്നു. ഗ്രാമോത്സവത്തിൽ കാണുന്ന മത്സ്യകന്യകയുടെ വേഷമിട്ട പെൺകുട്ടിയെ അവൻ യഥാർഥ മത്സ്യകന്യകയെന്നു വിശ്വസിക്കുന്നു. എന്നാൽ അതു മത്സ്യകന്യകയല്ലെന്നു പിന്നീട് അവൻ തിരിച്ചറിയുന്നു. എന്നിരുന്നാലും അവൻ അവളെയും കൂട്ടി തന്റെ പ്രകൃതിയെ തേടി യാത്രയാകുന്നു.

മനുഷ്യന്റെ ജീനുകളിൽ അടങ്ങിയ സവിശേഷതകളിൽനിന്നുടലെടുക്കുന്ന നൈസർഗ്ഗികമായ ജനിതകഘടനതന്നെ പ്രകൃതിയുടെ ഇതരസത്തകളിൽനിന്നു പരിണമിച്ചുണ്ടായതാണ്. അതിനാൽത്തന്നെ മനുഷ്യൻ മറ്റുള്ള ജീവജാലങ്ങളുമായി പരസ്പരബന്ധിതനാണ്. ഈ അദൃശ്യബന്ധത്തിനു പാരിസ്ഥിതിക പ്രതിസന്ധികളുടെ സാന്ദ്രത കുറയ്ക്കാനാകും. മനുഷ്യന്റെ ഭൗതികേതരമായ മാനസിക-ആത്മീയ ജീവിതത്തിലും സൗന്ദര്യ-മൂല്യബോധങ്ങളിലും പ്രകൃതിയിലെ വിവശതയുടെ പ്രസക്തി കാഴ്ചക്കാരനിലേക്ക് എത്തിക്കുകയാണ് ചലച്ചിത്രം ചെയ്യുന്നത്. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെ പുനർനിർമ്മിക്കുകയെന്ന ദൗത്യംകൂടി സിനിമ നിർവഹിക്കുന്നു.

ജലത്തിനെ ആത്മീയതയിലൂടെ ദർശിക്കുന്ന ചലച്ചിത്രത്തിൽ ജലത്തിന്റെ സർഗ്ഗാത്മകഭാവം ലയിപ്പിക്കുകയും ചെയ്യുന്നു. ജലത്തിന് മനുഷ്യമനസ്സും ദിവാസ്വപ്നങ്ങളും ഭാവനയും ഇമേജുകളുമായുള്ള ഗാഢമായ ഭൗതികബ

ന്ധമാണ് സിനിമയിലുള്ളത്. സൗന്ദര്യശാസ്ത്രചിന്തകളുടെയെല്ലാം ഉറവിടം ജലസംബന്ധിതമാണെന്നു സിനിമ ഓർമ്മിപ്പിക്കുന്നു.

**ഈ പഠനത്തിന്റെ ഭാഗമാകാത്ത ഏതാനും ചില ചലച്ചിത്രങ്ങളെക്കുറിച്ചുള്ള സാമാന്യവിവരണമാണ് ഈ ഭാഗത്തു നടത്തുന്നത്.**

'മലയാളത്തിലെന്നല്ല, ഇന്ത്യയിൽത്തന്നെ ഇതിഹാസത്തെ പാരിസ്ഥിതികവീക്ഷണത്തോടെ സമീപിച്ച് ഹരിതപരിപ്രേക്ഷ്യം നൽകിയ ആദ്യത്തേതും ഒറ്റപ്പെട്ടതുമായ സിനിമയാവും ജനറൽ പിക്ചേഴ്സ് നിർമിച്ചതും ജി. അരവിന്ദൻ സംവിധാനം ചെയ്തതുമായ '**കാഞ്ചനസീത**' (1977)." എന്ന് എ. ചന്ദ്രശേഖർ അഭിപ്രായപ്പെടുന്നു. പ്രകൃതി-പുരുഷ സംയോഗം എന്ന വേദാന്താശയത്തിൽ ഊന്നിക്കൊണ്ട് സ്ത്രീയെ/സീതയെ പ്രകൃതിയായി ചിത്രത്തിൽ കല്പിച്ചിരിക്കുന്നു. സി. എൻ. ശ്രീകണ്ഠൻനായരുടെ 'കാഞ്ചനസീത'യിലെ ആശയം മാത്രം ഉൾക്കൊണ്ട് ഒരു സ്വതന്ത്രചലച്ചിത്രം നിർമിക്കുകയായിരുന്നു അരവിന്ദൻ.

വാർധക്യത്തിന്റെ ഒറ്റപ്പെടലിൽ പ്രകൃതി എങ്ങനെ മനുഷ്യന് സാന്ത്വനമായിത്തീരുന്നു എന്ന് ആവിഷ്കരിക്കുന്ന ചലച്ചിത്രമാണ് പി. പദ്മരാജന്റെ **'തിങ്കളാഴ്ച നല്ല ദിവസം'** (1985). താൻ ജീവിച്ചിരുന്ന പരിസ്ഥിതിയിൽനിന്നും മുറിച്ചുമാറ്റപ്പെട്ടപ്പോഴാണു ചിത്രത്തിലെ ജാനകിയമ്മയ്ക്കു തന്റെ ജീവൻ നഷ്ടമാകുന്നത്. മനുഷ്യനും പ്രപഞ്ചത്തിനുമിടയ്ക്ക് മാനസികവേർതിരിവ് ഉടലെടുക്കുമ്പോൾതന്നെ മനുഷ്യന്റെ സ്വത്വം ഇല്ലായ്മ ചെയ്യപ്പെടുന്നു എന്ന പ്രപഞ്ചതത്വത്തെ ചിത്രം വരച്ചുകാട്ടുന്നു.

വികസനത്തിന്റെ ഫലമായി ഒരു ഉൾനാടൻ ഗ്രാമത്തിന്റെ ആവാസവ്യവസ്ഥതന്നെ മാറിമറിയുന്നതിന്റെ ആവിഷ്കാരമായിരുന്നു ജി. അരവിന്ദന്റെ അവസാനകാലസിനിമകളിലൊന്നായ '**ഒരിടത്ത്**' (1987). ഗ്രാമത്തിൽ നടക്കുന്ന വൈദ്യുതവത്കരണമാണു പ്രമേയം. അല്പനേരത്തെ വൈദ്യുതവിച്ഛേദം പോലും ജനങ്ങളെ അസ്വസ്ഥരാക്കുന്ന ഈ കാലത്ത് ഈ സിനിമ മുന്നോട്ടു വയ്ക്കുന്ന ആശയം സ്വീകാര്യമായിരിക്കില്ല. ആഗോളതാത്പര്യങ്ങളുടെ ഭാഗമായ സാങ്കേതികാധിനിവേശത്തിന്റെ പ്രത്യാഘാതങ്ങൾ ഒരു ഗ്രാമത്തിന്റെ വൈദ്യുതവത്കരണത്തെ പ്രമേയമാക്കി ചിത്രീകരിച്ചിരിക്കുകയാണ് അരവിന്ദൻ.

ഭാരതപ്പുഴയിലെ അനധികൃത മണൽവാരലിനെതിരെ ഒരു കവയിത്രി

യുടെ നേതൃത്വത്തിൽ നടക്കുന്ന പോരാട്ടത്തിന്റെ കഥ പറയുന്ന സിനിമ യാണ് കമൽ സംവിധാനം ചെയ്ത് 1993-ൽ പുറത്തിറങ്ങിയ '**ഭൂമിഗീതം**'. കേരളത്തിലെ നീരൊഴുക്കുകൾ സാരമായ ഭീഷണി നേരിട്ട് അപ്രത്യക്ഷമാ യിക്കൊണ്ടിരുന്ന കാലത്താണ് ഈ സിനിമ പുറത്തിറങ്ങിയത്. എന്നാൽ മാധ്യമപരമായ പല ഒത്തുതീർപ്പുകളുംകൊണ്ട് ഒരു കമ്പോളസിനിമയുടെ നിലവാരത്തിലേക്കു പോയതിനാൽ ചിത്രം അവതരിപ്പിച്ച വിഷയം കുറിക്കു കൊള്ളുന്ന തരത്തിലായില്ല. അതിനാൽ താൻ ഒരിക്കലും ചെയ്യാൻ പാടി ല്ലാത്ത സിനിമയായിരുന്നു അത് എന്ന് കമൽതന്നെ അതിനെ തള്ളിപ്പറയേ ണ്ടിവന്നു.

പരിസ്ഥിതിരാഷ്ട്രീയത്തിന്റെ അടിസ്ഥാനദർശനങ്ങളിലൊന്നായ പ്രകൃ തി-മനുഷ്യ സമത്വത്തിന്റെ വീക്ഷണങ്ങളടങ്ങിയ ഒരു ചലച്ചിത്രമാണ് എം. ടി. വാസുദേവൻനായർ സംവിധാനം നിർവഹിച്ച് 2000-ൽ പുറത്തിറങ്ങിയ '**ഒരു ചെറുപുഞ്ചിരി**'. തറവാട്ടുതൊടിയിലെ ഓരോ ജീവിയെയും ചെടിയെയും ബന്ധുക്കളെയെന്നപോലെ സമീപിച്ച് അതിനോട് വളരെ ഇണങ്ങിച്ചേർന്നു കഴിയുന്ന ഒരു വൃദ്ധദമ്പതികളുടെ കഥ പറയുന്ന ചിത്രത്തിൽ പ്രകൃതിയു മായി മനുഷ്യൻ സഹവർത്തിക്കുമ്പോഴുള്ള മനോഹാരിത ചിത്രീകരിച്ചിരി ക്കുന്നു. ഭർത്താവിന്റെ മരണശേഷം അമ്മാളുവമ്മ കുറച്ചുനാൾ മക്കൾക്കൊപ്പം താമസിക്കുന്നുണ്ടെങ്കിലും ഭർത്താവിന്റെ സാന്നിധ്യവും പ്രകൃ തിയുടെ ഊഷ്മളതയും തിങ്ങിനിൽക്കുന്ന തറവാടിനെക്കുറിച്ചുള്ള ഓർമ്മ കൾ അവരെ വീർപ്പുമുട്ടിക്കുന്നു. ഒടുവിൽ തനിയെയെങ്കിലും, തറവാടിന്റെ സ്വാഭാവികതയിൽ ജീവിക്കാനായി അവർ മടങ്ങിപ്പോകുന്നു.

വികസനപദ്ധതികൾ കാടിനെയും കാടിനെ ആശ്രയിച്ചു ജീവിക്കുന്ന ആദി വാസിസമൂഹത്തെയും എപ്രകാരം ബാധിക്കുന്നു എന്ന് ചിത്രീകരിക്കുന്ന സിനിമയാണ് 2014-ൽ പ്രദർശനത്തിനെത്തിയ '**ബ്ലാക് ഫോറസ്റ്റ്**'. കുട്ടിക ളുടെ വീക്ഷണകോണിലൂടെ ചിത്രം കാടിനെ നോക്കിക്കാണുന്നു. സ്വാർഥ ലാഭങ്ങൾക്കായി ആദിവാസികളുടെ സർവസ്വവും ചൂഷണം ചെയ്യുന്ന ഒരു കൂട്ടം നാട്ടുമനുഷ്യരുടെ പ്രവൃത്തികൾ കാട്ടിൽ ജീവിക്കുന്ന മനുഷ്യരെയും മൃഗങ്ങളെയും ഒരുപോലെ അസ്വസ്ഥരാക്കുന്ന കാഴ്ച സിനിമയിൽ ആവി ഷ്കരിച്ചിരിക്കുന്നു.

'മനുഷ്യപ്രകൃതവും പ്രകൃതിയും തമ്മിലുള്ള അനിർവചനീയമായ സാധർമ്മ്യത്തിന്റെയും സങ്കീർണമായ പാരസ്പര്യത്തിന്റെയും ദൃശ്യാഖ്യാ

നമാണു യുവതലമുറസംവിധായകരിൽ ഏറെ പ്രതീക്ഷ നൽകുന്ന സനൽകുമാർ ശശിധരന്റെ അരങ്ങേറ്റസിനിമയായ '**ഒരാൾപ്പൊക്കം**' (2014) എന്ന എ. ചന്ദ്രശേഖറിന്റെ പ്രസ്താവനയിലൂടെത്തന്നെ ആ സിനിമയുടെ സത്ത വെളിപ്പെടുന്നു. പ്രകൃതിയെ തേടുന്ന പുരുഷനെയാണ് ഈ സിനിമയിൽ യാത്രകളിലൂടെ ചിത്രീകരിക്കുന്നത്. മനഃശാസ്ത്രവിശകലനവും പരിസ്ഥിതിചിന്തയുടെ തത്വങ്ങളും ഉൾച്ചേർന്നിട്ടുള്ള സിനിമയാണ് 'ഒരാൾപ്പൊക്കം'.

കാസർകോട് സ്വർഗെ ഗ്രാമത്തിന്റെ പശ്ചാത്തലത്തിലാണ് മനോജ് കാനയുടെ '**അമീബ**' (2015) എന്ന സിനിമ ചിത്രീകരിച്ചിരിക്കുന്നത്. എൻഡോസൾഫാന്റെ കനത്ത ദൂഷ്യഫലങ്ങൾക്ക് ഇരയായ സ്വർഗെ ഗ്രാമം മുഴുവൻ ഈ സിനിമയ്ക്കു പിന്തുണയേകി. ആ മാരകകീടനാശിനി മനുഷ്യരുടെ ശരീരാരോഗ്യത്തെ മാത്രമല്ല കുടുംബങ്ങളുടെ നിലനില്പിനെത്തന്നെ എങ്ങനെ അവതാളത്തിലാക്കുന്നു എന്നു സിനിമയിൽ ആവിഷ്കരിക്കുന്നു. കുടുംബചിത്രമെന്ന ഒരു ഘടന ചിത്രം കൈക്കൊള്ളുന്ന സാഹചര്യത്തിൽ പ്രണയവും പ്രണയഭംഗവും ഗാനങ്ങളുമെല്ലാം ഇതിൽ കടന്നുവരുന്നുവെങ്കിലും സാമൂഹികപ്രസക്തിയുള്ളൊരു വിഷയത്തെ ഇതിൽ അവതരിപ്പിക്കുന്നു.

പാരിസ്ഥിതികമായ ചില തിരിച്ചറിവുകൾ ഉൾച്ചേർന്നിരിക്കുന്ന സിനിമയാണ് അനിൽ രാധാകൃഷ്ണമേനോന്റെ '**ലോർഡ് ലിവിങ്സ്റ്റൺ 7000 കണ്ടി**' (2015). ഉട്ടോപ്യ എന്നു വിളിക്കാവുന്ന തരത്തിലുള്ള ഒരു ആദിവാസിഊരിനെ കേന്ദ്രീകരിച്ചാണ് കഥ നടക്കുന്നത്. എന്നാൽ ഈ ചലച്ചിത്രത്തിന്റെ നിർവഹണത്തിലെ പാളിച്ച മൂലം കേരളത്തിലെ പാറപൊട്ടിക്കൽ മാഫിയ നടത്തുന്ന ചൂഷണങ്ങൾ എന്ന ഗൗരവമുള്ള പ്രശ്നത്തിന്റെ തീവ്രത ആവിഷ്കരിക്കുന്നതിൽ ചിത്രം പരാജയപ്പെട്ടു.

പശ്ചിമഘട്ടമലനിരകൾ നേരിടുന്ന പരിസ്ഥിതിചൂഷണത്തെ വിഷയമാക്കിയ ചിത്രമാണ് തോമസ് ദേവസ്യ സംവിധാനം ചെയ്ത '**മാലേറ്റം**' (2015). പരിസ്ഥിതിയോട് മനുഷ്യരെ ചേർത്തുനിർത്തിയിരുന്ന നാട്ടറിവുകൾ നഷ്ടമാകുന്നതിന്റെയും ആദിവാസിസമൂഹം നേരിടുന്ന പ്രശ്നങ്ങളും ചിത്രത്തിൽ ആവിഷ്കരിക്കുന്നുണ്ട്. കൊലുമ്പൻ എന്ന അനാഥനായ ആദിവാസിബാലനിലൂടെ ഈ വിഷയങ്ങൾ സിനിമയിൽ ചർച്ച ചെയ്യുന്നു. അടിസ്ഥാനസൗകര്യവികസനത്തിനു പകരം കമ്പോളതാത്പര്യത്തിനു വിധേയമായി നടക്കുന്ന വികസനത്തിന്റെ ദൂഷ്യഫലങ്ങൾ ചിത്രം പറയുന്നുണ്ട്.

വൃക്ഷസംരക്ഷണം വിഷയമാക്കി ശ്രീവല്ലഭൻ രചനയും സംവിധാനവും

നിർവഹിച്ച ചിത്രമാണു **'പച്ച'** (2021). മനുഷ്യന്റെ ഇടപെടൽ മൂലം പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ കാരണം വരുംകാലങ്ങളിൽ നേരിടാൻ പോകുന്ന ഏറ്റവും വലിയ വെല്ലുവിളിയായ ജലക്ഷാമമാണ് ഈ ചിത്രത്തിലൂടെ വരച്ചുകാട്ടുന്നത്.

ഡോക്യുമെന്ററിയുടെയും ഫിക്ഷന്റെയും സാധ്യതകളെ സമന്വയിപ്പിച്ചിരിക്കുന്ന ചിത്രമാണ് യുവസംവിധായകനായ കൃഷാന്ത് സംവിധാനം ചെയ്ത **'ആവാസവ്യൂഹം'** (2022). രാത്രിയും പച്ചപ്പും മനുഷ്യന്റെ ആർത്തിയും വന്യതയും ചെറുത്തുനിൽപ്പുകളുമെല്ലാം പല കഥാപാത്രങ്ങളിലൂടെ ഈ ചലച്ചിത്രം പ്രേക്ഷകരിലേക്ക് എത്തിക്കുന്നു.

മികച്ച പരിസ്ഥിതിചിത്രത്തിനുള്ള ഇരുപത്തിയൊന്നോളം പുരസ്കാരങ്ങൾ നേടി അന്താരാഷ്ട്ര ചലച്ചിത്രമേളകളിൽ ശ്രദ്ധേയമായ ചിത്രമാണു സോഹൻലാൽ സംവിധാനം ചെയ്ത **'സ്വപ്നങ്ങൾ പൂക്കുന്ന കാട്'** (2022). കാലികപ്രസക്തമായ പാരിസ്ഥിതികപ്രശ്നങ്ങളിലേക്ക് ഈ ചിത്രം വിരൽചൂണ്ടുന്നു.

# ഉപസംഹാരം

ഉപഭോഗസംസ്കൃതിമൂലമുണ്ടായ പരിസ്ഥിതിനാശത്തിലൂടെ സാമൂഹികവും സാംസ്കാരികവും ആത്മീയവും സ്ഥൂലപരവുമായ ഭ്രംശങ്ങൾ സൃഷ്ടിക്കപ്പെട്ടുവെന്ന് പഠനവിധേയമാക്കിയ ചലച്ചിത്രങ്ങൾ വ്യക്തമാക്കുന്നു. എങ്കിലും ജൈവരാഷ്ട്രീയദർശനത്തിന്റെ ആശയങ്ങൾ ഈ ചലച്ചിത്രങ്ങളോട് ചേർത്തുവയ്ക്കുമ്പോൾ പ്രതീക്ഷയുടെ ഹരിതാഭമായ ഭാവുകത്വപരിസരം സൃഷ്ടിക്കപ്പെടുന്നു. പ്രകൃതി അതിന്റെ കാലത്തിലൂടെയുള്ള പ്രയാണം നിയന്ത്രിച്ചുകൊള്ളും. പ്രശ്നം മനുഷ്യന്റെയും സസ്യചരാചരങ്ങളുടെയും നിലനില്പിന്റേതുമാത്രമാണെന്ന മുന്നറിയിപ്പ് ഈ ചലച്ചിത്രങ്ങൾ നൽകുന്നു. അദൃശ്യമായ സ്ഥലചേതനയുടെ ദൃശ്യത്തിലൂടെ പ്രത്യക്ഷമാക്കാൻ ചലച്ചിത്രഭാഷയ്ക്കു കഴിയുന്നുണ്ട്. ജൈവധർമ്മശാസ്ത്രത്തിന്റെ അനിവാര്യതയെയാണു ചലച്ചിത്രങ്ങൾ അടയാളപ്പെടുത്തുന്നത്. പരിസ്ഥിതിവിജ്ഞാനം, ഭൗമസദാചാരം, സൗന്ദര്യശാസ്ത്രം എന്നിവയ്ക്ക് ആത്മീയമാനം നൽകുവാനുള്ള ശ്രമം പഠനവിധേയമാക്കിയ ചലച്ചിത്രങ്ങൾ നൽകുന്നുണ്ട്. ജൈവരാഷ്ട്രീയ ദർശനത്തിന്റെ അനിവാര്യതയാണു സിനിമകൾ മുന്നോട്ടു വയ്ക്കുന്ന പ്രധാന രാഷ്ട്രീയം.

പരിസ്ഥിതിപഠനത്തിലൂടെ സമൂഹത്തിൽ കൂടുതൽ ചുമതലയോടെ ഇടപെടാനും പരിസ്ഥിതിപ്രശ്നങ്ങളിൽ വളരെ ക്രിയാത്മകമായും നേതൃത്വപരമായും സജീവമാകാനും സഹായിക്കുന്നു. മനുഷ്യപ്രവർത്തനങ്ങളുടെ ഫലമായി പരിസ്ഥിതി വർദ്ധിച്ച തോതിൽ നാശോന്മുഖമാകുന്നു. ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾകൊണ്ടു മാത്രം പരിസ്ഥിതിനാശം തടയാനാകില്ല. നമ്മൾ ഒറ്റയ്ക്കായും കൂട്ടായും ഒരുപാടു കാര്യങ്ങൾ ചെയ്യാൻ കഴിയും. പരിസ്ഥിതി സിനിമാപഠനത്തിലൂടെ പരിസ്ഥിതി മനുഷ്യജീവിതത്തിൽ എത്രമാത്രം പ്രാധാന്യം ചെലുത്തിയിട്ടുണ്ട് എന്നു മനസ്സിലാക്കാൻ സാധിച്ചു. പ്ലാസ്റ്റിക് പോലുള്ള മാലിന്യങ്ങൾ പ്രകൃതിക്ക് എപ്രകാരമെല്ലാം നാശം വിതയ്ക്കുന്നുണ്ട് എന്നും അത് എങ്ങനെയെല്ലാം പുനരുപയോഗം നടത്താം എന്നുമുള്ള അറിവ് നൽകുന്നു.

പരിസ്ഥിതി എന്നാൽ കേവലം കാടും ശുദ്ധജലവും ശുദ്ധവായുവും ആത്മീയതയുമല്ലെന്നും അതിനു ശക്തമായ ഒരു സാമൂഹിക-ജനകീയ തലമു

ണ്ടെന്നുമുള്ള തിരിച്ചറിവ് നമുക്ക് ഉണ്ടാകുന്നു. കൂടാതെ പരിസ്ഥിതിയുമായി ബന്ധപ്പെടുന്ന പ്രശ്നങ്ങൾ എങ്ങനെ, എന്തുകൊണ്ട് സംഭവിക്കുന്നുവെന്ന് അന്വേഷിക്കാനും സങ്കീർണമായ പാരിസ്ഥിതിക പ്രശ്നങ്ങളിൽ വിമർശനാത്മകവും ക്രിയാത്മകവുമായ ചിന്താശേഷി നേടിയെടുക്കുവാനും സാധിക്കുന്നു.

ഡോ. ബിജുവിന്റെ 'പേരറിയാത്തവർ' എന്ന സിനിമ സംവദിക്കുന്നത് മാലിന്യസംസ്കാരണവും ശുചീകരണത്തൊഴിലാളികളും കുടിയൊഴിപ്പിക്കലും ഭൂസമരങ്ങളും ഒക്കെയാണ്. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യത്തെ അടയാളപ്പെടുത്തുന്ന സിനിമയാണിത്. മനുഷ്യൻ പ്രകൃതിയോടു ചെയ്യുന്ന ചൂഷണങ്ങൾ ചിത്രത്തിൽ വ്യക്തമാക്കുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ എപ്രകാരം പരിസ്ഥിതിയെ മലിനമാക്കുന്നുവെന്നു സിനിമ ചൂണ്ടിക്കാണിക്കുന്നു. നഗരങ്ങൾ പുറംതള്ളുന്ന മാലിന്യങ്ങൾക്ക് എതിരെയുള്ള പ്രതിഷേധവും സിനിമയിൽ പ്രതിഫലിക്കുന്നുണ്ട്. ചിത്രത്തിലെ ഓരോ രംഗങ്ങളും പരിസ്ഥിതിയെ സസൂക്ഷ്മം വീക്ഷിക്കുന്നവയാണ്. മാലിന്യസംസ്കരണത്തിലെ വൈരുധ്യങ്ങളെക്കുറിച്ച് പറയുന്ന ഒരു സൃഷ്ടിയായി മാത്രം സംവിധായകൻ ഈ ചിത്രത്തെ പരിമിതപ്പെടുത്തിയിട്ടില്ല എന്നതും ശ്രദ്ധേയമാണ്. നമുക്കു ചുറ്റുമുള്ള അനേകം പേരറിയാത്തവരെ ചേർത്തുനിർത്താൻ സിനിമ പ്രേരിപ്പിച്ചു.

ജയരാജ് സംവിധാനം ചെയ്ത 'ഒറ്റാൽ' എന്ന സിനിമയിൽ കുട്ടനാട്ടിലെ താറാവുകൃഷിയുടെ പശ്ചാത്തലത്തിൽ ഒരു കർഷകന്റെയും അദ്ദേഹത്തിന്റെ കൊച്ചുമകനായ കുട്ടപ്പായിയുടെയും ജീവിതമാണ് ആവിഷ്കരിച്ചത്. പരിസ്ഥിതിയിൽ ഏറെ പരിചിതമായ 'ഒറ്റാൽ' എന്ന പേര് സിനിമയ്ക്ക് ഏറെ യോജിക്കുന്നതാണ്. ഒറ്റാലിൽ അകപ്പെട്ട മീനിനെപ്പോലെ ബാലവേലയെന്ന ഒറ്റാലിൽപെട്ട കുട്ടപ്പായിയുടെ ജീവിതം കഥാന്ത്യത്തിൽ കാണാൻ സാധിക്കുന്നു. പ്രകൃതിക്കു വിപത്തു സൃഷ്ടിക്കുന്ന ഒറ്റാലുകളിൽനിന്നു നാം തിരികെ പ്രകൃതിയിലേക്കു മടങ്ങേണ്ടത് അനിവാര്യമാണെന്നും തങ്ങളുടെ സ്വത്വം എന്തിനൊക്കെയോ വേണ്ടി മറച്ചുവച്ചുകൊണ്ടു ജീവിക്കാതെ പ്രകൃതിയെന്ന വലിയ സത്യം തിരിച്ചറിയണമെന്നും ഈ ചിത്രം പ്രേക്ഷകരെ ചിന്തിപ്പിക്കുന്നു. മനുഷ്യന്റെ വേരുകൾ പ്രകൃതിയിലാണെന്നു തിരിച്ചറിയാതെ അതിൽനിന്നു തെന്നിമാറി ഒറ്റാലുകളിൽപ്പെടുന്ന വരേണ്യജനതയ്ക്കുള്ള തിരിച്ചറിവാണ് ഈ സിനിമ.

ഡോ. ബിജുവിന്റെതന്നെ മറ്റൊരു സിനിമയാണ് 'വലിയ ചിറകുള്ള പക്ഷികൾ'. എൻഡോസൾഫാൻ കീടനാശിനിയുടെ അമിതമായ ഉപയോഗം മൂലം വിഷത്തിന്റെ ദുരന്തം പേറുന്ന ജനതയെ ഈ സിനിമയിൽ കാണുന്നു. നായകനായ ഫോട്ടോഗ്രാഫറുടെ ഇടപെടലുകൾ മൂലം അവരുടെ ദുരിതങ്ങൾ പുറംലോകം അറിയുന്നു. പാരിസ്ഥിതിക-സാമൂഹിക വിഷയങ്ങൾപോലെ തന്നെ രാഷ്ട്രീയവും സിനിമയിൽ ചർച്ച ചെയ്യപ്പെടുന്നു. സിനിമയിലെ നായകന്റെ പ്രവൃത്തികളും ഉദ്ദേശ്യവും തങ്ങൾക്കു ദോഷമായിത്തീരും എന്നു മനസ്സിലാക്കിയ എൻഡോസൾഫാൻ കമ്പനിപ്രതിനിധികൾ അയാളെ സ്വാധീനിക്കാൻ ശ്രമിക്കുന്നു. പക്ഷേ തന്റെ ലക്ഷ്യത്തിൽനിന്ന് പിന്മാറാൻ ഫോട്ടോഗ്രാഫർ തയ്യാറായില്ല. സമകാലിക രാഷ്ട്രീയമുന്നണികൾ ഇത്തരം വിഷയങ്ങളോടു നടത്തുന്ന പ്രതികരണങ്ങളും ഈ സിനിമയോട് ചേർത്ത് വായിക്കാവുന്നതാണ്.

ലാഭം മാത്രം ലക്ഷ്യമാക്കിക്കൊണ്ടു സ്ഥാപിക്കപ്പെടുന്ന വ്യവസായശാലകൾ പ്രകൃതിയുടെ സ്വാഭാവികസ്ഥിതിയെ ഇല്ലായ്മ ചെയ്യുന്നതിൽ മുഖ്യപങ്കു വഹിക്കുന്നു. ഏതൊരു രാജ്യത്തിന്റെയും സാമ്പത്തികവും വ്യാവസായികവുമായ വളർച്ച സുസ്ഥിരവികസനത്തിന്റെ പാതയിലൂടെ വേണമെന്ന ആശയം ടി.കെ. രാജീവ്കുമാറിന്റെ 'ജലമർമ്മരം' സൂചിപ്പിക്കുന്നു. വ്യവസായശാലകളുടെ പ്രകൃതിവിരുദ്ധപ്രവർത്തനങ്ങൾ ഒരു ദേശത്തിന്റെ ആവാസവ്യവസ്ഥയെത്തന്നെ താറുമാറാക്കാമെന്ന യാഥാർത്ഥ്യം ചാലിയാറിലെ പരിസ്ഥിതിദുരന്തത്തിന്റെ ഉദാഹരണത്തിലൂടെ ചലച്ചിത്രം തുറന്നുകാട്ടുന്നു.

സിനിമാസംവിധായകനായ ഡോ. ബിജുവുമായുള്ള അഭിമുഖത്തിൽനിന്നു പാരിസ്ഥിതികസിനിമകൾ നേരിടുന്ന അവഗണനയും മൂല്യമില്ലായ്മയും വ്യക്തമായി. പാർശ്വവത്കരിക്കപ്പെട്ട ഒരു വിഭാഗം ജനതയുടെ ദുരിതങ്ങളും അവർ സമൂഹത്തിൽ നേരിടേണ്ടിവരുന്ന സംഘർഷങ്ങളും എത്രത്തോളമെന്നും വ്യക്തമാക്കാൻ സാധിച്ചു.

കലയും ഉപഭോഗവസ്തുവായി മാറിയ നമ്മുടെ കാലത്ത് കലയെ അതിന്റെ അടിസ്ഥാനപ്രേരകപ്രഭവകേന്ദ്രങ്ങളിലേക്ക് തിരികെ എത്തിക്കുന്ന തരത്തിലുള്ള പ്രതിരോധങ്ങൾ പാശ്ചാത്യനാടുകളിൽ തന്നെ വളർന്നുവന്നിരുന്നു. പച്ചയിലേക്കു ലയിക്കുവാനുള്ള മനുഷ്യന്റെ തൃഷ്ണയെ ഈ ചലച്ചിത്രങ്ങളൊക്കെത്തന്നെ ആഹ്വാനം ചെയ്യുന്നുണ്ട്. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള വ്യവഹാരങ്ങളിൽനിന്നാണ് ഇവിടെ പഠനവിധേയമാക്കിയ

ചലച്ചിത്രങ്ങളുടെ ഭാഷ ഉരുവപ്പെട്ടിട്ടുള്ളത്. ബാഹ്യലോകവുമായുള്ള മനുഷ്യന്റെ പാരസ്പര്യത്തിന്റെ തേടലുകളായി ഈ സിനിമകൾ നിലനിൽക്കുന്നു. ഇവ സ്വാഭാവികമായ ജീവിതഗതിയുടെ തുറസ്സിലേക്കു ജൈവികമായി എത്തേണ്ടതുണ്ടെന്ന ഓർമ്മപ്പെടുത്തലിനൊപ്പം തുടർപഠനത്തിന്റെ ആക്കത്തെയും വർദ്ധിപ്പിക്കുന്നു.

## അനുബന്ധം

# ഡോ. ബിജുവുമായി നടത്തിയ അഭിമുഖം



**ഡോക്ടറായ അങ്ങ് ഏതു ഘട്ടത്തിലാണു സിനിമാസംവിധാനത്തിന്റെ മേഖലയിലേക്കു തിരിഞ്ഞത്?**

പഠിക്കുന്ന സമയത്ത് കഥയൊക്കെ എഴുതുമായിരുന്നു. തിരുവനന്തപുരം ഗവൺമെന്റു കോളജിൽ പഠിച്ചുകൊണ്ടിരുന്നപ്പോഴാണ് ഐ.എഫ്.എഫ്.കെ. -യിൽ പോയി സിനിമ കാണാൻ അവസരം ലഭിക്കുന്നത്. അതുവരെ തിയേറ്ററിൽ പോയി മാത്രമേ സിനിമ കണ്ടിട്ടുള്ളൂ. ഫിലിം ഫെസ്റ്റിവലിൽ വച്ചാണ് ലോകത്ത് വ്യത്യസ്തങ്ങളായ സിനിമകൾ പലതുമുണ്ടെന്നു മനസ്സിലായത്. അങ്ങനെയാണ് സിനിമയോട് ഒരു ഇഷ്ടം വളർന്നത്. പിന്നീട് ചലച്ചിത്ര അക്കാദമിയിൽ പോയി പണമടച്ച് അത്തരത്തിലുള്ള സിനിമകൾ കാണുമായിരുന്നു. അങ്ങനെ കണ്ട് സ്വന്തമായി അത്തരത്തിലുള്ള സിനിമ ചെയ്യണ

മെന്നു തീരുമാനിച്ച് സ്ക്രിപ്റ്റ് ഒക്കെ എഴുതി അഞ്ചാറു വർഷങ്ങൾക്കു ശേഷ മാണ് ആദ്യത്തെ സിനിമ പുറത്തിറങ്ങിയത്.

**തിരക്കഥാരചനയിൽ അഭിനേതാക്കളെ മനസ്സിൽ കണ്ടുകൊണ്ടാണോ എഴുതുന്നത്? അതോ തിരക്കഥ പൂർത്തിയായതിനു ശേഷമാണോ അഭി നേതാക്കളെ തിരഞ്ഞെടുക്കുന്നത്?**

അല്ല. എഴുതുമ്പോൾ കഥാപാത്രത്തെ സൃഷ്ടിക്കുക എന്നു മാത്രമേ ഉള്ളൂ. എഴുതിത്തീർന്നതിനു ശേഷമാണ് ആ കഥാപാത്രം ചെയ്യാൻ യോജിക്കുന്ന ആളുകളെക്കുറിച്ച് ചിന്തിക്കുന്നത്. അഭിനേതാക്കളെ മനസ്സിൽ കണ്ടുകൊണ്ട് കഥാപാത്രങ്ങളെ സൃഷ്ടിക്കുന്നത് ഒരു പരിമിതിയാണ്. അപ്പോൾ അവരുടെ ചില സവിശേഷതകൾ കഥാപാത്രത്തിൽ ഉൾക്കൊള്ളിക്കേണ്ടിവരും. അതു കൊണ്ട് അഭിനേതാക്കളെ മുൻകൂട്ടി നിശ്ചയിച്ച് കഥാപാത്രങ്ങളെ രൂപപ്പെടു ത്താറില്ല.

**പരിസ്ഥിതിസംസ്കാരത്തെക്കുറിച്ചുള്ള ശരിയായ അവബോധം മലയാ ളസിനിമയിൽ എത്രത്തോളം വിഷയീഭവിച്ചിട്ടുണ്ട്?**

അത്തരത്തിലുള്ള അവബോധം മലയാളസിനിമയിൽ വളരെ കുറവാണ്. മുഖ്യ ധാരാസിനിമകളിലൊന്നും പരിസ്ഥിതി മുതലായ വിഷയങ്ങളൊന്നും ഒരു കൺസേൺ ആയി വരുന്നില്ല. അവർ എന്റർറ്റെയിൻമെന്റ് എന്നതിൽ മാത്ര മാണു ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കുറച്ചു സമാന്തരസിനിമകൾ മാത്രമാണു പരിസ്ഥിതിക്കു പ്രാധാന്യം നൽകുന്നത്. അതും ലോകസിനിമകളെ വച്ചു നോക്കുമ്പോൾ വളരെ കുറവാണുതാനും.

**സമാന്തരസിനിമകളെക്കുറിച്ചു ജനങ്ങൾ ചില stereotypes വച്ചുപുലർത്തു ന്നുണ്ടല്ലോ. അതായത് സംഭാഷണങ്ങൾ കുറഞ്ഞ, ഗാന-നൃത്തരംഗങ്ങൾ അധികം ഉണ്ടാകാത്ത, lagging ആയ കഥാഗതിയുള്ളവയാണ് അത്തരം സിനിമകളെന്ന്. അവാർഡ് സിനിമകൾ എന്നൊരു പേരുതന്നെ അവയ്ക്കു കല്പിച്ചുകൊടുത്തിട്ടുണ്ടല്ലോ. അവാർഡ് കമ്മിറ്റിക്കു മുമ്പിൽ വയ്ക്കാനും ബുദ്ധിജീവികൾ എന്നു വിളിക്കാവുന്നവർക്കു മാത്രം ആസ്വദിക്കാൻ സാധിക്കുന്നവയുമാണെന്നു നല്ലൊരു ശതമാനം ആളുകൾ കരുതുന്നു. ജനങ്ങളുടെ ഈ മനോഭാവത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?**

അത്തരത്തിലുള്ള ഒരു മനോഭാവം വച്ചുപുലർത്തുന്നവർ ശരിക്കും സിനിമ കാണാതെ ഒരു പ്രീ-ജഡ്ജ്മെന്റ് നടത്തുകയാണു ചെയ്യുന്നത്. അവരോട് അവസാനമായി ഒരു സമാന്തരസിനിമ കണ്ടതെന്നാണെന്നു ചോദിച്ചാൽ ചില പ്പോൾ മുപ്പത് വർഷത്തിനു മുൻപെന്നായിരിക്കും ഉത്തരം. സിനിമ കാണാ ത്തതിന് ഒരു എസ്ക്യൂസ് ആയിരിക്കും ഈ ഒരു മനോഭാവം. അറുപതുക ളിലും എഴുപതുകളിലും ഉണ്ടായിരുന്നപോലെയുള്ള സ്റ്റീരിയോടിപ്പിക്കൽ സമാന്തരസിനിമകളിൽനിന്ന് ഇപ്പോൾ ഒരുപാട് വ്യത്യാസം വന്നിട്ടുണ്ട്. ഇപ്പോൾ വളരെ റിയലിസ്റ്റിക്ക് ആയിട്ടാണ് അവ ചിത്രീകരിക്കുന്നത്. സിനി മയ്ക്ക് ഒരു അവാർഡ് ലഭിച്ചാൽ അത് ആസ്വദിക്കാൻ കഴിയുന്ന സിനിമയ ല്ലെന്നുള്ളൊരു മുൻ ധാരണ ആളുകൾ വച്ചുപുലർത്തുന്നു. എന്നാൽ സിനിമ കണ്ടുകഴിഞ്ഞാൽ അവർ ഇഷ്ടപ്പെടും എന്നതാണു സത്യം.

**അങ്ങ് ഒരു Homeopath ആണല്ലോ. അങ്ങു പഠിച്ച വൈദ്യശാസ്ത്രം അങ്ങയുടെ സിനിമകളിൽ സ്വീകരിക്കുന്ന സമീപനങ്ങളെ ഏതെങ്കിലും വിധത്തിൽ സ്വാധീനിച്ചിട്ടുണ്ടോ?**

ഹോമിയോപ്പതിയുടെ സവിശേഷതയെന്തെന്നാൽ അതിലെ ചികിത്സയിൽ ആളുകളുടെ മനഃശാസ്ത്രമറിയുന്നതിനു വളരെ പ്രാധാന്യമുണ്ട്. വൈദ്യ ശാസ്ത്രം പഠിക്കുമ്പോൾ മൈൻഡ് ഒരു പ്രത്യേക ചാപ്റ്ററായിത്തന്നെ പഠി ക്കുന്നുണ്ട്. രോഗികളുടെ ശാരീരികാവസ്ഥ കൂടാതെ മാനസികാവസ്ഥകൂടി പരിഗണിക്കുന്നതിനാണത്. സ്ക്രിപ്റ്റ് എഴുതുമ്പോഴും ആളുകളുടെ മനസ്സ് മനസ്സിലാക്കി എഴുതാൻ അതിൽനിന്നുള്ള അറിവ് സഹായിച്ചിട്ടുണ്ട്. ഓരോ വ്യക്തിയെയും ഇൻഡിവിജ്വൽ ആയി മനസ്സിലാക്കാനും കഥാപാത്രങ്ങളുടെ മാനസികാവസ്ഥകൾ ചിത്രീകരിക്കുന്നതിലും അതു വളരെ സഹായിച്ചിട്ടുണ്ട്.

**അങ്ങയുടെ മിക്ക സിനിമകളിലും പരിസ്ഥിതി ഒരു മുഖ്യവിഷയമായി വരുന്നുണ്ടല്ലോ. ഇത്തരം വിഷയങ്ങളിലേക്ക് എത്താനുണ്ടായ സാഹച ര്യമെന്താണ്?**

സിനിമ എന്നത് എന്റർറ്റെയ്ൻമെന്റിനുവേണ്ടി മാത്രം ഉള്ളതാണെന്ന ഒരു കാഴ്ചപ്പാട് പൊതുവെ ഉണ്ട്. എന്നാൽ ആർട്ട് എന്നത് എന്റർറ്റെയിൻമെന്റി നുവേണ്ടി മാത്രം ഉള്ളതല്ല. സിനിമയായാലും ചിത്രകലയായാലും ആർട്ടിന് മറ്റു പല ധർമ്മങ്ങളുമുണ്ട്. അത് ഒരു സോഷ്യൽ റ്റൂൾ കൂടിയാണ്.

അതിൽത്തന്നെ സിനിമ എന്നത് ആളുകളെ വളരെ ഇൻഫ്ളുവൻസ് ചെയ്യാവുന്ന ഒരു മീഡിയമാണ്. അപ്പോൾ സിനിമ പരിസ്ഥിതിപോലെയുള്ള വിഷയങ്ങൾ കൈകാര്യം ചെയ്തില്ലെങ്കിൽ മറ്റേതു മീഡിയം കൈകാര്യം ചെയ്യാനാണ്? പരിസ്ഥിതി, രാഷ്ട്രീയം, സൊസൈറ്റി തുടങ്ങി എല്ലാ വിഷയങ്ങളും സിനിമ അഡ്രസ്സ് ചെയ്യേണ്ടതുണ്ട്. ലോകത്തുള്ള മറ്റു സിനിമാ ഇൻഡസ്ട്രീസ് പലതും സിനിമയുടെ ആ സാധ്യതകളെ പ്രയോജനപ്പെടുത്താറുണ്ട്. എന്നാൽ മലയാളത്തിൽ ആ പ്രവണത കാണുന്നില്ല. സിനിമ എന്റർറ്റെയ്ൻമെന്റ് എന്ന നിലയിലും സോഷ്യൽ റ്റൂൾ എന്ന നിലയിലും ബാലൻസ് ചെയ്തു പോകണം എന്നതാണ് എന്റെ കാഴ്ചപ്പാട്.

**'പേരറിയാത്തവർ', 'വലിയ ചിറകുള്ള പക്ഷികൾ' എന്നീ സിനിമകളുടെ ചിത്രീകരണം തുടങ്ങിയശേഷം ലൊക്കേഷനുകളിൽവെച്ച് പുതുതായി എന്തെങ്കിലും സീനുകൾ കൂട്ടിച്ചേർത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ?**

ഇല്ല. സ്ക്രിപ്റ്റിൽ പുതുതായി ഒന്നും കൂട്ടിച്ചേർത്തിട്ടില്ല. 'വലിയ ചിറകുള്ള പക്ഷികളി'ൽ ബാദുഷ എന്ന കുട്ടിയുടെ ഫോട്ടോ എടുക്കുന്ന ഒരു സീൻ ഉണ്ട്. അതിനെക്കുറിച്ച് സ്ക്രിപ്റ്റിൽ, കുട്ടിയുടെ ഫോട്ടോ എടുക്കുന്നു, സംസാരിക്കുന്നു എന്നു മാത്രമേ എഴുതിയിട്ടുള്ളൂ. അവർ തമ്മിൽ ഇഷ്ടമുള്ളത് സംസാരിച്ചുകൊള്ളാനാണ് പറഞ്ഞിരുന്നത്. ചോദിക്കുന്നതിനോട് ആ കുട്ടി എങ്ങനെയാണു റെസ്പോണ്ട് ചെയ്യുക എന്നു പറയാൻ സാധിക്കില്ലല്ലോ. അതുകൊണ്ട് അവരെ ഡിസ്റ്റർബ് ചെയ്യാതെയാണ് ആ സീൻ ചിത്രീകരിച്ചത്. അങ്ങനെ കുറച്ചു കാര്യങ്ങളല്ലാതെ കാര്യമായ കൂട്ടിച്ചേർക്കലോ കിഴിക്കലോ ഒന്നും സ്ക്രിപ്റ്റിൽ നടത്തിയിട്ടില്ല.

**'വലിയ ചിറകുള്ള പക്ഷികൾ' എന്ന സിനിമയിൽ അന്നത്തെ ഭരണാധികാരികളുടെയും ഉത്തരവാദിത്തപ്പെട്ട സ്ഥാനങ്ങളിലിരിക്കുന്നവരുടെയും അഴിമതിയെയും കെടുകാര്യസ്ഥതയെയും തുറന്നുകാട്ടുന്നുണ്ടല്ലോ. അതുകൊണ്ടുതന്നെ ആ സിനിമ പുറത്തിറങ്ങിയപ്പോഴും അതിനു ശേഷവും അത്തരം ആളുകളിൽനിന്ന് ഏതെങ്കിലും വിധത്തിലുള്ള പ്രതിബന്ധങ്ങൾ നേരിടേണ്ടിവന്നിട്ടുണ്ടോ?**

ഇല്ല, അത്തരത്തിലുള്ള പ്രതിസന്ധികളൊന്നും നേരിടേണ്ടിവന്നിട്ടില്ല. സിനിമ ചെയ്യുന്ന സമയത്ത് അതിലെ പ്രതിപാദ്യവിഷയം എന്താണെന്ന് വേറെ

ആർക്കും അറിയില്ലല്ലോ. സിനിമയെക്കുറിച്ചുള്ള വാർത്തകളൊന്നും അപ്പോൾ പുറത്തുവിട്ടിരുന്നതും ഇല്ല. സിനിമ ഇറങ്ങിയതിനു ശേഷവും അതിനെതിരെ പ്രതികരണങ്ങളൊന്നും ഉണ്ടായിട്ടില്ല. പക്ഷേ ഒരു ഇംപാക്ട് ഉണ്ടാക്കാൻ സിനിമയ്ക്കായി.

**'പേരറിയാത്തവർ' എന്ന സിനിമയയിലെ സുരാജ് വെഞ്ഞാറമ്മൂടിന്റെ കഥാപാത്രം ഒരു യഥാർഥവ്യക്തിയെ പ്രതിനിധീകരിക്കുന്നുണ്ടോ? അത്തരത്തിൽ ആരെയെങ്കിലും അങ്ങു കണ്ടുമുട്ടിയിട്ടുണ്ടോ?**

ആ കഥാപാത്രം ആരെയെങ്കിലും എക്സാമ്പിൾ എടുത്തു ചെയ്തതല്ല. ഒരു പാടു പേരുടെ ക്യാരക്റ്ററിന്റെ ഒരു മിക്സ് ആണെന്നു പറയാം. നമ്മൾ നിരന്തരം കാണാറുള്ള ശുചീകരണത്തൊഴിലാളികളുടെയൊക്കെ സ്വാധീനം അതിലുണ്ട്. പക്ഷേ അതിലെ ഇൻസിഡന്റ്സ് പലതും നടന്നിട്ടുള്ളതാണ്. കുടിയൊഴിപ്പിക്കലായാലും മാലിന്യപ്ലാന്റിലെ പ്രശ്നങ്ങളായാലും, അവയൊക്കെ നടന്നിട്ടുള്ളതും ഇപ്പോഴും നടക്കുന്നതുമാണ്. എന്നാൽ സുരാജിന്റെ ആ കഥാപാത്രം ഫിക്ഷണലാണ്.

**'പേരറിയാത്തവർ' എന്ന സിനിമ എന്തുകൊണ്ടാണ് ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൊന്നും  ലഭ്യമല്ലാത്തത്?**

പേരറിയാത്തവർ ഒ.ടി.ടി.യിൽ വരാതിരിക്കുന്നത് ചില സാങ്കേതിക തടസ്സങ്ങൾ കാരണമാണ്. നെറ്റ്ഫ്ളിക്സ് ആയിരുന്നു അതിന്റെ ഒ.ടി.ടി. റൈറ്റ്സ് എടുത്തിരുന്നത്. അവരുടെ ഫോർമാറ്റ് സബ്ടൈറ്റിൽസ് പ്രത്യേകമായി കൊടുക്കുക എന്നതായിരുന്നു. എന്നാൽ ആ സിനിമയിൽ സബ്ടൈറ്റിൽസ് അതിൽത്തന്നെ എംബെഡഡ് ആയിരുന്നു. ആ ഒരു പ്രശ്നം കാരണം സബ്ടൈറ്റിൽ പ്രത്യേകം വേണമെന്നില്ലാത്ത ഏതെങ്കിലും ഒരു പ്ലാറ്റ്ഫോമിലേക്ക് മാറ്റി റിലീസ് ചെയ്യാൻ ശ്രമം നടത്തുന്നുണ്ട്.

**എൻഡോസൾഫാൻ പ്രയോഗിച്ചതുമൂലമുള്ള ദുരിതങ്ങൾ 'വലിയ ചിറകുള്ള പക്ഷികളി'ലും മാലിന്യപ്രശ്നങ്ങൾ 'പേരറിയാത്തവരി'ലും അങ്ങു ചിത്രീകരിച്ചു. ഈ സിനിമകളൊക്കെ അതതു മേഖലകളിൽ എന്തെങ്കിലും മാറ്റം കൊണ്ടുവരാൻ അല്ലെങ്കിൽ പ്രശ്നപരിഹാരത്തിനുള്ള കാരണമായിത്തീർന്നതായി അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?**

ഒരു സിനിമകൊണ്ട് ഏതെങ്കിലും വിഷയത്തിനു പരിഹാരം ഉണ്ടാക്കുക എന്നതു സാധ്യമല്ല. നിലവിലെ സ്ഥിതിക്ക് എന്തെങ്കിലും മാറ്റം ഉണ്ടാക്കാൻ കഴിയില്ലെങ്കിലും ആ മാറ്റം ഉണ്ടാക്കേണ്ട ആളുകളിലേക്ക് മാറ്റത്തിലേക്കുള്ള ചിന്ത കൊണ്ടുവരാൻ സാധിക്കും. 'വലിയ ചിറകുള്ള പക്ഷികളി'ലൂടെ ആ പ്രശ്നത്തിലേക്ക് മനുഷ്യാവകാശക്കമ്മീഷന്റെ ഇടപെടൽ ഉണ്ടാകുന്നതിനു സഹായിച്ചു. 'പേരറിയാത്തവർ' എന്ന സിനിമയിൽനിന്നുള്ള സ്വാധീനത്താൽ തിരുവനന്തപുരത്തെ ഒരു ഫ്ളാറ്റ് സമുച്ചയത്തിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന്റെ ഉദ്ഘാടനച്ചടങ്ങ് അവിടെ ഇരുപതു വർഷമായി മാലിന്യം ശേഖരിക്കുന്ന സ്ത്രീയെക്കൊണ്ടാണു ചെയ്യിച്ചത്. അവിടത്തെ എം.എൽ.എ. ചെയ്യേണ്ടിയിരുന്ന ഉദ്ഘാടനം ആ സ്ത്രീയെക്കൊണ്ടു ചെയ്യിക്കാനായി സംഘാടകരെ മാറ്റിച്ചിന്തിപ്പിക്കുവാൻ ആ സിനിമയ്ക്കു സാധിച്ചു.

**അങ്ങയുടെ സിനിമകൾക്കു കൊമേർഷ്യൽ സ്വഭാവമുള്ളതായി തോന്നുന്നില്ല. അങ്ങനെയാകുമ്പോൾ സാമ്പത്തികനേട്ടമില്ലാതെ, സാമൂഹികപ്രതിജ്ഞാബദ്ധത മാത്രം ലക്ഷ്യമാക്കി തുടർന്നും സിനിമകൾ നിർമിക്കുന്നത് സംവിധായകനെ സംബന്ധിച്ച് വെല്ലുവിളിതന്നെയല്ലേ?**

നിർമ്മാതാക്കളെ കിട്ടുകയെന്നതാണ് ഏറ്റവും വലിയ വെല്ലുവിളി. സാമൂഹികബോധമുള്ള നിർമ്മാതാക്കൾക്കേ ലാഭേച്ഛയില്ലാതെ ഇത്തരം സിനിമകൾക്കു പിന്തുണ നൽകാനാകൂ. മലയാളത്തിൽ പ്രതിവർഷം 200 കൊമേഴ്ഷ്യൽ സിനിമകൾ ഇറങ്ങുന്നുണ്ട്. അവയിൽ നാലോ അഞ്ചോ സിനിമകളേ സാമ്പത്തികമായി വിജയിക്കാറുള്ളൂ. ആ സാഹചര്യത്തിൽ സമാന്തരസിനിമകൾ അഞ്ചെണ്ണം പുറത്തിറങ്ങി അഞ്ചും പരാജയപ്പെട്ടാലും അവയുണ്ടാക്കുന്ന സോഷ്യൽ ഇംപാക്റ്റ് ആണ് അവയുടെ നേട്ടം.

**യുവസംവിധായകർ അങ്ങയുടെ പാത പിന്തുടർന്ന് പാരിസ്ഥിതികവിഷയങ്ങളെ അടിസ്ഥാനമാക്കി എത്രത്തോളം പ്രവർത്തിക്കുന്നുണ്ട്?**

അത്തരത്തിലുള്ളവർ ഈ മേഖലയിൽ വളരെ കുറവാണ്. സമാന്തരസിനിമകളിൽ കൺസിസ്റ്റന്റ് ആയി നിൽക്കാൻ യുവസംവിധായകർക്ക് താത്പര്യമില്ല. ഒന്നോ രണ്ടോ സമാന്തരസിനിമകൾക്കു ശേഷം കോമേഴ്ഷ്യൽ സിനിമകളിലേക്ക് അവർ തിരിയുന്നു. പൊളിറ്റിക്സ് ഒക്കെ കൈകാര്യം ചെയ്യാൻ അവർക്കു മടിയാണ്. പക്ഷേ ഇടയ്ക്കൊക്കെ ഒന്നുരണ്ടു പാരിസ്ഥിതികസിനിമകൾ അത്തരം യുവസംവിധായകരിൽനിന്ന് ഉണ്ടാകുന്നുണ്ട്.

**തുടരെത്തുടരെ ഫിലിം ഫെസ്റ്റിവലുകൾ നടക്കുന്നത് സിനിമയുടെ പ്രചാരത്തിനും ആ മേഖലയിലുള്ള പുരോഗതിക്കും അനുഗുണമാണോ?**

തിയേറ്ററുകളിൽ കാണാൻ കഴിയാത്ത സിനിമകൾ, അതായത് കൺടന്റ് ഓറിയന്റഡ് സിനിമകളാണ് ഫിലിം ഫെസ്റ്റുകളിൽ വരുന്നത്. മുഖ്യധാരാ സിനിമകളിൽനിന്നു വ്യത്യസ്തമായി എക്സ്പിരിമെന്റൽ സിനിമകളാണു ഫെസ്റ്റുകളിൽ കൂടുതലും കാണുന്നത്. സിനിമയുടെ ആർട്ടിസ്റ്റിക് കൾച്ചർ പ്രദർശിപ്പിക്കാൻ സഹായിക്കുന്ന അവസരങ്ങളാണ് ഫിലിം ഫെസ്റ്റിവലുകൾ. വിഖ്യാതരായ ചലച്ചിത്രകാരന്മാരുടെ സിനിമകൾ കാണാൻ അവ അവസരമൊരുക്കുന്നു. തിയേറ്ററുകളിൽ ഹോളിവുഡ് സിനിമകളോ ഓസ്കാർ ലഭിച്ച സിനിമകളോ മാത്രമാണ് അധികവും പ്രദർശിപ്പിക്കുന്നത്.

**പരിസ്ഥിതി പ്രശ്നംപോലെതന്നെ ഗൗരവമേറിയ വിഷയമാണല്ലോ സ്ത്രീകളോടും ദളിതരോടുമുള്ള സമൂഹത്തിന്റെ കാഴ്ചപ്പാടും. പാർശ്വവത്കരിക്കപ്പെടുന്നതുമൂലം അവർ നേരിടുന്ന വെല്ലുവിളികളെ വിഷയമാക്കുന്ന സിനിമകൾ ഭാവിയിൽ അങ്ങയിൽനിന്നു പ്രതീക്ഷിക്കാമോ?**

'സൈറ' എന്ന സിനിമ വിമൻ-ഓറിയന്റഡ് ആയിരുന്നു. പിന്നീട് അങ്ങനെ വിമൻ ഓറിയന്റഡ് സിനിമകളൊന്നും ഞാൻ ചെയ്തിട്ടില്ല. മനസ്സിൽ ഓരോ വിഷയങ്ങൾ രൂപപ്പെടുത്തുന്നതിനനുസരിച്ചാണല്ലോ സിനിമകൾ രൂപപ്പെടുന്നത്.

**ബ്രഹ്മപുരം മാലിന്യപ്ലാന്റിലെ തീപിടിത്തത്തെക്കുറിച്ചു ചർച്ച നടക്കുന്നുണ്ടെങ്കിലും പൊതുജനങ്ങളിൽനിന്നു ശക്തമായ പ്രതികരണങ്ങൾ ഉണ്ടാകുന്നുണ്ടെന്ന് അങ്ങേയ്ക്കു തോന്നുന്നുണ്ടോ?**

നിഷ്പക്ഷമായുള്ള പ്രതികരണങ്ങൾ വേണ്ടത്ര ഉണ്ടാകുന്നില്ല. പ്രതികരിക്കുന്നവരൊക്കെ കക്ഷിരാഷ്ട്രീയത്തിന്റെ ഭാഗമായിനിന്നാണു പ്രതികരിക്കുന്നത്. ജനങ്ങൾക്ക് പ്രതികരണശേഷി ഇല്ലാതായിക്കൊണ്ടിരിക്കുന്നു.

**എറണാകുളംപോലെ ജനസാന്ദ്രത കൂടിയ ഒരു സ്ഥലത്ത് ബയോ-മാലിന്യങ്ങൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇവയൊക്കെ വേർതിരിച്ചുതന്നെയാണു വീടുകളിൽനിന്നും ഫ്ളാറ്റുകളിൽനിന്നുമൊക്കെ ശേഖരിക്കുന്നത് എന്ന് അവിടെ താമസിക്കുന്നവർ പറയുന്നു. അങ്ങനെയെങ്കിൽ അവ മാലിന്യ**

**പ്ലാന്റിൽ എത്തുമ്പോൾ കൂടിക്കലരുന്നതെങ്ങനെയാകാം? കൈകാര്യം ചെയ്യുന്നവരുടെ കെടുകാര്യസ്ഥതയാണോ?**

ഓരോ ദിവസവും ശേഖരിക്കുന്ന മാലിന്യം അപ്പപ്പോൾ സംസ്കരിക്കാൻ വേണ്ട സംവിധാനങ്ങളൊന്നും നമ്മുടെ മാലിന്യസംസ്കരണപ്ലാന്റുകളിൽ ഇല്ലാത്തതാണ് അതിന്റെ മുഖ്യ കാരണം. ഈ മാലിന്യങ്ങൾ എങ്ങനെ ശേഖരിച്ചാലും അവ കൊണ്ടുവന്നു കൂട്ടിയിടുകയാണു പതിവ്. വർഷങ്ങളോളം അതവിടെ ചിലപ്പോൾ കിടക്കും. തമിഴ്നാട്ടിലൊക്കെ അതു പെട്ടെന്നുതന്നെ സംസ്കരിക്കുവാനുള്ള സംവിധാനങ്ങളുണ്ട്. ആവശ്യമുള്ള മെഷീനറിയുടെ അഭാവവും ശരിയായ ഇംപ്ലിമെന്റേഷൻ ഇല്ലാത്തതുമാണ് ഈ പ്രശ്നങ്ങളുടെയൊക്കെ കാരണം.

**ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ബ്രഹ്മപുരം മാലിന്യപ്ലാന്റിലെ തീപിടിത്തം പോലെയുള്ള പാരിസ്ഥിതികപ്രശ്നങ്ങളെ അഭിമുഖീകരിക്കാനും പരിഹാരം കണ്ടെത്താനും അങ്ങേയ്ക്ക് എന്തെല്ലാം നിർദേശങ്ങളാണു നൽകാനുള്ളത്?**

ലോകമെമ്പാടും നേരിടുന്ന പ്രശ്നമാണ് മാലിന്യം. അതിനെ വേണ്ടവിധം കൈകാര്യം ചെയ്യുന്ന സംവിധാനങ്ങളെ വേണ്ടവിധം പഠിച്ചിട്ട് വേണം മാലിന്യത്തെ കൈകാര്യം ചെയ്യാൻ. വിദേശരാജ്യങ്ങളിൽ മാത്രമല്ല ഇന്ത്യയിൽത്തന്നെ പല സ്ഥലങ്ങളിലും ഫലപ്രദമായ രീതിയിൽ മാലിന്യസംസ്കരണം നടക്കുന്നുണ്ട്. അവയൊക്കെ നിരീക്ഷിച്ച് നമുക്കു ഫലപ്രദമായ മാതൃക ഏതെന്നു കണ്ടെത്തി അത് ഉപയോഗിക്കുക.

**ഇത്തരം പരിസ്ഥിതിസംബന്ധമായ സിനിമകൾക്ക് നമ്മുടെ ചലച്ചിത്ര അക്കാദമി എന്തെങ്കിലും പ്രോത്സാഹനം നൽകുന്നുണ്ടോ? സാമ്പത്തികവും സാങ്കേതികവുമായ എന്തെങ്കിലും സഹായം ലഭിക്കുന്നുണ്ടോ?**

അങ്ങനെ പറയത്തക്ക പിന്തുണയൊന്നും ലഭിക്കാറില്ല. ഇത്തരം ആർട്ടിസ്റ്റ് സിനിമകൾക്ക് സബ്സിഡി നൽകാത്ത അപൂർവ്വം ചില സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ചലച്ചിത്രമേളകളിലോ ദേശീയ, അന്തർദേശീയ തലങ്ങളിലോ ഒക്കെ അവാർഡുകൾ ലഭിച്ചാൽ ഉന്നതസ്ഥാനങ്ങളിലിരിക്കുന്നവർ വിളിച്ച് അഭിനന്ദനം അറിയിക്കുമെന്നല്ലാതെ ആ സിനിമകളുടെയൊക്കെ തിയേറ്റർ റിലീസിനോ മറ്റോ വേണ്ട സഹായങ്ങളൊന്നും നൽകാറില്ല. തമിഴ്നാടു

പോലുള്ള സംസ്ഥാനങ്ങളിലൊക്കെ മുപ്പതും നാല്പതും ലക്ഷം വരെ സബ്സിഡി ഇത്തരം സിനിമകൾക്കു സർക്കാർ നൽകാറുണ്ട്. എന്നാൽ കേരളത്തിൽ കൊമേഴ്ഷ്യൽ സിനിമകൾക്കാണു കൂടുതൽ പിന്തുണ എന്ന താണു യാഥാർഥ്യം.

**അങ്ങയുടെ തിരക്കഥകളുടെ ഒരു സമാഹാരം പുസ്തകരൂപത്തിൽ പ്രസി ദ്ധീകരിച്ചതിന്റെ ആമുഖത്തിൽ അവാർഡുകൾ നേടിയ സാഹിത്യകൃതി കളെയും സിനിമകളെയും താരതമ്യപ്പെടുത്തി ഒരു പ്രസ്താവന കണ്ടി രുന്നു. അതായത് സാഹിത്യകൃതികൾക്ക് അവാർഡു ലഭിക്കുമ്പോൾ ആ കൃതിക്കു കൂടുതൽ പ്രചാരം ലഭിക്കുകയും കൂടുതൽപേർ വായിക്കുകയും ചെയ്യുന്നു. എന്നാൽ സിനിമയുടെ കാര്യത്തിൽ നേരെ മറിച്ചാണു സംഭ വിക്കുന്നത്. സമാന്തരസിനിമകൾ നേരിടേണ്ടിവരുന്ന ഈ പ്രശ്നത്തിന് ഇപ്പോൾ എന്തെങ്കിലും മാറ്റം സംഭവിച്ചിട്ടുണ്ടോ? ഓസ്കാർ അവാർഡും മറ്റും നേടിയ സിനിമകൾക്കു കാഴ്ചക്കാർ ഏറെയുണ്ടല്ലോ. എന്താണ് അങ്ങയ്ക്ക് ഇക്കാര്യത്തിൽ കൂടുതൽ പറയാനുള്ളത്?**

സിനിമ ഒരു എന്റർറ്റെയ്ൻമെന്റ് മാധ്യമം മാത്രമാണെന്ന ജനങ്ങളുടെ കാഴ്ച പ്പാടാണ് ഇവിടെയും പ്രശ്നം. സിനിമ കാണാനിരുന്നാൽ സന്തോഷത്തിന ല്ലാതെ മറ്റൊരു ചിന്തയ്ക്കും സ്ഥാനമുണ്ടാകരുതെന്ന് ആളുകൾ കരുതു ന്നു. ആ ഒരു കൾച്ചറിനു മാറ്റമുണ്ടാക്കാൻ ഞങ്ങൾ ശ്രമിക്കാറുണ്ടെങ്കിലും അതെളുപ്പമല്ല.

**സിനിമയെക്കുറിച്ചുള്ള നിലവിലെ അക്കാദമിക് പഠനരീതിയിൽ മാറ്റ ങ്ങൾ കൊണ്ടുവരേണ്ടതുണ്ടോ?**

ഒരിക്കൽ ഹയർ എഡ്യൂക്കേഷൻ തലത്തിലുള്ള അധ്യാപകർക്ക് ഒരു പരി ശീലനക്ലാസ് എടുക്കാൻ പോയിരുന്നു. അപ്പോൾ അവരും ഇതിനെക്കുറിച്ചുള്ള കൺസേൺസ് പങ്കുവയ്ക്കുകയുണ്ടായി. അവരുടെ അഭിപ്രായവും നിലവിലെ സിലബസ് കുട്ടികൾക്ക് ഉപകാരപ്പെടുന്ന തരത്തിലുള്ളതല്ല എന്നാണ്. എനിക്കു തോന്നുന്നു, ഇതിനെക്കുറിച്ചൊന്നും യാതൊരു ധാരണയുമില്ലാത്ത ആളുകളാണ് ഈ സിലബസ് തയ്യാറാക്കുന്നത്. അവർ എക്സ്പേർട്ടുകളോ ടൊന്നും ഇതിനെക്കുറിച്ചു സംസാരിക്കാറില്ലായിരിക്കാം. സിനിമ സിലബ സ്സിൽ ഉൾപ്പെടുത്തുമ്പോൾ സിനിമയുമായി ബന്ധപ്പെട്ട ആളുകളുമായി ഡിസ്കഷൻസ് നടത്തുകയും അതിനനുസരിച്ച് പോർഷൻസ് വയ്ക്കുകയും

ചെയ്താൽ ഈ പ്രശ്നം പരിഹരിക്കപ്പെടും. പക്ഷേ ഇപ്പോൾ അവർ എങ്ങനെയാണ് ചെയ്യുന്നതെന്ന് അറിയില്ല.

**നിലവിലെ സിനിമാനിരൂപണസംസ്കാരത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?**

പണ്ടൊക്കെ ഫിലിം റിവ്യു എന്നൊക്കെ പറയുമ്പോൾ പ്രഗല്ഭരായ നിരൂപകന്മാർ നടത്തുന്ന ആധികാരികമായ നിരൂപണങ്ങളായിരുന്നു. സിനിമയുടെ ഓരോ ഫ്രെയിമും അവർ വിശകലനം ചെയ്യുന്നു. വളരെ ബൗദ്ധികാധ്വാനം വേണ്ട മേഖലയാണത്. യഥാർഥത്തിൽ സിനിമ ചെയ്യുന്നവരേക്കാൾ സിനിമയെക്കുറിച്ച് അറിവും കാഴ്ചപ്പാടുമുള്ളവരായിരുന്നു അന്നത്തെ സിനിമാനിരൂപകന്മാർ. അവർക്ക് ലോകസിനിമകളെക്കുറിച്ചും ലോകത്തെമ്പാടുമുള്ള പ്രഗൽഭരായ ചലച്ചിത്രകാരന്മാരെക്കുറിച്ചുമുള്ള അറിവുണ്ടായിരുന്നു. എന്നാൽ ഇന്ന് തിയേറ്ററിൽനിന്നു പുറത്തിറങ്ങി അഭിപ്രായപ്രകടനങ്ങൾ നടത്തുന്നവർ വരെ നിരൂപകരാണ്. സോഷ്യൽ മീഡിയ വഴിയുള്ള നിരൂപണങ്ങളുടെ ഒരു അതിപ്രസരം സിനിമാനിരൂപണരംഗത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

**രാജ്യത്തിന്റെ വ്യാവസായികവളർച്ചയ്ക്കും സാമ്പത്തികപുരോഗതിക്കും പരിസ്ഥിതിവാദികൾ അനാവശ്യമായ തടസ്സം സൃഷ്ടിക്കുന്നു എന്ന ആരോപണത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?**

പരിസ്ഥിതിയെക്കുറിച്ച് കൃത്യമായ കാഴ്ചപ്പാടില്ലാത്തതാണ് അത്തരം ആരോപണങ്ങൾക്കു കാരണം. മറ്റു രാജ്യങ്ങളിലൊക്കെ പരിസ്ഥിതിയെക്കൂടി പരിഗണിച്ചാണ് അവർ വികസനം നടത്തുന്നത്. പക്ഷേ നമുക്ക് വികസനം മാത്രം മതി. മറ്റു രാജ്യങ്ങളിലൊക്കെ പാരിസ്ഥിതികാഘാതപഠനങ്ങൾ നടത്തിയിട്ടാണ് വികസനങ്ങൾ നടത്തുന്നത്. ഇവിടെയൊക്കെ വികസനമൊക്കെ കഴിഞ്ഞ് പേരിനുവേണ്ടി ഒരു പഠനം നടത്തുകയാണു ചെയ്യുന്നത്. വികസനംകൊണ്ട് പരിസ്ഥിതിക്കുണ്ടാകാവുന്ന ആഘാതം എത്രമാത്രം പരിഹരിക്കാം എന്നൊന്നും ആരും ചിന്തിക്കുന്നില്ല. അതുകൊണ്ടുതന്നെ വികസനങ്ങൾക്കു മുമ്പ് കൃത്യമായ പഠനം നടത്തണമെന്നു പറയുന്നവരൊക്കെ വികസനവിരുദ്ധരായി മുദ്രകുത്തപ്പെടുന്നു.

**പരിസ്ഥിതിസ്നേഹികൾ എന്ന പേരിൽ കള്ളനാണയങ്ങളും നമ്മുടെ**

**സാംസ്കാരികമേഖലകളിൽ പ്രവർത്തിക്കുന്നുണ്ടെന്ന ആക്ഷേപം ഉണ്ട്. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?**

അത്തരം കള്ളനാണയങ്ങൾ എല്ലാ മേഖലകളിലും ഉണ്ട്. അവരുടെ പ്രവൃത്തികൾ ആത്മാർത്ഥതയോടുകൂടി പ്രവർത്തിക്കുന്നവരെക്കൂടി ദോഷകരമായി ബാധിക്കുന്നു. അത്തരം ആളുകളെ വിശകലനം ചെയ്തു തിരിച്ചറിയുക മാത്രമാണു വഴി.

## ഗ്രന്ഥസൂചി


| | |
|---|---|
| അച്യുതൻ എം. | 2013, പരിസ്ഥിതിപഠനത്തിന് ഒരാമുഖം, കേരള ശാസ്ത്ര സാഹിത്യപരിഷത്ത്, തൃശ്ശൂർ. |
| ചന്ദ്രശേഖർ എ. | 2016, ഹരിതസിനിമ, ഒലിവ്, കോഴിക്കോട്. |
| ബിജു, ഡോ. | 2014, ഡോ. ബിജുവിന്റെ തിരക്കഥകൾ, ഡി.സി. ബുക്സ്, കോട്ടയം. |
| മധുസൂദനൻ ജി. | 2000, കഥയും പരിസ്ഥിതിയും, കറന്റ് ബുക്സ്, കോട്ടയം 2002, ഹരിതനിരൂപണം, കറന്റ് ബുക്സ്, കോട്ടയം. |
| | 2006, ഭാവുകത്വം 21-ാം നൂറ്റാണ്ടിൽ, കറന്റ് ബുക്സ്, കോട്ടയം |
| | 2015, ഭാവനയുടെ ജലസ്ഥലികൾ, കറന്റ് ബുക്സ്, കോട്ടയം. |
| മാനുവൽ, ജോസ്, കെ. | 2002, സാഹിത്യസിദ്ധാന്തങ്ങൾ: പൗരസ്ത്യവും പാശ്ചാത്യവും, ആത്മ ബുക്സ്, കോഴിക്കോട്. |
| വിജയൻ പിള്ള എം. | 2019, പരിസ്ഥിതിചിന്തകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |
| സ്വാമിനാഥൻ, കെ. | 2019, മലയാളത്തിലെ 15 പരിസ്ഥിതിസിനിമകൾ, ബാഷോ ബുക്സ്, കോഴിക്കോട്. |
| Tuan, Yifu | 1993, Passing Strange and Wonderful: Aesthetics, Nature and Culture, Island Press, Washington |
| Arne Naess | 1989, Ecology, Community and Lifestyle, Cambridge University Press |


## ലേഖനസൂചി


| | |
|---|---|
| വിജയകുമാർ മേനോൻ | ജനുവരി 21, 2005, പ്രകൃതിലാവണ്യദർശനവും പ്രകൃതിദർശനലാവണ്യവും, മലയാളം വാരിക |
| പ്രസന്നകുമാർ, കെ.ബി. | നവംബർ-ഡിസംബർ, 1992, വാക്കിൽ കാടുകൾ ഉലയുന്നു, സാഹിത്യലോകം ദ്വൈമാസിക, കേരള സാഹിത്യ അക്കാദമി, തൃശൂർ |